لا إله إلا الله محمد رسول الله

# സത്യദൂതൻ

വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

**പുസ്തകം 71**
**ലക്കം 3**

മാർച്ച് 2003
അമാൻ 1382
ദുൽഹിജ്ജ - മുഹർറം 1423-1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. എ.

**എഡിറ്റർ**
എ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ് (ചെയർമാൻ)
കെ. വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. സലിം
പി. എം. ബഷീർ അഹ്മദ്

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം. കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



**വരിസംഖ്യ - 100 ക.**
**ഒറ്റപ്രതി - 10 ക**



വിലാസം
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com


## ഉള്ളടക്കം


4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

**ലേഖനം**

7 ***വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ നേട്ടങ്ങൾ***
അതാഉൽ മുനീം റാശിദ്, യു.കെ.

19 ***വാഗ്ദത്ത മസീഹിന്റെ (അ) രൂപലാവണ്യം***
ഡോ. എസ്. എം.

21 **സ്വപ്നങ്ങളും ദർശനങ്ങളും മനശാസ്ത്ര പ്രതിഭാസവും**
ബശീർ അഹ്മദ് ഓർച്ചാർഡ്

26 ***ചേരിതിരിയുന്ന യൂറോപ്പ്***
മിഖായേൽ ഹിൻഡ്‌ലെ

32 ***ഉലമാക്കളെക്കൊണ്ട് എന്തു പ്രയോജനം?***
മൗലവി അബ്ദുർറഹീം, പടന്ന

34 ***ഭൗതിക പ്രപഞ്ചത്തിൽ ആത്മീയലോകത്തിന്റെ സാദൃശ്യം***
മഹ്മൂദ് കൽക്കുളം

**ഖുത്ബ സീരീസ്**

13 ***യുദ്ധങ്ങൾ: മൂന്നാംലോകത്തിന്റെ ദുരന്തം***
ഹസ്റത്ത് ഖലീഫത്തുൽ മസിഹ് - IV

**പംക്തികൾ**

28 ***ജിന്നും ഇൻസും***
എ. പി. കുഞ്ഞാമു

37 **യേശു പ്രവേശിച്ച നരകം**
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**കുറിപ്പുകൾ**

38 **ലോകത്ത് വീണ്ടും ശാക്തിക ചേരികൾ!?**

40 ***മുജാഹിദുകളുടെ ജീസസ് സിൻഡ്രോം***

42 ***വാർത്തകൾ, അനുസ്മരണം***


***മുഖചിത്രം: ബൈത്തുർറഹ്മാൻ പള്ളി, കാനഡ***


Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്

മനുഷ്യർക്ക് ശിക്ഷ വരുന്ന നാളിനെപ്പറ്റി അവർക്ക് മുന്നറിയിപ്പ് നൽകുക. അപ്പോൾ അക്രമം ചെയ്തവർ പറയും: 'ഞങ്ങളുടെ നാഥാ! അടുത്തൊരവധിവരെ ഞങ്ങൾക്ക് അവസരം നൽകേണമേ. ഞങ്ങൾ നിന്റെ വിളിക്കുത്തരം നൽകുകയും ദൂതൻമാരെ പിൻപറ്റുകയും ചെയ്തുകൊള്ളാം.' (അപ്പോൾ അല്ലാഹു ചോദിക്കും) നിങ്ങൾക്ക് ഒരു വീഴ്ച്ചയുണ്ടാകുകയില്ലെന്ന് നിങ്ങൾ മുമ്പ് സത്യം ചെയ്തിരുന്നില്ലേ? (14:45)


## നബിവചനം

ഹസ്റത്ത് ഹുദൈഫ (റ) നിവേദനം ചെയ്യുന്നു: ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണെ സത്യം. നിങ്ങൾ ജനങ്ങളെ നന്മ ചെയ്യാൻ പ്രേരിപ്പിക്കുകയും തിന്മ ചെയ്യുന്നതിൽനിന്ന് അവരെ തടയുകയും ചെയ്യുക. അല്ലാത്തപക്ഷം നിങ്ങളുടെ മേൽ അല്ലാഹുവിൽനിന്ന് ശിക്ഷയിറങ്ങുവാൻ സാധ്യതയുണ്ട്. പിന്നെ വൈകിയവേളയിൽ നിങ്ങൾ താണുകേണപേക്ഷിച്ചാലും അത് സ്വീകരിക്കപ്പെട്ടില്ലെന്ന് വരാം. (തിർമിദി)

**യുഗശബ്ദം**

# കൂറുള്ളവരോടു ദൈവത്തിന്റെ പെരുമാറ്റം

**ഹസ്റത്ത് അഹ്മദ് (അ)**



യാഥാർഥ്യം എന്തെന്നാൽ ദൈവം വളരെ ശക്തിമാനും ഊക്കുള്ളവനും ആകുന്നു. സ്നേഹത്തോടും കൂറോടും കൂടി അവന്റെ മുമ്പിൽ തലകുനിക്കുന്നുവർ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. ശത്രു പറയുന്നു, തന്റെ ആസൂത്രണം വഴി അവരെ നശിപ്പിച്ചുകളയാമെന്ന്! ദുർവിചാരക്കാരൻ വിഭാവനം ചെയ്യുന്നു, തനിക്കവരെ ചതിച്ചുകളയാമെന്ന്! എന്നാൽ ദൈവം പറയുന്നു, അല്ലയോ അവിവേകീ! നീ എന്നോടു പൊരുതുമോ? എന്റെ പ്രിയപ്പെട്ടവനെ എളിമയിലാക്കുവാൻ നിനക്കു കഴിയുമോ? യഥാർഥത്തിൽ സ്വർഗ്ഗത്തിൽവെച്ചു നേരത്തെ എന്തു തീരുമാനിക്കപ്പെട്ടുവോ അതല്ലാതെ ഭൂമിയിൽ ഒന്നും നടക്കുന്നില്ല. ആകാശത്തിൽനിന്നു നീട്ടപ്പെട്ട കൈയോളം ഭൂമിയിൽ ഒരു കൈക്കും നീളം ഉണ്ടാകുകയില്ല. ആകയാൽ, ദ്രോഹകൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നവർ അവിഹിതവും ലജ്ജാകരവുമായ ഗൂഢാലോചനകൾ നടത്തുമ്പോൾ, ആരുടെ ഇച്ഛ കൂടാതെ ഒരിലപോലും കൊഴിയുമാറില്ലയോ ആ മേലായശക്തിയെക്കുറിച്ച് ഓർക്കാതിരിക്കുന്നുവെങ്കിൽ അവർ ബുദ്ധിശൂന്യരാകുന്നു. അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ എപ്പോഴും ലജ്ജിതരും പരാജിതരുമായിത്തന്നെയിരിക്കും. അവരുടെ അകൃത്യങ്ങൾ കാരണം സദ്വൃത്തന്മാർക്ക് യാതൊരു ഉപദ്രവവുമേൽക്കുകയില്ല. മറിച്ച്, അതുമുഖേന ദൈവികമായ ദൃഷ്ടാന്തം വെളിപ്പെടുകയും അല്ലാഹുവിന്റെ സൃഷ്ടികളിൽ ദൈവജ്ഞാനം വർദ്ധിക്കുമാറാകുകയും ചെയ്യുന്നു. സർവ്വശക്തനും പ്രതാപവാനുമായ അല്ലാഹു ബാഹ്യദൃഷ്ടികൾക്ക് ഗോചരീഭവിക്കുന്നില്ലെങ്കിലും അത്ഭുതാവഹങ്ങളായ ദൃഷ്ടാന്തങ്ങളിലൂടെ സ്വയം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്.

(റൂഹാനീ ഖസായിൻ, വാല്യം 13, ഭാ 19, 20. കിതാബുൽ ബരിയ്യ, മുഖദ്ദിമ ഭാ. 1,2)

മുഖക്കുറിപ്പ്

# അതിക്രമകാരികൾക്ക് എത്രനാൾ?

ഔദ്ധത്യത്തോടെ അക്രമവും കുഴപ്പവും അഴിച്ച്‌വിട്ട് പാരിടത്തെ വിറപ്പിച്ച ശക്തന്മാരുടെ വാഴ്ച്ച എത്ര നാൾ? സാധാരണമനുഷ്യർ ആശങ്കയോടെ ഈ ചോദ്യം ചോദിക്കുന്നു. ദൈവം മനുഷ്യനെ തന്റെ പ്രതിനിധിയാക്കാൻ നിശ്ചയിച്ചപ്പോൾ ഈ ശുഭചിന്ത മാലാഖമാരുമായി പങ്കുവെക്കുന്ന ഒരു രംഗം വിശുദ്ധഖുർആൻ വിവരിക്കുന്നുണ്ട്.

"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കുവാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാവട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ (അല്ലാഹു) പറഞ്ഞു. നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്" (2:31)

മനുഷ്യനെ സംബന്ധിച്ച് ഉത്കണ്ഠയോടെ മാലാഖമാർ വിയോജിപ്പ് പ്രകടിപ്പിച്ചെങ്കിലും മാലാഖമാരുടെ അഭിപ്രായത്തെ അവഗണിച്ച് ദൈവം തന്റെ ഇച്ഛ ഭൂമിയിൽ നടപ്പാക്കുകയാണുണ്ടായത്. തന്റെ സൃഷ്ടിയായ മനുഷ്യനിൽ ദൈവം നന്മ കാണുന്നു എന്നതിന് ഏറ്റവും വലിയ തെളിവാണ് അല്ലാഹു മനുഷ്യനെ ദൈവപ്രതിനിധിയാക്കിയതിൽ നമുക്ക് കാണാൻ കഴിയുക. അല്ലാഹുവിന്റെ ഇച്ഛകൾ ഒരിക്കലും പരാജയപ്പെടുകയില്ല. തിന്മയുടെ ശക്തികൾക്ക് യഥേഷ്ടം രഥയാത്രകൾ നടത്താൻ ഭൂമിയെ അങ്ങനെ വിട്ടുകൊടുക്കില്ല എന്നാണ് ഖുർആൻ പറയുന്നത്.

ഖാറൂൻ എന്ന അഹങ്കാരിയും ധനികനും, അറിവുള്ളവനും അക്രമിയുമായ ഒരു യഹൂദിയുടെ കഥ ഖുർആൻ നമുക്ക് പരിചയപ്പെടുത്തുന്നു. "ഖാറൂൻ മൂസായുടെ ജനതയിൽപ്പെട്ടവനായിരുന്നു. പക്ഷേ, അവൻ അവരുടെമേൽ അതിക്രമം പ്രവർത്തിച്ചു. നാം അവന് ധാരാളം ധനനിക്ഷേപങ്ങൾ നൽകിയിരുന്നു. അതിന്റെ താക്കോലുകളുടെ ഭാരം ശക്തമായ ഒരു സംഘം ആളുകളെ ഞെരുക്കുമായിരുന്നു. അവന്റെ ജനം അവനോട് പറഞ്ഞ അവസരം (സ്മരിക്കുക) 'നീ പൊങ്ങച്ചം കാണിക്കരുത്. തീർച്ചയായും പൊങ്ങച്ചം കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല. അല്ലാഹു നിനക്ക് നൽകിയതിൽക്കൂടി പാരത്രിക ഭവനം അന്വേഷിക്കുക. ഐഹിക ജീവിതത്തിൽ നിന്നുള്ള നിന്റെ അംശം നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് ഔദാര്യം നൽകിയിട്ടുള്ളത്പോലെ നീയും (മനുഷ്യർക്ക്) ഔദാര്യം നൽകുക. നാട്ടിൽ കുഴപ്പമുണ്ടാക്കാൻ നീ ശ്രമിക്കരുത്. തീർച്ചയായും അല്ലാഹു കുഴപ്പമുണ്ടാക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല.' അവൻ (ഖാറൂൻ) പറഞ്ഞു: 'എന്റെ പക്കലുള്ള അറിവ് കൊണ്ട് മാത്രമാണ് എനിക്കിത് നൽകപ്പെട്ടിട്ടുള്ളത്.' അവന് മുമ്പ് അവനേക്കാൾ കൂടുതൽ ശക്തരും കൂടുതൽ ധനമുള്ളവരുമായ തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന സംഗതി അവൻ അറിഞ്ഞിട്ടില്ലേ? കുറ്റവാളികൾ (അവർ ശിക്ഷിക്കപ്പെടുമ്പോൾ) അവരുടെ പാപങ്ങളെക്കുറിച്ച് (വിശദീകരണം) ചോദിക്കപ്പെടുകയില്ല. അങ്ങനെ അവൻ തന്റെ ആർഭാടത്തോടുകൂടി തന്റെ ജനത്തിന് മുമ്പാകെ പുറപ്പെട്ടു. ഐഹികജീവിതത്തെ ആഗ്രഹിക്കുന്നവർ പറഞ്ഞു: 'ഖാറൂന് ലഭിച്ചതുപോലുള്ളത് ഞങ്ങൾക്കും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനെ അവൻ വലിയ ഭാഗ്യവാൻ തന്നെ.' ജ്ഞാനം നൽകപ്പെട്ടവർ പറഞ്ഞു: 'നിങ്ങളുടെ കാര്യം പരിതാപകരം. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്തവർക്ക് അല്ലാഹുവിന്റെ പ്രതിഫലം ഏറ്റവും ഉത്തമമാകുന്നു. സഹനശീലർക്കല്ലാതെ അത് നൽകപ്പെടുകയില്ല. എന്നിട്ട് നാം അവനെയും അവന്റെ വസതികളെയും ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ, അല്ലാഹുവിന് പുറമെ അവനെ സഹായിക്കുന്ന ഒരു സംഘവുമുണ്ടായില്ല. അവൻ സ്വയം രക്ഷ പ്രാപിച്ചവരിൽപ്പെട്ടവനായതുമില്ല" (അൽ ഖസസ്, 77-82)

ഖുർആൻ വീണ്ടും പറയുന്നു: "മനുഷ്യരെ ദ്രോഹിക്കുകയും നാട്ടിൽ അന്യായമായി അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ മാത്രമേ കുറ്റാരോപണത്തിന് മാർഗ്ഗമുള്ളൂ. അവർക്കാണ് വേദനാജനകമായ ശിക്ഷയുള്ളത്' (42:43). ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്ന ശക്തികൾ നശിച്ചുപോയതിന്റെ ചരിത്രം ഖുർആൻ പറയുന്നതു നോക്കുക: "എന്നാൽ ആദ് (സമുദായം) ആകട്ടെ അവർ ഭൂമിയിൽ അന്യായമായി അഹ

ങ്കരിച്ചു. അവർ പറഞ്ഞു: 'ശക്തിയിൽ ഞങ്ങളെക്കാൾ മികച്ചവർ ആരുണ്ട്?' അവരെ സൃഷ്ടിച്ച അല്ലാഹു ശക്തിയിൽ അവരെക്കാൾ മികച്ചവനാണെന്ന് അവർ കാണുന്നില്ലേ? അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ മന ഃപൂർവ്വം നിഷേധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനാൽ, ഐഹിക ജീവിതത്തിൽ അപമാനകരമായ ശിക്ഷ അവരെ ആസ്വദിപ്പിക്കുന്നതിനുവേണ്ടി ചില ദുർദിനങ്ങളിൽ ഒരു കൊടുങ്കാറ്റ് നാം അവരുടെ മേൽ അയച്ചു" (41:16,17).

"വിശാലമായ പട്ടാള ക്യാമ്പുകളുടെ ഉടമസ്ഥനായ ഫിർഔനോടും (നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ?) ആ നാടുകളിൽ അതിക്രമം പ്രവർത്തിച്ചിരുന്നവരായിരുന്നു അവർ. അങ്ങനെ അവരവിടെ വളരെയധികം നാശങ്ങൾ വരുത്തിവച്ചിരുന്നു" (89:11-14).

എന്തുകൊണ്ട് നാശകാരികൾക്കെതിരെ ഒരു വിധിയുണ്ടാകുന്നില്ല എന്ന് ചിലർ ധൃതിപ്പെടുന്നു. അവർ ചരിത്രമറിയാത്തവരും ചരിത്രം പഠിക്കാത്തവരുമാണെന്നാണ് ഖുർആൻ പറയുന്നത്.

"ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? ഇവർക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് കാണാമായിരുന്നു. അവർ ഇവരെക്കാൾ കൂടുതൽ ശക്തന്മാരായിരുന്നുവല്ലോ. ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള ഒരു വസ്തുവിനും അല്ലാഹുവിനെ (അവന്റെ പദ്ധതിയെ) പരാജയപ്പെടുത്തുവാൻ സാധിക്കുകയില്ലതന്നെ. നിശ്ചയമായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമത്രെ. മനുഷ്യൻ പ്രവർത്തിച്ച തിന്മകൾക്ക് പകരം അല്ലാഹു അവരെ ശിക്ഷിക്കുകയായിരുന്നുവെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയെയും അവൻ ബാക്കിവെക്കുമായിരുന്നില്ല. പക്ഷേ, ഒരു നിശ്ചിത ഊഴംവരെ അവർക്കവൻ സാവകാശം നൽകുന്നതാണ്. അങ്ങനെ അവരുടെ ഊഴം വന്നുകഴിഞ്ഞാൽ (അപ്പോൾ അവരറിയും) അല്ലാഹു തന്റെ ദാസരെ നല്ലപോലെ നോക്കിക്കാണുന്നവനാണ്" (35:45,46).

ലോകം ശാന്തിയുടെയും സത്യത്തിന്റെയും സൂര്യോദയം കാണാതിരിക്കില്ല. കാരണം മനുഷ്യന്റെ നന്മകൾക്ക് മാത്രമാണ് ചിരസ്ഥായിത്വമുള്ളത്. അതിനുമുമ്പിൽ അസത്യത്തിനും തിന്മകൾക്കും സ്ഥാനമില്ല. ഖുർആൻ പറയുന്നു: "പറയുക: 'സത്യം വന്നു അസത്യം അപ്രത്യക്ഷമായി; അസത്യം അപ്രത്യക്ഷമാകുന്നത് തന്നെയാണ്"(17:82).

# ഡോ. ബി. മൻസൂർ അഹ്മദ് സാഹിബ്

സത്യദൂതന്റെ പബ്ലിഷറും അഹ്മദിയ്യാ ജമാഅത്തിന്റെ മുൻ സംസ്ഥാന അമീറുമായിരുന്ന ഡോ. ബി. മൻസൂർ അഹ്മദ് സാഹിബിന്റെ വിയോഗത്തിൽ സത്യദൂതനുള്ള അഗാധമായ ദുഃഖവും വേദനയും രേഖപ്പെടുത്തുന്നു. (ഇന്നാലില്ലാ.....) അദ്ദേഹത്തിന്റെ കുടുംബത്തിനും ജമാഅത്തിനും സംഭവിച്ച അപരിഹാര്യമായ ഈ നഷ്ടം അല്ലാഹു എളുപ്പത്തിൽ നികത്തിത്തരട്ടെ(ആമീൻ). കേരളാ അമീറായിരുന്ന അമീറലി സാഹിബിന്റെ വിയോഗത്തെത്തുടർന്ന് 1998ലാണ് ഡോ. മൻസൂർ സാഹിബ് സത്യദൂതന്റെ പബ്ലിഷറായി ചാർജ്ജെടുത്തത്. സത്യദൂതന് വേണ്ടി അദ്ദേഹം അനുഭവിച്ച ത്യാഗങ്ങളും ബുദ്ധിമുട്ടുകളും നന്ദിപൂർവ്വം സ്മരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകട്ടെ.

സമകാലീന കേരളത്തിൽ അഹ്മദിയ്യത്തിന്റെ വിജയശിൽപ്പികളിലൊരാൾ എന്ന നിലയ്ക്ക് അദ്ദേഹം വിലയിരുത്തപ്പെടാതിരിക്കില്ല. അഹ്മദിയ്യത്തിന്റെ പ്രചാരണത്തിനും പുതിയ ജമാഅത്തുകൾ സ്ഥാപിക്കുന്നതിനും പുതിയ പള്ളികൾ സ്ഥാപിക്കുന്നതിനും അദ്ദേഹം അമീറായിരുന്നപ്പോൾ കാണിച്ച ഉത്സാഹം ജമാഅത്തിന് തീർച്ചയായും ഒരു മുതൽക്കൂട്ടാണ്. ആതുരസേവനരംഗത്തെ ദന്തഗോപുര വാസിയായി കഴിയാതെ ജമാഅത്തിനുവേണ്ടി നാടിന്റെ മുക്കിലും മൂലയിലും അദ്ദേഹം ഓടിയെത്തി എതിർപ്പുകളും ജനവിദ്വേഷവും ഏറ്റുവാങ്ങി. ജമാഅത്തിന്റെ ആകുലതകളും ആശങ്കകളും അദ്ദേഹത്തിന്റേത് കൂടിയായിരുന്നു. അഹ്മദിയ്യത്തിന്റെ ചൈതന്യം ത്രസിച്ചുനിന്ന ഡോക്ടറുടെ സ്റ്റെതസ്ക്കോപ്പുപോലും അഹ്മദിയായിരുന്നു. പിഞ്ചുകുഞ്ഞിനെപ്പോലെ നിഷ്ക്കളങ്കവും ഹൃദ്യവുമായി പെരുമാറുന്ന ഡോക്ടർ സാഹിബ് ജമാഅത്തിലെ ഓരോ വ്യക്തിയുടെയും ആത്മമിത്രമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം അവർക്കെല്ലാവർക്കും വ്യക്തിപരമായ നഷ്ടം കൂടിയാണ്. വിഷമിക്കുന്നവരുടെയും ബുദ്ധിമുട്ടുന്നവരുടെയും ജീവിതപ്രശ്നങ്ങളിൽപ്പെട്ട് ഉലഞ്ഞുപോയവരുടെയും ദുഃഖഭാരങ്ങൾ ഏറ്റെടുക്കുവാനും അവരെ സാന്ത്വനിപ്പിക്കാനും ഇരുകൈകളും നീട്ടി കാത്തിരുന്ന ആ മനുഷ്യസ്നേഹിയുടെ വിയോഗനഷ്ടം അതിശയോക്തിയെക്കാൾ കവിഞ്ഞുനിൽക്കുന്ന

*ശേഷം പേജ് 25ൽ*

# വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ നേട്ടങ്ങൾ

അതാഉൽ മുനിം റാശിദ് യു.കെ.

**ഹസ്റത്ത് അഹ്മദ് (അ)ന് പ്രഭാവശാലിയായ ഒരു പുത്രനെ സംബന്ധിച്ച് ദൈവത്തിൽനിന്ന് ഒരു സുവിശേഷം ലഭിച്ചു. ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ജീവിതം അക്ഷരത്തിലും അർത്ഥത്തിലും ആ സുവിശേഷത്തിന്റെ ഉജ്ജ്വലമായ സാക്ഷാത്ക്കാരമായിരുന്നു**



*വാഗ്ദത്ത പരിഷ്കർത്താവ് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ അഹ്മദ് (റ)*

നിന്റെ അപേക്ഷ പ്രകാരം എന്റെ കാരുണ്യത്തിന്റെ ഒരടയാളം നിനക്ക് നൽകുന്നു. എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകളെ സ്വീകാര്യതയാൽ ബഹുമാനിക്കുകയും നിന്റെ ഈ യാത്രയെ അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. കാരുണ്യത്തിന്റെയും ശക്തിയുടെയും എന്നോടുള്ള സാമീപ്യത്തിന്റെയും അടയാളം നിനക്ക് നൽകിയിരിക്കുന്നു. നീ വിജയത്തിന്റെ താക്കോലാണ്. അല്ലയോ വിജയശ്രീലാളിതനായവനേ, നിനക്ക് സമാധാനം മരണത്തിന്റെ പിടിയിൽ നിന്ന് ജീവൻ നൽകി രക്ഷിക്കപ്പെടാൻ. അങ്ങനെയാണ് ദൈവം സംസാരിക്കുന്നത്. കബറുകളിൽ അടക്കപ്പെട്ടവരെ അവയിൽ നിന്ന് എഴുന്നേൽപ്പിക്കപ്പെടുന്നു. അങ്ങനെ ഇസ്ലാമിന്റെ ഔന്നത്യവും ദൈവ വചനത്തിന്റെ മഹത്വവും പ്രകടമാകാൻ വേണ്ടിയാണത്. അങ്ങനെ സത്യം അതിന്റെ എല്ലാ അനുഗ്രഹങ്ങളോടും വ്യാജം അതിന്റെ ദോഷങ്ങളോടും കൂടി പ്രകടമാകട്ടെ. അങ്ങനെ ഞാൻ സർവ്വശക്തനായ നാഥനാണെന്ന് ജനങ്ങൾ അറിയട്ടെ. അങ്ങനെ ദൈവത്തിൽ വിശ്വസിക്കാതിരിക്കുകയും അവന്റെ മതത്തെയും ഗ്രന്ഥത്തെയും വിശുദ്ധപ്രവാചകനായ മുഹമ്മദ് നബി (സ)യെയും നിഷേധിക്കുകയും ചെയ്യുന്നവർക്ക് വ്യക്തമായ ഒരടയാളമായിത്തീരുന്നതിനും കുറ്റവാളികളായ ജനങ്ങളുടെ വഴി വ്യക്തമാക്കാനും വേണ്ടിതന്നെ.

അതിനാൽ ആഹ്ലാദിക്കൂ, വിശുദ്ധനും സുന്ദരനുമായ ഒരാൺകുട്ടി നിനക്ക് നൽകപ്പെടും. ബുദ്ധിമാനായ അവൻ നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതികളിൽ നിന്നുമായിരിക്കും. പരിശുദ്ധനും സുന്ദരനുമായ ഒരാൺകുട്ടി അതിഥിയായി വരും. അവന്റെപേര് ഇമ്മാനുവേൽ എന്നും ബശീർ എന്നുമായിരിക്കും. അവനിൽ പരിശുദ്ധാത്മാവ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. എല്ലാ അശുദ്ധിയിൽ നിന്നും അവൻ നിർമ്മുക്തനായിരിക്കും. അവൻ അല്ലാഹുവിന്റെ പ്രകാശമായിരിക്കും. സ്വർഗ്ഗത്തിൽനിന്നു വരുന്നവൻ അനുഗൃഹീതനാണ്. അവൻ പ്രഭാവശാലിയും മഹത്വവാനും ഐശ്വര്യവാനുമായിരിക്കും. അവൻ ഈ ലോകത്ത് വരുകയും തന്റെ മസീഹി ഗുണങ്ങൾ കൊണ്ടും പരിശുദ്ധാത്മാവിന്റെ അനുഗ്രഹങ്ങൾകൊണ്ടും അനേകരുടെ രോഗം സുഖപ്പെടുത്തുകയും ചെയ്യും.

അവൻ ദൈവത്തിന്റെ വചനമാണ്. എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യവും ബഹുമതിയും അവനെ പ്രൗഢമായ വചനംകൊണ്ട് സജ്ജമാക്കിയിട്ടുണ്ടാകും. അവൻ അതീവബുദ്ധിമാനും കാര്യങ്ങൾ ഗ്രഹിക്കുന്നവനും വിനയശാലിയുമായിരിക്കും. മതേതരവും ആത്മീയവുമായ ജ്ഞാനങ്ങളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. അത് അനുഗൃഹീതമായ ഒരു തിങ്കളാഴ്ചയായിരിക്കും. ഹൃദയത്തിന് കുളിർമയേകുന്ന മഹത്വവാനായ ഉന്നത പദവിയുള്ള പുത്രൻ. ആദ്യനും അന്തിമനുമായവന്റെ പ്രകടനം. സത്യവാനും ഉന്നതനുമായവന്റെ പ്രകടനം. അല്ലാഹു തന്നെ ആകാശത്ത് നിന്നിറങ്ങി വന്നപോലെ. അവന്റെ ആഗമനം അതീവ

അനുഗ്രഹമായിരിക്കും. ദൈവിക പ്രൗഢിയുടെ പ്രകടനമായിരിക്കും; കണ്ടുകൊൾക, ഒരു പ്രകാശം വരുന്നു, ദൈവം തന്റെ തൃപ്തിയുടെ പരിമളം പൂശിയ പ്രകാശം. ദൈവം തന്റെ തേജസ്സ് അവനിൽ ചൊരിയും അവൻ ദൈവത്തിന്റെ തണലിൽ സംരക്ഷിക്കപ്പെടും. അവൻ വളരെ വേഗം വളരുകയും അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്യും. അവന്റെ കീർത്തി ഭൂമിയുടെ അറ്റങ്ങളോളം വ്യാപിക്കും. ജനങ്ങൾ അവനാൽ അനുഗ്രഹിക്കപ്പെടും. ഇത് വിധിക്കപ്പെട്ട കാര്യമാണ്.

(ഹരിത വിജ്ഞാപനം ഫെബ്രുവരി 20, 1886)

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ വിശുദ്ധ സ്ഥാപകനും വാഗ്ദത്ത മസീഹുമായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദി (അ)ന്ന് നൽകപ്പെട്ട മഹത്തായ പ്രവചനമായിരുന്നു ഈ വെളിപാട്. ദൈവാരാധനയിലും പ്രാർത്ഥനയിലും നിരതനായിക്കൊണ്ട് ആ മഹാത്മാവ് നാൽപ്പത് ദിവസം ധ്യാനമനുഷ്ഠിക്കുകയുണ്ടായി. നാൽപ്പത് ദിവസം പൂർത്തിയായ ദിവസം 1886 ഫെബ്രുവരി 20-ാംനു തന്റെ ഭജനകാലത്ത് പരോക്ഷമായ പല കാര്യങ്ങളും തനിക്ക് വെളിപ്പെട്ടതായി ആ മഹാത്മാവ് പ്രഖ്യാപിച്ചു. അവയിൽ മേൽ കൊടുത്ത പ്രവചനം ആ മഹാത്മാവിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതാണ്. വാഗ്ദത്ത മസീഹി(അ)ന്റെ രണ്ടാം ഖലീഫയായിരുന്ന ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി (റ) ന്റെ വ്യക്തിത്വം സ്തുത്യർഹമായിരുന്നു. അദ്ദേഹം വാഗ്ദത്ത പരിഷ്കർത്താവും മഹത്തായ മേൽവചനങ്ങളുടെ സാക്ഷാത്ക്കാരവുമായിരുന്നു. പ്രവചനത്തിൽ പറഞ്ഞ ശ്രേഷ്ഠ ഗുണങ്ങളോടെ ജീവിക്കുകയെന്നത് തന്നെ ഒരു സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം അചിന്ത്യമാണ്. എന്നാൽ വാഗ്ദത്ത പരിഷ്ക്കർത്താവ് തന്റെ ഉത്തരവാദിത്തങ്ങൾ വളരെ പ്രഗത്ഭമായി നിർവ്വഹിക്കേണ്ടിയിരുന്നു. സർവ്വശക്തനായ അല്ലാഹുവിന്റെ വിധിയായിരുന്നു അത്. 52 വർഷം നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഖിലാഫത്ത് ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും ചരിത്രത്തിലെ സുവർണ്ണ കാലമായിരുന്നു. ഇന്നോളം അഭിമാനപൂർവ്വം സ്മരിക്കപ്പെടുന്ന ഒന്നാണത്. അതെന്നെന്നും സ്മരിക്കപ്പെടുകയും ചെയ്യും. ഈ ലേഖനത്തിൽ അദ്ദേഹത്തിന്റെ ജീവിതകാലത്തെ സുപ്രധാനമായ സംഭവങ്ങൾ സംക്ഷിപ്തമായി വിവരിക്കുന്നു; പ്രത്യേകിച്ചും അഹ്മദിയ്യത്തിന്റെ പുരോഗതിയെ സംബന്ധിക്കുന്നത്.

യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ നേട്ടങ്ങൾ ഖിലാഫത്തിന്റെ ഏതാനും വർഷങ്ങൾക്ക് മുമ്പ് തന്നെ ആരംഭിക്കുന്നു. 17 വയസ്സ് പ്രായമുള്ളപ്പോൾ അദ്ദേഹം 'തശീസുൽ അസ്ഹാൻ' എന്നപേരിൽ ഒരു കമ്മിറ്റി രൂപവത്കരിച്ചു. ആ കമ്മിറ്റിയാണ് പിന്നീട് ആ പേരിൽത്തന്നെ ഒരു മാസിക പ്രസിദ്ധീകരിച്ചത്. ഇത് മുഖേന അല്ലാഹു അദ്ദേഹത്തിന് നൽകിയ മഹത്തായ ബുദ്ധിശക്തിയും കഴിവും പ്രകടമാകുന്നുവെന്ന് മാത്രമല്ല, ഈ പ്രസിദ്ധീകരണം ആരംഭിക്കുകവഴി അദ്ദേഹം കാണിച്ചുതന്ന സന്മാർഗ്ഗം മുഖേന നിരവധി കുട്ടികൾ അത് ആസ്വദിക്കുകയും ഇന്നും അതിൽ നിന്നു പ്രയോജനമുൾക്കൊള്ളുകയും ചെയ്യുന്നു. ആ മാസികയുടെ പ്രഥമ പത്രാധിപർ മുസ്‌ലിഹ് മൗഊദ് (റ) തന്നെയായിരുന്നു. 1913ൽ അദ്ദേഹം 'അൽഫസ്ൽ' ദിനപ്പത്രം ആരംഭിച്ചു. അതാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ജിഹ്വ. യുവത്വത്തിൽത്തന്നെ അഹ്മദിയ്യത്തിന് വേണ്ടി അദ്ദേഹം ആത്മാർപ്പണം ചെയ്തിരുന്നുവെന്നതിന്റെ രണ്ടുദാഹരണങ്ങളാണ് മേൽ കാണിച്ചത്. 1908ൽ 19 വയസ്സുള്ളപ്പോൾ അദ്ദേഹം അതുല്യമായ ഒരു ദൃഢപ്രതിജ്ഞ ചെയ്യുകയുണ്ടായി. തന്റെ വിശുദ്ധ പിതാവായ വാഗ്ദത്ത മസീഹ് (അ) ചരമം പ്രാപിച്ച വർഷമായിരുന്നു അത്. വാഗ്ദത്ത മസീതിന്റെ (അ) മൃതശരീരത്തിനടുത്തു നിന്നുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രതിജ്ഞ ചെയ്തു. "ആരുതന്നെ വാഗ്ദത്തമസീഹിനെ (അ) വിട്ടുപിരിഞ്ഞാലും ഞാൻ ഏകനായിക്കൊണ്ട് ആ മഹാത്മാവിന്റെ ദൗത്യപ്രചാരണത്തിന് തീവ്രയത്നം നടത്തുന്നതാണ്."

എത്രമാത്രം സത്യസന്ധതയോടെയാണ് അദ്ദേഹം ആ പ്രതിജ്ഞ നിറവേറ്റിയത് എന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ദുഃഖകരമായ ഒരു സന്ദർഭത്തിൽ വികാരാധീനനായി ചെയ്ത ഒരു പ്രതിജ്ഞയായിരുന്നില്ല അത്. അത് തികച്ചും ആത്മാർത്ഥത നിറഞ്ഞതായിരുന്നു. 1914ൽ 25 വയസ്സുള്ളപ്പോൾ അദ്ദേഹം വാഗ്ദത്ത മസീഹി(അ)ന്റെ രണ്ടാംഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ആ യുവത്വത്തിൽ അദ്ദേഹത്തിന്റെ കഴിവിലും പക്വതയിലും സംശയം പ്രകടിപ്പിച്ച നിരവധി വ്യക്തികളുണ്ടായിരുന്നു. ജമാഅത്തിലെ ഒരു ചെറിയ വിഭാഗം അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്ത് ചെയ്യാൻ പോലും സന്ദേഹം പ്രകടിപ്പിച്ചു. അവർ സ്വയം ലാഹോരി അഹ്മദി ഗ്രൂപ്പ് ഉണ്ടാക്കി. തന്റെ വാഗ്ദത്ത പുത്രൻ വളരെവേഗം വളരുമെന്ന് അല്ലാഹു വാഗ്ദത്ത മസീഹി (അ) ന്ന് ഉറപ്പുനൽകിയിരുന്നു. ദൈവകൽപ്പന പ്രകാരം ഖിലാഫത്തിന്റെ വരാനിരിക്കുന്ന വർഷങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് ഊർജ്ജസ്വലമായ ഒരു ശക്തിയായിത്തീർന്നു. അത് സംഘടിതമാവുകയും മുമ്പില്ലാത്ത വിധം ലോകത്തിന്റെ നാനാ ഭാഗങ്ങളിലും ത്വരിതഗതിയിൽ വികസിക്കുകയും ചെയ്തു.

മുസ്‌ലിഹ് മൗഊദ് (റ) ഇതിൽ പ്രധാന പങ്ക് വഹിച്ചു. മറ്റെല്ലാറ്റിനെയുംപോലെ ത്തന്നെ സംഘടന എന്നത് വിജയത്തിന്റെ മുൻ ഉപാധിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ കാര്യത്തിൽ ഇത് കുറെകൂടി പ്രസക്തമായിരുന്നു. എന്തെന്നാൽ അത് ലോകം മുഴുവൻ വ്യാപിക്കുമെന്നത് ദൈവിക വാഗ്ദാനമായിരുന്നു. മുസ്‌ലിഹ് മൗഊദ് (റ) ഇത് നല്ലപോലെ ഗ്രഹിച്ചിരുന്നതിനാൽ അതിനനുസൃതമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. അതിനാൽ ഇന്ന് ജമാഅത്ത് അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇസ്ലാംമത സന്ദേശ പ്രചാരണം മർമ്മപ്രധാനമായിരുന്നു. അതിനാൽ ഖലീഫയായി ഒരു മാസം കഴി

ഞ്ഞപ്പോൾത്തന്നെ 1914 ഏപ്രിൽ മാസത്തിൽ അദ്ദേഹം 'മജ്ലിസ് ശുറ' എന്ന പേരിലൽ ഒരു കൂടിയാലോചനാ സമിതി രൂപവത്ക്കരിച്ചു. ഇതിന്റെ പ്രധാന ഉദ്ദേശ്യം, ഇസ്‌ലാം മതസന്ദേശ പ്രചാരണത്തെക്കുറിച്ച് പര്യാലലോചിക്കുക എന്നതായിരുന്നു. 1922 ആകുമ്പോഴേക്ക് മജ്ലിസ് ശൂറാ ജമാഅത്തിൽ ഒരു സ്ഥിരം വ്യവസ്ഥയായി. വർഷം തോറും യോഗം ചേർന്നു. ജമാഅത്തിന്റെ മുഖ്യമായ നയപരമായ കാര്യങ്ങളിൽ പര്യാലോചന നടത്തേണ്ട ഘട്ടത്തിലും മജ്ലിസ് ശൂറ യോഗം ചേർന്നു. വിശുദ്ധ ഖുർആനിൽ സൂചിപ്പിക്കപ്പെട്ട ഈ ആശയം മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത, അഹ്മദിയ്യാ ജമാഅത്തിന് മാത്രമുള്ള സവിശേഷതകളിലൊന്നാണ്. യഥാർത്ഥത്തിൽ ഖിലാഫത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നുവെങ്കിൽ രണ്ടാംസ്ഥാനം മജ്ലിസ് ശൂറക്കാണ്.

1919 ഏപ്രിൽ മാസത്തിൽത്തന്നെ 'നസാറത്തുകൾ' എന്ന പേരിൽ വിവിധ വകുപ്പുകൾ രൂപവത്കരിച്ചു. അഹ്മദിയ്യാ ചരിത്രത്തിൽ ഇത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വ്യവസ്ഥയാണ്. അത് ജമാഅത്തിന്റെ ഘടന ഏകീകരിക്കുകയും കാര്യക്ഷമത വളരെയധികം വർധിപ്പിക്കുകയും ചെയ്തു. പിന്നീടുള്ള വർഷങ്ങളിൽ ജമാഅത്തിനെ വിവിധ ശാഖാ സംഘടനകളായി വിഭജിച്ചു. ഇവയിൽ ആദ്യത്തേത് 'ലജ്നാഇമായില്ലാ' ആയിരുന്നു. 1922 ഡിസംബറിൽ രൂപവത്ക്കരിക്കപ്പെട്ട ഇത് 15 വയസ്സിനുമുകളിലുള്ള സ്ത്രീകളുടെ സംഘടനയായിരുന്നു. 1928ൽ 15 വയസ്സിന് താഴെയുള്ള പെൺകുട്ടി കളുടെ 'മജ്ലിസ് നാസിറാത്തുൽ അഹ്മദിയ്യാ' രൂപവത്കരിക്കപ്പെട്ടു. പിന്നെ 1938 ഡിസംബറിൽ 'മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ' രൂപവത്കരിക്കപ്പെട്ടു. 15 മുതൽ 40 വരെ വയസ്സുള്ള യുവാക്കൾക്ക് വേണ്ടിയായിരുന്നു ഇത്. 40 വയസ്സിന് മുകളിലുള്ള പുരുഷന്മാർക്കായി 1940 ജൂലായിയിൽ 'മജ്ലിസ് അൻസാറുല്ല' സ്ഥാപിക്കപ്പെട്ടു. അതോടൊപ്പം 15 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ 'അത്ഫാലുൽ അഹ്മദിയ്യാ'യും രൂപവത്ക്കരിക്കപ്പെട്ടു. ഈ ശാഖാ സംഘടനകളോടു കൂടി ജമാഅത്തിന്റെ എല്ലാ ഗ്രൂപ്പുകളും അഹ്മദിയ്യത്തിന്റെ പൊതുലക്ഷ്യം കണക്കിലെടുത്ത് പ്രവർത്തിച്ചു. അതായത് സാധ്യമായ എല്ലാ മാർഗ്ഗേണയും യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണം നിർവ്വഹിക്കുകഎന്നത്.

ഈ പ്രത്യേക ഉദ്ദേശ്യത്തിന് വേണ്ടി മുസ്‌ലിഹ് മൗഊദ് (റ) 1928 മെയ് മാസത്തിൽ 'ജാമിഅ അഹ്മദിയ്യാ' പുനരുദ്ഘാടനം ചെയ്തു. ഇസ്‌ലാമിക സേവനാർത്ഥം തങ്ങളുടെ ജീവിതം മുഴുവൻ അർപ്പണം ചെയ്യാനും അതിന്റെ ഉന്നത നിലയിലുള്ള പ്രചാരകന്മാരാകാനും ആഗ്രഹിക്കുന്നവരുടെ പരിശീലനത്തിന് വേണ്ടിയുള്ള ഒരു വിശിഷ്ട സ്ഥാപനമായിരുന്നു ജാമിഅ അഹ്മദിയ്യ. ഈ സ്ഥാപനം വളരെയധികം പ്രയോജനപ്രദവും വിജയപ്രദവുമായിരുന്നു. ഇത്തരത്തിലുള്ള ജാമിയ്യാകൾ ഇപ്പോൾ റബ്വയിലും ഖാദിയാനിലും മാത്രമല്ല ഇന്തോനേഷ്യയിലും പശ്ചിമാഫ്രിക്കയിലെ വിവിധ രാജ്യങ്ങളിലും ഉണ്ട്.

**ഇസ്‌ലാം മതസേവനാർത്ഥം ജീവിതം അർപ്പണം ചെയ്യുക എന്ന പദ്ധതി ആരംഭിച്ചതിന്റെ ബഹുമതി മുസ്‌ലിഹ് മൗഊദി(റ)ന്നായിരുന്നു എന്നുകൂടി ഇവിടെ സൂചിപ്പിക്കട്ടെ. ഇത് 1917ൽ തന്നെ ആരംഭിച്ചിട്ടുണ്ട്. ഈ വിപ്ലവാത്മകമായ പദ്ധതി ദൈവാനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിനെ വിവേചിച്ചറിയാനുള്ള അടയാളമാണ്.**

പൂർണ്ണമായ നിലയിലുള്ള 'വഖ്ഫെ സിന്ദഗി' അതായത് ഇസ്‌ലാം മതസേവനാർത്ഥം ജീവിതം അർപ്പണം ചെയ്യുക എന്ന പദ്ധതി ആരംഭിച്ചതിന്റെ ബഹുമതി മുസ്‌ലിഹ് മൗഊദി(റ)ന്നായിരുന്നു എന്നുകൂടി ഇവിടെ സൂചിപ്പിക്കട്ടെ. ഇത് 1917ൽ തന്നെ ആരംഭിച്ചിട്ടുണ്ട്. ഈ വിപ്ലവാത്മകമായ പദ്ധതി ദൈവാനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിനെ വിവേചിച്ചറിയാനുള്ള അടയാളമാണ്. ദൈവാനുഗ്രഹത്താൽ ഈ സ്വയം സേവകന്മാർ മുഖേനയാണ് അഹ്മദിയ്യത്ത് പ്രചരിച്ചത്. ഈ ത്യാഗവര്യന്മാർ മറ്റേതിനേക്കാളും ഈ മഹത്തായ പ്രവൃത്തിക്ക് മുൻഗണന നൽകി. ഇത് ദൈവതൃപ്തി കരസ്ഥമാക്കാൻ വേണ്ടിമാത്രമായിരുന്നു. ഭൗതികമായ നേട്ടം ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരുന്നില്ല. ദൈവാനുഗ്രഹത്താൽ ഇവർ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ മഹത്തായ ത്യാഗങ്ങൾ അഹ്മദിയ്യാ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ എഴുതപ്പെടേണ്ടവയാണ്. മുൻ പ്രസ്താവിച്ചപോലെ ഇതിന്റെ എല്ലാ ബഹുമതിയും ഇതിന് നാന്ദി കുറിച്ച മുസ്‌ലിഹ് മൗഊദി (റ)ന്നുള്ളതാണ്. ജമാഅത്തിന്റെ പുരോഗതിയിൽ അദ്ദേഹത്തിന് ഉന്നതമായ ആഗ്രഹങ്ങളും പ്രതീക്ഷകളുമുണ്ടായിരിക്കെ ജമാഅത്തിന്റെ ക്ഷേമത്തിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അഹ്മദിയ്യാ ചരിത്രത്തിൽ അതിനുള്ള മഹത്തായ ഉദാഹരണമാണ് അദ്ദേഹം സ്ഥാപിച്ച അനാഥശാല. ഇത് 1919ൽ ഖാദിയാനിലായിരുന്നു സ്ഥാപിച്ചച്ചത്. ഇത് മുഖേന ജമാഅത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരഭിലാഷം സാക്ഷാത്കരിക്കപ്പെട്ടു. അഹ്മദി മുസ്‌ലിംകൾ പ്രചരിപ്പിക്കാൻ ആഗ്രഹിച്ചിരുന്ന ഇസ്‌ലാമിന്റെ ഉന്നതമായ നന്മകളുടെ ഒരു ഉദാഹരണമായിരുന്നു ഇത്. 1925ൽ 'ദാറുൽ ഖളാ' എന്ന പേരിൽ ഒരു ജുഡീഷ്യൽ സമ്പ്രദായം അദ്ദേഹം ജമാഅത്തിൽ സ്ഥാപിച്ചു. ഇസ്‌ലാമിന്റെ അദ്ധ്യാപനപ്രകാരം അഹ്മദി മുസ്‌ലിംകൾക്കിടയിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ വളരെ സുഗമവും നീതിപൂർവ്വവും ചെലവുകുറഞ്ഞതും മഹത്തെ

രവുമായ ഒരു സംവിധാനം ഇത് മുഖേന ജമാഅത്തിൽ സംജാതമായി. അന്ന് മുതൽ ഇത് ലോകം മുഴുവൻ പ്രവർത്തനം തുടരുന്നു. മുസ്ലിഹ് മൗഊദ്(റ) മഹാനായ വിദ്യാഭ്യാസ വിചക്ഷണനായിരുന്നു. സ്ത്രീപുരുഷന്മാരുടെ ബുദ്ധിപരവും വിദ്യാഭ്യാസപരവുമായ നിലവാരം ഉയർത്തുന്നതിൽ അദ്ദേഹം അതീവ തൽപ്പരനായിരുന്നു. ഈ ഉദ്ദേശ്യാർത്ഥം അദ്ദേഹം ഒരു ശാസ്ത്രഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. സ്ത്രീകൾക്കായി അദ്ദേഹം മദ്റസ്സ സ്ഥാപിച്ചു. ഒരു മതപഠന ക്ലാസ്സും ആരംഭിച്ചു. ഖാദിയാനിൽ നുസ്രത്ത് ഗേൾസ് സ്കൂളിന് അടിത്തറയിട്ടു. ഇവയും ഇതേ വിധത്തിലുള്ള മറ്റു സ്ഥാപനങ്ങളും ജമാഅത്തംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചു. ജ്ഞാനസമ്പാദനത്തിന് ഇസ്ലാം എത്രമാത്രം ഊന്നൽ നൽകുന്നുവെന്നും സ്ത്രീപുരുഷന്മാരുടെ കർത്തവ്യമാണിതെല്ലാമെന്നുള്ളതിന്റെ ഉത്തമോദാഹരണങ്ങളാണിവയെല്ലാം.

അദ്ദേഹം ജമാഅത്തിനനിവാര്യമായ ഒരു പരിപൂർണ്ണ നേതാവായിത്തീർന്നു. ലേഖനത്തിന്റെ തുടക്കത്തിൽ വിവരിച്ച പ്രവചനത്തിൽ സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തെ 'വിജയത്തിന്റെ താക്കോൽ' എന്ന് വിശേഷിപ്പിച്ചിട്ടുണ്ടായിരുന്നു. വളരെ വിദഗ്ധമായ നിലയിൽ അദ്ദേഹം ജമാഅത്തിന് മാർഗ്ഗ ദർശനം നൽകി എന്ന് മാത്രമല്ല മുഴു ജമാഅത്തിനെയും ഇസ്ലാംമത സേവനത്തിനായി പ്രാപ്തമാക്കി. ഇസ്ലാമിന് സേവനം ചെയ്യുവാനും എതിരാളികളെ പ്രതിരോധിക്കാനും കിട്ടുന്ന ഓരോ അവസരവും പിടിച്ചു പറ്റുന്ന ഒരു സർവ്വ ജേതാവായിരുന്നു അദ്ദേഹം. അദ്ദേഹം തന്റെ മഹത്തായ മാതൃക മുഖേന അതേതരത്തിലുള്ള ഒരൗൽസുക്യവും അർപ്പണബോധവും ജമാഅത്തംഗങ്ങളിൽ സൃഷ്ടിച്ചു. ഇസ്ലാമിന്റെ പതാക സദാസമയവും പാറിപ്പറപ്പിക്കാൻ അദ്ദേഹം ജമാഅത്തംഗങ്ങളെ പ്രോത്സാഹിപ്പിച്ചു. ഇത്തരുണത്തിൽ 'ശുദ്ധിക്യാമ്പി'ന്റെ കാര്യമെടുക്കാം. 1923ൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മുസ്ലിംകളെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാൻ ഹിന്ദുക്കൾ വിപുലമായ സന്നാഹങ്ങൾ നടത്തി. മുസ്ലിഹ് മൗഊദ് (റ) സന്ദർഭത്തിനൊത്തുയരുകയും ഹിന്ദുക്കളുടെ ശ്രമങ്ങളെ നേരിടാൻ ഒരു പ്രതിരോധ സന്നാഹമൊരുക്കി. അങ്ങനെ അദ്ദേഹം 'ശുദ്ധികേമ്പ്' ആരംഭിച്ചു. ജമാഅത്തിലെ പരിശീലനം സിദ്ധിച്ച 150 അംഗങ്ങളെ പ്രബോധനം നടത്താൻ നിയോഗിച്ചു. ഇതെത്രത്തോളം വിജയകരമായെന്നുവെച്ചാൽ മുസ്ലിംകൾ സൽപന്ഥാവിൽ നിന്ന് മാറ്റപ്പെട്ടില്ലെന്നു മാത്രമല്ല, ഹിന്ദുക്കൾ ഇസ്ലാമിക വൃത്തത്തിലേക്കാകൃഷ്ടരായി. പ്രത്യക്ഷത്തിൽ ദുർബ്ബലരെന്ന് കരുതപ്പെട്ടവർക്ക് ശക്തരെ മറികകടക്കാൻ സാധിക്കും എന്ന് മുമ്പ് നിരവധി അവസരങ്ങളിൽ അല്ലാഹു കാണിച്ചപോലെ ഇപ്പോഴും അവൻ കാണിച്ചു. ആസൂത്രിതമായ പ്രവർത്തനഫലമായി ഹിന്ദുക്കളുടെ പദ്ധതികൾ പറ്റെ തകർക്കപ്പെട്ടു. വളരെ പ്രമുഖരായ മുസ്ലിം നേതാക്കൾ അത്യധികമായ കൃതജ്ഞതയോടെ ഈ വസ്തുത പരസ്യമായി സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഏറ്റവുമധികം കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്ന ശത്രുത കാണിക്കാറുള്ള 'സമീന്ദാർ' പത്രം ഇപ്രകാരം സമ്മതിക്കാൻ നിർബ്ബന്ധിതമായി.

''ഈ ഉദ്യമത്തിൽ പങ്കെടുത്ത അഹ്മദികൾ പ്രകടിപ്പിച്ച അർപ്പണബോധവും അനുകമ്പയും ആവേശവും ഏറ്റവും മഹത്തരമാണ്. ഓരോ മുസ്ലിമും ഇക്കാര്യത്തിൽ അഭിമാനം കൊള്ളുന്നു" (സമീന്ദാർ ദിനപ്പത്രം, ലാഹോർ 1923 ജനുവരി 24)

അടുത്തവർഷം (1924ൽ) ലണ്ടനിലെ വെംബ്ലിയിൽവെച്ച് ചേർന്ന മതമഹാസമ്മേളനത്തിൽ മുസ്ലിഹ് മൗഊദ് (റ) ഇസ്ലാമിന്റെ സന്ദേശം അവതരിപ്പിച്ചു. ഇക്കാരണത്താൽ ഇസ്ലാമിന്റെ സന്ദേശം പ്രചരിപ്പിക്കാൻ വിദേശസന്ദർശനം നടത്തുന്ന, വാഗ്ദത്ത മസീഹിന്റെ ആദ്യത്തെ ഖലീഫ എന്ന പദവി അദ്ദേഹം നേടി. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഉപന്യാസം പിന്നീട് 'അഹ്മദിയ്യത്ത് ഓർ ദി ട്രൂ ഇസ്ലാം' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ ഉപന്യാസം ഹസ്റത്ത് ചൗദ്ദരി മുഹമ്മദ് സഫറുല്ലാഖാൻ സാഹിബ് വളരെ വാഗ്വിലാസത്തോടെ സമ്മേളനത്തിൽ വായിച്ചുകേൾപ്പിക്കുകയുണ്ടായി. ഈ പ്രസംഗത്തിന് മഹത്തായ സ്വീകാര്യത ലഭിക്കുകയുണ്ടായി.

മുസ്ലിഹ് മൗഊദ് (റ) ഒരു രാഷ്ട്രീയ നേതാവായിരുന്നില്ല. അദ്ദേഹം മതപണ്ഡിതനായ ഒരു വിശുദ്ധ വ്യക്തിയായിരുന്നു. അങ്ങേയറ്റത്തെ പ്രതിഭാ ശാലിയുമായിരുന്നു. എന്നാൽ രാഷ്ട്രീയ കാര്യങ്ങളിലുള്ള അഗാധജ്ഞാനവും ഉൾക്കാഴ്ചയും അദ്ദേഹത്തിന്റെ സവിശേഷതകളായിരുന്നു.

മുസ്ലിഹ് മൗഊദി(റ)ന്റെ ഖിലാഫത്ത് കാലത്ത് ലോകത്തിലെ 30 രാജ്യങ്ങൾ സ്വാതന്ത്ര്യം നേടി. എല്ലാം അദ്ദേഹത്തിന്റെ നേരിട്ടുള്ള പരിശ്രമഫലമായിട്ടല്ലെങ്കിലും അല്ലാഹുവിന്റെ വിധി പ്രവർത്തന പഥത്തിലുണ്ടായിരുന്നുവെന്ന് പറയാം. നിരവധി രാജ്യങ്ങളുടെ സ്വാതന്ത്ര്യലബ്ധിയിൽ യഥാർത്ഥത്തിൽ പിന്നിൽ പ്രവർത്തിച്ച കൈ അദ്ദേഹത്തിന്റേതുതന്നെയായിരുന്നു. ഹസ്റത്ത് മുഹമ്മദ് സഫറുല്ലാഖാൻ സാഹിബ് യു. എൻ. ജനറൽ അസംബ്ലിയിൽ മുസ്ലിഹ് മൗഊദി(റ)ന്റെ വക്താവായിരുന്നു. മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രഭവകേന്ദ്രം മുസ്ലിഹ് മൗഊദ് (റ) തന്നെയായിരുന്നു. ഏതായാലും പ്രവചനത്തിന്റെ ഭാഗമായ 'അദ്ദേഹം അടിമകളെ സ്വതന്ത്രനാക്കും' എന്നത് പൂർത്തിയായി. മുസ്ലിഹ് മൗഊദ് (റ) ഈ വിഷമഘട്ടങ്ങളിലൊന്നുംതന്നെ ജമാഅത്തംഗങ്ങളുടെ കാര്യങ്ങൾ വിസ്മരിച്ചിരുന്നില്ല. ജമാഅത്ത് എപ്പോഴും കെട്ടുറപ്പിലും സ്വാശ്രയത്തിലുമാണുള്ളതെന്ന് അദ്ദേഹം ഉറപ്പുവരുത്തിയിരുന്നു. 1934ൽ അഹ്റാർ ഗ്രൂപ്പ് രാജ്യവ്യാപകമായി അഹ്മദിയ്യാ വിരുദ്ധ പ്രസ്ഥാനം ആരംഭിച്ചു. അഹ്മദിയ്യത്തിനെ ഭൂമുഖത്തുനിന്നു തുടച്ചുമാറ്റുക എന്നതായിരുന്നു അഹ്റാറിന്റെ പ്രഖ്യാപിതലക്ഷ്യം. ഇത് അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ പദ്ധതിയായിരുന്നു. എന്നാൽ സർവ്വശ

ക്തനായ അല്ലാഹുവിന്ന് അവന്റെ സ്വന്തം പദ്ധതിയുണ്ട്. അഹ്മദിയ്യത്തായ കുന്ന കപ്പലിന്റെ ചുക്കാൻ പിടിക്കാൻ അല്ലാഹു മുസ്‌ലിഹ് മൗഊദി(റ)ന്റെ കരങ്ങൾക്ക് കരുത്തേകി. മാത്രമല്ല അഹ്മദിയ്യത്തിന്റെ സർവ്വലോക വിജയത്തിന് അടിത്തറയും പാകി. 'തഹ്‌രീഖ് ജദീദി'ന്റെ സ്ഥാപനമാണിതുകൊണ്ടുദ്ദേശിക്കുന്നത്. വിദേശ രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാനുള്ള ഫണ്ട് സ്വരൂപിച്ചത് തഹ്‌രീഖ് ജദീദ് മുഖേനയാണ്. അത് ഇന്നും സജീവമാണ്. ഇപ്പോൾ ലോകത്തിലെ 176 രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമാണ്. ഇസ്‌ലാമിക സേവനത്തിനായി സമർപ്പിക്കപ്പെട്ട ആയിരക്കണക്കിന് പള്ളികളും മിഷൻ കേന്ദ്രങ്ങളും ആശുപത്രികളും ക്ലിനിക്കുകളും സ്കൂളുകളും കോളജുകളും അച്ചടിശാലകളും ഇന്ന് ജമാഅത്തിനുണ്ട്. ഇവയെല്ലാം തഹ്‌രീഖ് ജദീദിന്റെ മധുരഫലങ്ങളാണ്. ഇതോടൊപ്പം 'വഖഫ് ജദീദ്' സ്ഥാപിച്ചു. സമാനമായ ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇതിനുമുള്ളത്. എന്നാൽ പ്രത്യേകമായ നിലയിൽ പാക്കിസ്ഥാൻ, ഇന്ത്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ ഗ്രാമപ്രദേശങ്ങളിൽ തബ്‌ലീഗ് നടത്താനാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. ഇസ്‌ലാംമത പ്രചാരണത്തിന് ഒരു പ്രചോദനം ഉണ്ടായിരുന്നു. ആരും നിരൂപിക്കാത്തവിധത്തിൽ അഹ്മദിയ്യത്ത് പ്രചരിക്കാൻ തുടങ്ങി. ഗ്രാമീണ ജനസമുദായങ്ങളിൽ ഇപ്പോൾ അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിയിട്ടുണ്ട്. അതേസമയം ലോകത്തെങ്ങുമുള്ള സുസ്ഥാപിതവും പ്രവർത്തനനിരതവുമായ കേന്ദ്രങ്ങളിൽ പ്രബോധകന്മാരെ വർദ്ധിപ്പിക്കുന്നുമുണ്ട്. ജമാഅത്തംഗങ്ങൾക്ക് മുസ്‌ലിഹ് മൗഊദ് (റ) നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതാണ് വിജയത്തിന്റെ മുഖ്യകാരണം. ഭക്ഷണച്ചെലവുകൾ ചുരുക്കുക വഴിയും ധനം സ്വരൂപിക്കുകയുണ്ടായിട്ടുണ്ട്. വളരെ ലളിതമെങ്കിലും മറ്റു സമൂഹങ്ങളിൽ കാണാത്ത ത്യാഗത്തിന്റെ കൂട്ടായ ഒരാവേശം അത് ജമാഅത്തംഗങ്ങളിൽ സൃഷ്ടിച്ചു. ലാളിത്യം കൈവരികയും

**വിശുദ്ധഖുർആനിലെ പ്രഥമാദ്ധ്യായ ഫാത്തിഹയെക്കുറിച്ച് അദ്ദേഹം മുന്നൂറിലധികം പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. വിശുദ്ധഖുർആനെ സംബന്ധിച്ച് അദ്ദേഹം 6000ത്തോളം പേജുകൾ എഴുതിയിട്ടുണ്ട്. അതിൽ വിശുദ്ധഖുർആന്റെ വ്യാഖ്യാനമായ 'തഫ്സീർ കബീറി'ന്റെ 10 വാല്യങ്ങളും ഉൾപ്പെടുന്നു.**

ജമാഅത്തിന്റെ വിഭവശേഷി പരമാവധി വർധിക്കുകയും ചെയ്തു.

ഒരുപക്ഷേ, മുസ്‌ലിഹ് മൗഊദി(റ)ന്റെ ഏറ്റവും വലിയ നേട്ടം അദ്ദേഹം സാഹിത്യത്തിന് നൽകിയ സംഭാവനയാണ്. അദ്ദേഹത്തിന് ഭൗതികമായ ബിരുദങ്ങളൊന്നുമുണ്ടായിരുന്നില്ലെങ്കിലും മതപരവും മതേതരവുമായ ജ്ഞാനങ്ങളിൽ അല്ലാഹു നൽകിയ വാഗ്ദാനം അദ്ദേഹം വ്യക്തമായ നിലയിൽ പ്രകടിപ്പിച്ചു. ദുഷിച്ചതും പഴഞ്ചനുമായ വിശ്വാസങ്ങളിൽ നിന്ന് അദ്ദേഹം ലോകത്തെ വിമുക്തമാക്കി. വിവിധ വിഷയങ്ങളിൽ അദ്ദേഹം ഇരുന്നൂറോളം ഗ്രന്ഥങ്ങൾ എഴുതി. തർക്ക വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ, ചരിത്ര ഗ്രന്ഥങ്ങൾ, ഫിഖ്ഹ് ഗ്രന്ഥങ്ങൾ, രാഷ്ട്രീയം, എന്നിവ കൂടാതെ നൂറോളം ഗ്രന്ഥങ്ങൾ അഹ്മദിയ്യത്തിനെ സംബന്ധിച്ച് എഴുതി. അവയിൽ പ്രധാനപ്പെട്ടവ An invitation to Ahmadiyyat, Economic structure of Islamic Society, ദിക്‌റെ ഇലാഹി, An introduction to the study of Holy Quran എന്നിവയാണ്. അവസാനം പറഞ്ഞ ഗ്രന്ഥം വിശുദ്ധഖുർആന്റെ ഇതിവൃത്തത്തെ സംബന്ധിച്ച നിരവധി ഗ്രന്ഥങ്ങളിൽ ഒന്നാണ്. അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ വിജയത്തിന്റെ രംഗം ഇതായിരുന്നു. വിശുദ്ധഖുർആനിലെ സൂക്തങ്ങളിലെ അഗാധജ്ഞാനം അനാവരണം ചെയ്തുകൊണ്ടുള്ള ഖുർആൻ ക്ലാസ്സ് അദ്ദേഹം വളരെ മുമ്പേ തുടങ്ങിയിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന് സവിശേഷമായ രീതിയിൽ ഖുർആനിക ജ്ഞാനം നൽകി. അത് അദ്ദേഹം ജമാഅത്തിന് നൽകി. താൻ ലോകത്തിന്റെ ഗുരുവാണെന്ന് അദ്ദേഹം സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. മുമ്പ് വെളിപ്പെടുത്തപ്പെടാത്ത ജ്ഞാനം അദ്ദേഹത്തിന് നൽകപ്പെട്ടു. വിശുദ്ധഖുർആനിലെ പ്രഥമാദ്ധ്യായ ഫാത്തിഹയെക്കുറിച്ച് അദ്ദേഹം മുന്നൂറിലധികം പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. വിശുദ്ധഖുർആനെ സംബന്ധിച്ച് അദ്ദേഹം 6000ത്തോളം പേജുകൾ എഴുതിയിട്ടുണ്ട്. അതിൽ വിശുദ്ധഖുർആന്റെ വ്യാഖ്യാനമായ 'തഫ്സീർ കബീറി'ന്റെ 10 വാല്യങ്ങളും ഉൾപ്പെടുന്നു. ചുരുക്കത്തിലുള്ള വ്യാഖ്യാനമായ 'തഫ്സീർ സഗീർ'ഉം അദ്ദേഹം എഴുതിയിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്ന് ഓരോരുത്തർക്കും എന്തെങ്കിലും പ്രയോജനം നേടാൻ കഴിയും. വാഗ്ദത്ത മസീഹി(അ)നെ പിന്തുടർന്നുകൊണ്ട് അദ്ദേഹം മഹത്തരമായ നിരവധി കവിതകൾ എഴുതിയിട്ടുണ്ട്. അവയുടെ സമാഹാരമാണ് 'കലാമെ മഹ്മൂദ്'. തനിക്ക് ദൈവം നൽകിയ ജ്ഞാനത്തിൽ അടിയുറച്ച ആത്മവിശ്വാസമുണ്ടായിരുന്നതിനാൽ ഇക്കാര്യത്തിൽ സാക്ഷ്യം വഹിക്കാൻ അദ്ദേഹം ആരെയും ഏതു വിഷയത്തെക്കുറിച്ചും സംസാരിക്കാൻ ക്ഷണിക്കാറുണ്ട്. മുഴു ലോകത്തിനുമുള്ള ഗുരുവെന്ന നിലയിൽ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ ദൈവവചനം തർജ്ജമ ചെയ്യുന്ന കഠിനയത്നം അദ്ദേഹം ആദ്യമായി ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് വിശുദ്ധ ഖുർആൻ മുഴുവൻ പതിനാറിൽ കുറയാത്ത ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ അടിത്തറയിൽ ഊന്നിക്കൊണ്ട് ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ 50ൽ കൂടുതൽ തർജ്ജമകൾ പൂർത്തിയാക്കിയിട്ടുണ്ട്. അഹ്മദിയ്യാ ചരിത്രത്തിലെ മറ്റൊരു

നാഴികക്കല്ല് വിഭജനത്തിന് തൊട്ടുപിമ്പുണ്ടായ സംഭവമാണ്. അഹ്മദികളടക്കമുള്ള നിരവധി മുസ്ലിംകൾ ഇന്ത്യയിൽ നിന്നു പലായനം ചെയ്യാൻ നിർബന്ധിതരായി. ജമാഅത്ത് അതിദുർബ്ബലമായ അവസ്ഥയിലായിരുന്നു. പ്രവർത്തിക്കാൻ ഒരു കേന്ദ്രസ്ഥാനമില്ലായിരുന്നു. പക്ഷേ, പിന്നീട് ദൈവിക നിർദേശപ്രകാരം പാക്കിസ്ഥാനിൽ ജമാഅത്തിന്റെ പുതിയ ആസ്ഥാനമുണ്ടാക്കാൻ കുറച്ചു തരിശുഭൂമി വിലയ്ക്ക് വാങ്ങി. 1948 സെപ്തംബർ 20ന് സ്ഥാപിക്കപ്പെട്ട 'റബ്‌വ' ഇതായിരുന്നു. തുടക്കത്തിൽ താമസിക്കാൻ പറ്റാത്ത മൺചാളകളുള്ള ഒരു സ്ഥലമായിരുന്നു അത്. പക്ഷേ, ഈ സ്ഥലം ബുദ്ധിപൂർവ്വകമായ ഒരു നിക്ഷേപമായി മാറി ജമാഅത്തിന്റെ സജീവപ്രവർത്തനകേന്ദ്രമായി. പിന്നെ പ്രശാന്തസുന്ദരമായ ഒരു മാതൃകാപട്ടണമായി മാറി. 'മിനാരത്തുൽ മസീഹി'ന്റെ പൂർത്തീകരണത്തോടെ ഖാദിയാനും അദ്ദേഹത്തിൽനിന്ന് പ്രയോജനമുണ്ടായി. ഇതിന്റെ നിർമ്മാണം വാഗ്ദത്ത മസീഹിന്റെ കാലത്തുതന്നെ ആരംഭിച്ചിരുന്നെങ്കിലും പണി പൂർത്തിയായിട്ടുണ്ടായിരുന്നില്ല. മുസ്ലിഹ് മൗഊദി (റ)ന്റെ മേൽ നോട്ടത്തിൽ 1915ൽ നടന്ന അതിന്റെ പൂർത്തീകരണം മസീഹിന്റെ വരവിനെക്കുറിച്ചുള്ള പ്രവചനത്തിന്റെ സർവ്വകാല ഓർമ്മിപ്പിക്കൽ ആയിത്തീർന്നു. അത് അഹ്മദി മുസ്ലിംകളുടെ ഒരു തിരിച്ചറിയൽ പ്രതീകവുമായി. മുസ്ലിഹ് മൗഊദി(റ)ന്റെ ജീവിതവും നേട്ടങ്ങളും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും ചരിത്രത്തിൽ എന്നെന്നും നിലനിൽക്കും. അരനൂറ്റാണ്ടിലേറെ കാലം അദ്ദേഹം ജമാഅത്തിനെ നയിച്ചു. ആയിരക്കണക്കിനാളുകളോടെ അദ്ദേഹം തുടക്കം കുറിച്ചു. ദുരിതപൂർണ്ണമായ ഘട്ടങ്ങളിൽ അഹമദികളെ നയിച്ചു. അദ്ദേഹത്തിന് നേരിടേണ്ടിവന്ന ദുരിതങ്ങൾ വെച്ചുനോക്കുമ്പോൾ നിലനിൽപ്പ് തന്നെ ഒരു നേട്ടമാണ്.

മുസ്ലിഹ് മൗഊദ് (റ) വളരെയധികം പ്രവർത്തിച്ചു പ്രവചനം അക്ഷരാർത്ഥത്തിൽ പൂർത്തീകരിച്ചു. 1965 നവംബർ ഒമ്പതാം തിയതി അദ്ദേഹം തന്റെ നാഥനിലേക്ക് മടങ്ങി. അദ്ദേഹം യഥാർത്ഥത്തിൽ ദൈവിക ശക്തിയുടെയും മഹത്വത്തിന്റെയും അടയാളമായിരുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള അനുസ്മരണങ്ങളിൽ ഒന്ന് താഴെ കൊടുക്കുന്നു: 'മഹാനായ രാഷ്ട്ര നിർമ്മാതാവ്' എന്ന തലക്കെട്ടിൽ 'ലൈറ്റ്' പത്രാധിപർ എഴുതി: "അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ തലവനായ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ചരമത്തോടെ ദൂരവ്യാപകമായ നേട്ടങ്ങൾ നിറഞ്ഞ സംഭവബഹുലമായ ഒരു ജീവിതത്തിന് തിരശ്ശീല വീണിരിക്കയാണ്. വിവിധങ്ങളായ അനേകം കഴിവുകളോടുകൂടിയ പ്രിതഭാശാലിയും ചുറുചുറുക്കുള്ള വ്യക്തിത്വവുമുള്ള ആ മനുഷ്യൻ ചിന്തയുടെയും ജീവിതത്തിന്റെയും ആനുകാലികമായ രംഗമായിരുന്നു. അവ മതപരമായ പാണ്ഡിത്യം മുതൽ പ്രബോധപരമായ സംഘടനാ പാടവം വരെയും രാഷ്ട്രീയ നേതൃത്വം പോലും പരേതന്റെ അഗാധവ്യക്തിമുദ്ര പതിപ്പിക്കപ്പെടാത്തതായി ഇല്ല."

(മൗലാനാ മുഹമ്മദ് യാക്കൂബ് ഖാൻ, പത്രാധിപർ "ദി ലൈറ്റ്" 16 നവംബർ 1965).

അതായിരുന്നു നിഷ്പക്ഷ നായ ഒരു വ്യക്തിയുടെ വിലയിരുത്തൽ. അഹ്മദികളായ നാം നമ്മുടെ ഇപ്പോഴത്തെ അവസ്ഥക്ക് മുസ്ലിഹ് മൗഊദി (റ) നോട് അങ്ങേയറ്റം കൃതജ്ഞരാണ്. അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ നിരവധി ഇന്നും നമ്മുടെ കൂടെയുണ്ട്. 1961ലെ വാർഷിക ജൽസയിൽ അദ്ദേഹം തന്നെ പറഞ്ഞു: "അല്ലാഹുവിന്റെ ആനുകൂല്യങ്ങളെയും അനുഗ്രഹങ്ങളെയും ആശ്രയിച്ചുകൊണ്ട് ഞാൻ പ്രഖ്യാപിക്കുന്നു, എന്റെ നാമം ഈ ലോകത്ത് എന്നെന്നും നിലനിൽക്കും. ഒരു ദിവസം ഞാൻ ചരമം പ്രാപിക്കുമെങ്കിലും എന്റെ നാമം ചരിത്രത്തിൽ നിന്ന് ഒരിക്കലും മായ്ക്കപ്പെടുന്നതല്ല. ഇത് അല്ലാഹുവിന്റെ വിധിയാണ്". അദ്ദേഹം തുടരുന്നു:

"ഇന്നല്ലെങ്കിൽ ഒരു നാൽപ്പത് വർഷങ്ങൾക്ക് ശേഷം, അല്ലെങ്കിൽ അമ്പത് വർഷങ്ങൾക്ക് ശേഷം, അതുമല്ലെങ്കിൽ ഒരു നൂറു വർഷങ്ങൾക്ക് ശേഷം ഈ പ്രസ്താവന ശരിയോ തെറ്റോ എന്ന് ചരിത്രം സ്വയം തീരുമാനിക്കും.

"നിസ്സംശയമായും ആ സമയത്ത് ഞാനുണ്ടായിരിക്കയില്ല. പക്ഷേ, ഒരു കാര്യം തീർച്ചയാണ്. എപ്പോഴെങ്കിലും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും ചരിത്രം എഴുതപ്പെടുമ്പോൾ ഓരോ മുസ്ലിം ചരിത്രകാരനും ആ ചരിത്രത്തിൽ എന്റെ പേര് സൂചിപ്പിക്കാൻ ബാദ്ധ്യസ്ഥനും നിർബന്ധിതനുമായിരിക്കും. എന്റെ നേട്ടങ്ങളെക്കുറിച്ച് സൂചിപ്പിക്കാത്ത ചരിത്രം ചരിത്രമായിരിക്കയില്ല."

ഇക്കാര്യം ഇതിലും നല്ലപോലെ പ്രസ്താവിക്കാൻ കഴിയുമായിരുന്നില്ല. ഈ ലേഖനം ആ മഹാത്മാവിന്റെ നേട്ടങ്ങളെ ചുരുക്കി വിവരിക്കാനുള്ള ഒരു എളിയ ശ്രമമാണ്, കൂടാതെ അദ്ദേഹത്തിന് ആദരാജ്ഞലികളർപ്പിക്കാനും, ഒരു നിലക്കും ഇത് പരിപൂർണ്ണമായ ഒരു വിലയിരുത്തലല്ല. അദ്ദേഹത്തിന്റെ അസാധാരണമായ കൃത്യനിർവ്വഹണത്തിന്റെ ദൂരവ്യാപകമായ ഫലങ്ങളെക്കുറിച്ച് ചർച്ച ചെയ്യലും അതിന്റെ അഗാധതയിലേക്കിറങ്ങിച്ചെല്ലലും ഈ ലേഖകന്റെ കഴിവിന്നതീതമാണ്. ആ മഹാത്മാവ് സ്വയം തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. "പൂർണ്ണവും യഥാർത്ഥവുമായ വിലയിരുത്തൽ നിരവധി തലമുറകൾക്ക് ശേഷം വരുന്ന രാഷ്ട്രങ്ങൾക്കേ സാധ്യമാവൂ" എന്ന്. ആ മഹാത്മാവിന്റെ പരിശ്രമങ്ങളെ വിലമതിക്കാനും അവ നടപ്പിൽ വരുത്താനും അല്ലാഹു നമ്മെ പ്രാപ്തരാക്കട്ടെ. അല്ലാഹു അദ്ദേഹത്തിന് ഉന്നതമായ പ്രതിഫലം നൽകുമാറാക്കട്ടെ. അദ്ദേഹത്തിന്റെ ചില വരികൾ ഉദ്ധരിച്ചുകൊണ്ട് ഞാനീ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

"ഒരു കാലം വരും. അപ്പോൾ ജനങ്ങൾ ഏകസ്വരത്തിൽ പ്രഖ്യാപിക്കും: തന്റെ ജീവിതം മുഴുവൻ ഈ മാർഗ്ഗത്തിൽ ത്യാഗം ചെയ്ത ഇസ്‌ലാമിന്റെ ഈ മഹാനായ സേവകന്റെ മേൽ അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങട്ടെ." ആമീൻ ■

*വിവർത്തനം: കെ. വി. ഹസ്സൻകോയ.*





# യുദ്ധങ്ങൾ: മൂന്നാം ലോകത്തിന്റെ ദുരന്തം

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് IV

### പന്ത്രണ്ടുവർഷം മുമ്പ്, 1991 മാർച്ച് എട്ടിന് ഗൾഫ് യുദ്ധവേളയിൽ അഹ്മദ്‌യ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ചെയ്ത ഖുത്വ്ബ

ജനുവരി പതിനാറിന് ആരംഭിച്ച ഗൾഫ് യുദ്ധം ഫെബ്രുവരി 26ന്റെ കാളരാത്രിയിൽ അവസാനിച്ചു. ആധുനിക മനുഷ്യന്റെ യുദ്ധചരിത്രത്തിലൊരിടത്തും ഇത്തരം ഒരു ഭീകര രാത്രി കഴിഞ്ഞിട്ടുണ്ടാകില്ല. പിൻവാങ്ങിക്കൊണ്ടിരുന്ന ബാഗ്ദാദ് നഗരം രാത്രിയിലുടനീളം നിരന്തരം അപ്രതിരോധ്യമായ ബോംബേറിന് വിധേയമായി. ഞാൻ പഠിച്ച ചരിത്രങ്ങളിലൊന്നും തന്നെ ഇത്രയും ഏകപക്ഷീയമായും ഇത്രയും ഭീഭത്സമായും നടത്തിയ ബോംബാക്രമണം കണ്ടിട്ടില്ല. ദൃക്സാക്ഷികളുടെ വിവരണമനുസരിച്ച് കുവൈത്തിൽ നിന്നു ബസറയിലേക്ക് മടങ്ങുകയായിരുന്ന ഇറാഖി പട്ടാളത്തെ അതിതീവ്രമായ ബോംബേറിന് വിധേയമാക്കുകയായിരുന്നു. ഇതിന്റെ ഫലമായി കുവൈത്തിൽ നിന്ന് ബസറയിലേക്കുള്ള റോഡിൽ ഛിന്നഭിന്നമായ മൃതശരീരങ്ങൾ, ട്രക്കുകൾ, കാറുകൾ, മറ്റു വാഹനങ്ങൾ എന്നിവ ചിതറിക്കിടക്കുന്ന അവിശ്വസനീയമായ കാഴ്ചയായിരുന്നു എന്ന് ഒരു പാശ്ചാത്യനായ ദൃക്സാക്ഷി പറയുന്നു. ഈ വാർത്ത വിവരിക്കുമ്പോൾ അയാളുടെ ശബ്ദം വിറകൊള്ളുകയും വാക്കുകൾ ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ആ രാത്രി ബാഗ്ദാദിൽ നടന്ന ബോംബിംഗിനെപ്പറ്റി ഒരാൾക്ക് ഭാവനയിൽകൂടി സങ്കൽപ്പിക്കാൻ സാധ്യമല്ലായിരുന്നു.

മറ്റു കാര്യങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ഒരുകാര്യം ഞാൻ പറയാനുദ്ദേശിക്കുന്നു. അമേരിക്കയെ വിയറ്റ്നാമിലെ പരാജയം വേട്ടയാടുകയാണ്. അവർക്ക് അതിലുണ്ടായ അപകർഷതാബോധം അവരെ പിന്തുടരുകയാണ്. വിയറ്റ്നാമിലെ നിന്ദ്യമായ പരാജയത്തിൽനിന്ന് അവർക്ക് എക്കാലത്തേക്കുമായി മോചനം ലഭിക്കണം. ഇറാഖികളുടെ രക്തം ഊറ്റിക്കുടിച്ചുകൊണ്ട് മദോന്മത്തരായ അവരുടെ വിയറ്റ്നാം ദുഃഖങ്ങൾ മറക്കാനുള്ള കാളരാത്രിയായിരുന്നു അത്. യുദ്ധാനന്തരം പ്രസിഡന്റ് ജോർജ് ബുഷ് നടത്തിയ ഒരു പ്രഭാഷണം ഈ കാഴ്ചപ്പാട് ദൃഢീകരിക്കുന്നതാണ്.

“ദൈവാനുഗ്രഹത്താൽ ഞങ്ങൾ വിയറ്റ്നാം രോഗം (Vietnam Syndrom) എന്നെന്നേക്കുമായി തുടച്ചുനീക്കി.” (Hums Burg Patriot News U.S.A. March 2, 1991)

### 3,000 ഇറാഖി ഗ്രാമങ്ങൾ ഭസ്മീകരിച്ചു

ബ്രിട്ടീഷ് പ്രതിരോധ സെക്രട്ടറി മിസ്റ്റർ ടോംകിംഗ്, ഇറാഖി ദുരന്തം സംക്ഷേപിച്ചുകൊണ്ട് പറയുകയുണ്ടായി, ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ 3000 ഇറാഖി ഗ്രാമങ്ങൾ ഞങ്ങൾ ഭസ്മീകരിച്ചു എന്ന്. നാം ഒന്ന് ആലോചിച്ചു നോക്കൂ, ഈ യുദ്ധത്തിന്റെ പ്രഥമ പ്രഖ്യാപനം ഇറാഖിജനതയെ ക്രൂരനായ ഒരു സ്വേച്ഛാതിപധിയിൽ നിന്നു മോചിപ്പിക്കാനാണ് എന്നായിരുന്നു. പക്ഷേ, ഇതേ പ്രഖ്യാപനക്കാർ തന്നെ പറയുന്നു 3000 ഇറാഖി നഗരങ്ങൾ ഭസ്മീകരിച്ചെന്ന്. എത്ര ഇറാഖി പട്ടാളക്കാർ മരിച്ചെന്നോ, അവരുടെ ആയുധങ്ങൾക്ക് എന്ത്മാത്രം നഷ്ടം നേരിട്ടു എന്നതിനെ സംബന്ധിച്ചോ കൂടുതൽ വിശദീകരണത്തിലേക്ക് പോകേണ്ട ആവശ്യമില്ല. പക്ഷേ, ഇത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ 3000 ഗ്രാമങ്ങളുടെ സമ്പൂർണനാശം എന്നത് ചരിത്രത്തിൽ

# ഏതാനും നിമിഷങ്ങൾ കൊണ്ട്...

1991 ലെ ഗൾഫ് യുദ്ധത്തിൽ വർഷിച്ച ബോംബ് ഹിരോഷിമയിൽ വർഷിച്ചതിന്റെ ഏഴര ഇരട്ടിയാണ്. ഇപ്പോൾ ആസന്നമായ യുദ്ധത്തിലെ ബോംബുകളുടെ അളവ് (ടണ്ണേജ്) അതിനേക്കാൾ എത്രയോ കൂടുതലാണ്. അന്ന് പത്ത് ശതമാനം ബോംബ് മാത്രമായിരുന്നു സൂക്ഷ്മമായി ലക്ഷ്യത്തിൽ വർഷിക്കാവുന്ന ഉപകരണങ്ങൾ (Drecision guided) ഘടിപ്പിച്ചിരുന്നത്. ഇന്ന് അത് 80 ശതമാനമാണ്. അമേരിക്കയുടെ CBS നെറ്റ്വർക്കിന്റെ ജനുവരി മാസത്തിലെ ഒരു റിപ്പോർട്ട് പ്രകാരം 'പെന്റഗൺ ഇപ്പോഴത്തെ ഈ യുദ്ധസംരംഭങ്ങളുമായി മുന്നോട്ടു പോവുകയാണെങ്കിൽ ഒരുദിവസം വ്യോമസേനയും നാവികസേനയും കൂടി 300 മുതൽ 400 വരെ മിസൈലുകൾ ഇറാക്കിൽ വർഷിക്കും. തുടർന്നുള്ള ദിവസങ്ങളിലും ഇത് തുടരും' എന്ന് പറയുന്നു. ഈ യുദ്ധസംരംഭങ്ങളുടെ സൂത്രധാരനായ ഹർമാൻ ഉൽമാൽ പറയുന്നത്. 'നിങ്ങൾക്ക് ഇത് ഒരേസമയം പലവിധത്തിൽ പ്രവർത്തിക്കുന്നത് കാരണം. ഹിരോഷിമയിലെ ന്യൂക്ലിയർ ആയുധങ്ങളെപ്പോലെ ദിവസങ്ങളോ ആഴ്ചകളോ എടുക്കില്ല. ഏതാനും നിമിഷങ്ങൾ മാത്രം.'

(Antiwar upsurge-Aijas Ahmed. Frontline, March 14, 2003)

ഇതിന് മുമ്പ് ഉപമയില്ലാത്ത സംഭവമാണ്. ഒരു രാജ്യത്തിനുനേരെയും ഇത്തരം ഭയാനകമായ ആക്രമണം ഇതിനുമുമ്പുണ്ടായിട്ടില്ല. അത്തരത്തിലുള്ള ഒരു ഭീകരതയാണ് ഈ സ്വേച്ഛാധിപതികൾ ഇറാഖിനുമേൽ അഴിച്ചുവിട്ടത്. എന്നിട്ടും ഇവർ വിജയകാഹളം മുഴക്കുകയാണ്. ഇത് വളരെ അമ്പരപ്പിക്കുന്നതാണ്. അപമാനത്തിന്റെയും അവമതിപ്പിന്റെയും പരമകാഷ്ഠയാണിത്.

ജപ്പാൻ മല്ലയോദ്ധാവായ ഈനോക്കിയും ഒരു അമേരിക്കൻ ശിശുവും തമ്മിൽ ദ്വന്ദ്വയുദ്ധമുണ്ടായതുപോലെയാണിത്. ആ ശിശുവിനെ മല്ലയോദ്ധാവ് തവിടുപൊടിയാക്കി കൊല്ലുന്നു. എന്നിട്ട് ഈനോക്കി അമേരിക്കയുടെ മേൽ ജപ്പാന്റെ വിജയം പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആധുനിക ആയുധങ്ങളിലും മറ്റു സകല കാര്യങ്ങളിലും മേധാവിത്വമുള്ളതും എല്ലാ നിലക്കും മേൽക്കൈയുള്ളതുമായ മുപ്പത് രാഷ്ട്രങ്ങൾ ഇറാഖിനെതിരെ ഐക്യമുന്നണിയായി നിൽക്കുകയാണ്. ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ ഒരു മൃഗത്തിന്റെ പല്ലുകൾ പിഴുതുമാറ്റി അതിനെ അംഗഛേദം ചെയ്ത് തുണ്ടം തുണ്ടമാക്കുന്നത്പോലെ അവർ ഇറാഖിനെ ഇല്ലാതാക്കാൻ വന്നു. എന്നിട്ട് അർഹമായതും പാഠം പഠിപ്പിക്കുന്നതുമായ ഒരു ശിക്ഷ ഇറാഖിന് ഞങ്ങൾ നൽകിയിരിക്കുന്നുവെന്ന് വീമ്പടിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങളെല്ലാം ഇന്ന് ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഉപദേശിച്ചത്പോലെ ഭാവിലോകത്ത് ഇതിന്റെ ഫലങ്ങൾ കണ്ടുതുടങ്ങും. ഞാനിപ്പോൾ മറ്റു ചില നിർദ്ദേശങ്ങൾ കൂടി അറബികൾക്കും മറ്റ് മുസ്ലിംകൾക്കും മൂന്നാം ലോകരാജ്യങ്ങൾക്കും നൽകാൻ ഉദ്ദേശിക്കുന്നു.

## അറബിലോകത്തോട് ചില നിർദ്ദേശങ്ങൾ

അറബികളും, അതുപോലെ ഇറാനും തങ്ങളുടെ ആഭ്യന്തര ഭിന്നതകൾ ഉടൻ തന്നെ ഇല്ലാതാക്കണം. ഇവിടെ മൂന്ന് തരം ഭിന്നതകളുണ്ട്. ഇത് ഉടൻതന്നെ പരിഹൃതമായില്ലെങ്കിൽ ഫലസ്തീൻ പ്രശ്നത്തിൽ അറബ് ലോകം എന്നെന്നേക്കുമായി വിഭജിക്കപ്പെടും.

ഒന്നാമതായി, ഇറാന് അറബികളുമായി ശത്രുതയുണ്ട്. ഇതിന്റെ ഫലമായാണ് ഇറാൻ ഇറാഖ് യുദ്ധത്തിൽ സഊദി അറേബ്യയും കുവൈത്തും ഇറാഖിനു പിന്തുണ നൽകിയത്. ഇറാഖുമായി ഇവർക്ക് പരസ്പര വിയോജിപ്പുണ്ടായിരുന്നിട്ടുകൂടി ഇറാഖിനെ പിന്തുണക്കാൻ കാരണമിതാണ്. യാതൊരർത്ഥത്തിലും ഇറാൻ അടുത്ത്വരാൻ അവർ അനുവദിക്കില്ല.

രണ്ടാമതായി, സഊദി അറേബ്യയെ സംബന്ധിച്ചിടത്തോളം സുന്നി-ശിയാ പ്രശ്നം അതിഗുരുതരമാണ്. ശിയാക്കളുടെ വർദ്ധന യാതൊരർത്ഥത്തിലും സഊദി അറേബ്യ വെച്ചുപൊറുപ്പിക്കില്ല.

മൂന്നാമതായി, കുർദ് പ്രശ്നമാണ്. ഇതുവരെയുള്ള ശത്രുക്കളുടെ നീക്കങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ ഇസ്രായേൽ ഈ മൂന്ന് പ്രശ്നങ്ങളും വളരെ സമർത്ഥമായി ഒരേസമയം ആളിക്കത്തിക്കുകയാണ്. ഉദാഹരണത്തിന് യുദ്ധം അവസാനിക്കാൻ നേരത്ത് തെക്കൻ ഇറാഖിൽ ശിയാക്കളുടെ കലാപം ആരംഭിച്ചിരുന്നു. ഇതിന്റെ ഫലമായി ചിരപുരാതനമായ അറബ് ഇറാൻ ശത്രുതവീണ്ടും ഉയിർത്തെഴുന്നേൽക്കുമായിരുന്നു. ഇറാഖിലെ ശിയാ പുരോഹിതന്മാർ സഹായത്തിന് വേണ്ടി ഇറാനോട് അഭ്യർത്ഥിക്കുന്നു. സഊദി അറേബ്യ ഇതിനെതിരെ അമേരിക്കയുടെ മീതെ സമ്മർദ്ദം ചെലുത്തുന്നു. അങ്ങനെ അവർ യഹൂദഗൂഢാലോചനക്ക് ഇരയായി. ഇതായിരുന്നു യഹൂദികളുടെ പ്ലാൻ. ഇത് സംബന്ധിച്ച് ഇതുവരെ വാർത്തകളൊന്നും വന്നിട്ടില്ല. ഇത് യുക്തിപരമായ കണക്ക് കൂട്ടലാണ്. ഇറാൻ വളരെ ബുദ്ധിപരമായി പെരുമാറുകയാണ്. അല്ലാത്തപക്ഷം ഭാവിയുദ്ധത്തിന്റെ വിത്തുകൾ അവിടെ വിതക്കപ്പെടുമായിരുന്നു. ശത്രുവിന്റെ ഭാഗത്ത് നിന്ന് ഈ ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കാം. അത് വിജയിക്കുകയാണെങ്കിൽ ശത്രുവിന് രണ്ട് ലക്ഷ്യങ്ങൾ നേടാം. ഒന്നാമതായി, ഇറാൻ അറബ് ശത്രുത വർദ്ധിക്കും. രണ്ടാമതായി, ശിയാ-സുന്നി പ്രശ്നം എങ്ങും ആളിക്കത്തും. അങ്ങനെ ഈ രണ്ട് വിഭാഗീയതകളും മറ്റനേകം പ്രശ്നങ്ങൾ സൃഷ്ടിക്കും. അത് യുദ്ധത്തിലേക്ക് പോലും നയിക്കും. കുർദ് പ്രശ്നം അതിനിടക്ക് ഊതിക്കത്തിക്കാൻ ഒരു ശ്രമമുണ്ടായി. എന്നാൽ അത് വേണ്ടവിധത്തിൽ

വളർന്ന് വികസിച്ചില്ല. പാശ്ചാത്യരാജ്യങ്ങൾ അപ്പോഴേക്കും നീതിയെ സംബന്ധിച്ച് സംസാരിക്കാൻ തുടങ്ങിയത് കാരണമാണ് ആ ശ്രമം അലസിപ്പോയത്. വാസ്തവത്തിൽ അവർക്ക് നീതി എന്നതിൽ കവിഞ്ഞ് അവരുടെ താൽപ്പര്യങ്ങൾ മാത്രമെയുള്ളൂ. ഈ അവസരത്തിൽ ഇത്തരം പ്രശ്നങ്ങൾ കുത്തിപ്പൊക്കുന്നത് അവരുടെ ലക്ഷ്യങ്ങൾക്ക് സഹായകമായിരുന്നില്ല. ഇതിന്റെ യഥാർത്ഥ കാരണം കുർദുകളുടെ പ്രശ്നം ഇറാഖിനെ സംബന്ധിച്ച് മാത്രം ബാധകമായതല്ല, മറിച്ച്, അത് ഇറാഖ്, ഇറാൻ, തുർക്കി, റഷ്യ എന്നീ നാലു രാജ്യങ്ങളെ ബാധിക്കുന്നതാണ് എന്നതാണ്. അതായത്, നീതിയുടെ പേരിൽ കുർദുകൾ ഇറാഖിനെതിരെ മുന്നോട്ടു വരികയും അവർ സഹായിക്കപ്പെടുകയും ചെയ്യുമായിരുന്നുവെങ്കിൽ തീർച്ചയായും തുർക്കികൾ റഷ്യക്കെതിരെയും പിന്നീട് തിരിയുന്നതാണ്. അത് പാശ്ചാത്യൻ രാഷ്ട്രങ്ങൾക്ക് വിനയാണ്. അപ്പോൾ നീതിയെ സംബന്ധിച്ച അവരുടെ ഇരട്ടത്താപ്പ് വെളിച്ചത്ത് വരും. കുർദുകളുടെ സമരം ഉയിർത്തെഴുന്നേൽക്കുകയാണെങ്കിൽ അത് എല്ലാ കുർദുകളിൽ നിന്നുമുള്ള സ്വാതന്ത്ര്യ പ്രസ്ഥാനമായി വളരണം. ഇത് ഇറാൻ, തുർക്കി, റഷ്യ മുതലായ രാജ്യങ്ങളിലും കുഴപ്പങ്ങൾ സൃഷ്ടിക്കും.

ഇതുവരെ ഇത്തരം പ്രശ്നങ്ങളൊന്നും തന്നെ വളർന്നുവന്നില്ല. പക്ഷേ, ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട മുസ്ലിം രാജ്യങ്ങൾ ഉടൻതന്നെ ഒത്തുചേർന്ന് ഈ പ്രശ്നങ്ങളെല്ലാം തന്നെ എന്നെന്നേക്കുമായി പരിഹരിക്കണം. അല്ലാത്തപക്ഷം ഈ പ്രശ്നങ്ങളെല്ലാം അവരുടെ തലക്ക് മുകളിൽ കയറിൽ കെട്ടിയ വാൾപോലെ തൂങ്ങിനിൽക്കുന്നതാണ്. ആ കയറിന്റെ ഒരറ്റം പാശ്ചാത്യനാടുകളുടെ കൈകളിലായിരിക്കും ബന്ധിച്ചിരിക്കുന്നത്. അവർ വിചാരിക്കുമ്പോൾ ആ ഖഡ്ഗം തലക്ക്മുകളിൽ വീഴ്ത്തിക്കൊണ്ട് മുസ്ലിം രാജ്യങ്ങളെ അവർക്ക് പരിക്കേൽപ്പിക്കാവുന്നതാണ്. ചൂഷണം ചെയ്യപ്പെടാൻ പാകത്തിലുള്ള ഈ ഭീതിജനകമായ അവസ്ഥ മുസ്ലിം രാജ്യങ്ങളുടെ തലക്ക് മുകളിൽ നിന്ന് എക്കാലത്തേക്കുമായി ഇല്ലാതാകണം. പാശ്ചാത്യ നാടുകൾക്ക് ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കണം. എന്നിട്ട് അവരുടെ ഹിതത്തിനനുസരിച്ച് അത്തരം പ്രശ്നത്തെ ചൂഷണം ചെയ്യാൻ അവർ തക്കം പാർത്തിരിക്കുകയാണ്. ഇങ്ങനെയാണല്ലോ മൂന്നാം ലോകരാജ്യങ്ങളെ തമ്മിൽ തല്ലിച്ച് അവർ മുതലെടുക്കുന്നത്.

മറ്റൊരു കാര്യത്തിൽ കൂടി ഞാൻ മുസ്ലിംലോകത്തെ ഉപദേശിക്കാനാഗ്രഹിക്കുന്നു. ജോർദാന്റെ പടിഞ്ഞാറെക്കരയിൽ നിന്നു പിന്മാറാൻ ഇസ്രായീലിനെതിരെ അമേരിക്ക സമ്മർദ്ദം ചെലുത്തുമെന്ന് പ്രത്യക്ഷത്തിൽ പറയപ്പെടുന്നു. തീർച്ചയായും ഇതൊരു പ്രഹസനം മാത്രമാണ്. ഇവിടെ ഒരു നാടകം അരങ്ങേറുകയാണ്. ജോർദാന്റെ പടിഞ്ഞാറെ തീരത്ത് നിന്ന് ഇസ്രയീലിനെ ഒഴിപ്പിക്കുന്ന കാര്യത്തിൽ അമേരിക്കക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ സദ്ദാം ഹുസൈൻ ആദ്യ ദിവസം പറഞ്ഞ ആ ഉപാധിയുമായി ഈ രണ്ടു പ്രശ്നങ്ങളും ഒന്നിച്ചു കാണേണ്ടിയിരുന്നു. 'ഞാൻ കുവൈത്ത് വിടാം പക്ഷേ, അധിനിവേശ പ്രദേശത്ത് നിന്ന് ഇസ്രായീലും മാറണം' അതിന് ശേഷം ഒരു തുള്ളി ചോരപോലും പൊടിയാതെ ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

**മറ്റൊരു പ്രശ്നം ഈജിപ്തിനെപ്പോലെ സിറിയയും ഇസ്രായീലുമായി ഒരു ഉഭയകക്ഷിക്കരാറിൽ ഒപ്പുവെക്കാൻ നിർബന്ധിക്കപ്പെടുമോ എന്ന ഭീതിയാണ്. ഇത് സംഭവിക്കുകയാണെങ്കിൽ ഇറാഖും ജോർദാനുമൊഴികെ ഫലസ്തീനികളുടെ അവകാശത്തെപ്പറ്റി ചോദിക്കാൻ മറ്റൊരു അറബ് രാഷ്ട്രവുമുണ്ടാകില്ല എന്ന സ്ഥിതി വരും.**

ഇസ്രാഈൽ അധിനിവേശ ഭൂമിയിൽ അതിശീഘ്രം പാർപ്പിടങ്ങൾ പണിയുകയാണ്. ഇതിനുള്ള പണത്തിന്റെ ബഹുഭൂരിഭാഗവും പാശ്ചാത്യശക്തികൾ ഇസ്രായീലിന് നൽകിവരുന്നു. അവർ റഷ്യയിലെ ജൂതന്മാരെ പടിഞ്ഞാറൻ തീരത്ത് കുടിയിരുത്താനാണ് ശ്രമിക്കുന്നത്. അതുകൊണ്ട് ഇസ്രായീലിനെ അധിനിവേശ ഭൂമിയിൽനിന്ന് ഒഴിപ്പിക്കാൻ സമ്മർദ്ദം ചെലുത്തുമെന്ന അമേരിക്കയുടെ വാഗ്ദാനം സ്ഥിരീകരിക്കാൻ യുക്തിബോധം അനുവദിക്കില്ല.

ഇത് കൂടാതെ, മറ്റൊരു പ്രശ്നം ഈജിപ്തിനെപ്പോലെ സിറിയയും ഇസ്രായീലുമായി ഒരു ഉഭയകക്ഷിക്കരാറിൽ ഒപ്പുവെക്കാൻ നിർബന്ധിക്കപ്പെടുമോ എന്ന ഭീതിയാണ്. ഇത് സംഭവിക്കുകയാണെങ്കിൽ ഇറാഖും ജോർദാനുമൊഴികെ ഫലസ്തീനികളുടെ അവകാശത്തെപ്പറ്റി ചോദിക്കാൻ മറ്റൊരു അറബ് രാഷ്ട്രവുമുണ്ടാകില്ല എന്ന സ്ഥിതി വരും.

മറ്റൊരു പ്രശ്നം ഇപ്പോൾ ചർച്ച ചെയ്യേണ്ടതുണ്ട്. എണ്ണസമ്പന്നമായ സഊദി, കുവൈത്ത് എന്നീ രാജ്യങ്ങൾ എണ്ണയില്ലാത്ത മറ്റു മുസ്ലിം രാജ്യങ്ങൾക്ക് സംഭാവനകൾ സ്വീകരിക്കുന്നത് സംബന്ധിച്ചാണ്. കേവലം ഭിക്ഷ എന്ന രീതിയിലാണ് മുസ്ലിം ദരിദ്രരാജ്യങ്ങൾ ഈ സംഭാവന സ്വീകരിക്കുന്നത്. ഒരു ഭിക്ഷക്കാരന് ഭിക്ഷ നൽകപ്പെടുന്നു എന്നതിൽ കവിഞ്ഞ് ഈ ധനസഹായത്തെ സംബന്ധിച്ച് അവർക്ക് നിയമപരമായി യാതൊരു അവകാശവുമില്ല. ഈ നിലപാട് ഫലസ്തീൻ പ്രശ്നത്തെ സംബന്ധിച്ച പ്രമേയത്തെ ദുർബ്ബലപ്പെടുത്തുമെന്ന് മാത്രമല്ല അവ പൂർണ്ണമായി നശിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് അറബികൾ എണ്ണവിഭവം അല്ലാഹു നൽകിയ ഒരു സമ്മാനമാണെന്ന് കരുതണം. ഇതൊരു കൂട്ടുസ്വത്തായി അവർ ഗണിക്കണം. ഈ കൂട്ടു

സ്വത്ത് ഉത്തരവാദിത്തത്തോടെ സംരക്ഷിക്കാൻ അവർ ഒന്നിച്ചിരുന്ന് ഒരു ഫോർമുല രൂപവത്കരിക്കണം. എണ്ണ സമ്പത്ത് ഈ രാജ്യങ്ങൾക്കിടയിൽ തുല്യമായി പങ്കിടുകയും വേണം. തീർച്ചയായും എണ്ണസമ്പത്ത് കണ്ടുപിടിക്കപ്പെട്ട രാജ്യങ്ങൾക്ക് ഇസ്‌ലാമിക നിയമത്തിൽ അഞ്ചിൽ ഒന്ന് അവകാശമുണ്ട്. ഇസ്‌ലാമിക കർമ്മശാസ്ത്രജ്ഞൻമാർക്ക് (ഫുഖഹാക്കൾ) ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ കുറച്ച്കൂടി അധികം ഈ രാജ്യങ്ങൾക്ക് നൽകാം. പക്ഷേ, 'എണ്ണസമ്പത്തിന്റെ പൊതുഉടമാവകാശം' എന്ന തത്ത്വത്തെ അടിസ്ഥാനമാക്കി അവർ കരാറുണ്ടാക്കുകയും ആ കരാർ പൂർണമായി പാലിക്കുകയും ചെയ്യണം. ഇതിന്റെ ഫലമായി എണ്ണയില്ലാത്ത രാജ്യങ്ങൾക്ക് ലഭിക്കുന്ന പണം അവരുടെ അവകാശമായി മാറുന്നു. തീർച്ചയായും തുടക്കത്തിൽ ഈ അറബ്‌രാജ്യങ്ങളെല്ലാം ഒരു രാജ്യമായിരുന്നു. അതിനെ ഛിന്നഭിന്നമാക്കിയത് പാശ്ചാത്യശക്തികളാണ്. അവർ തന്നെ നൽകിയ വാഗ്ദാനങ്ങൾ ലംഘിച്ചതിന്റെ ഫലമായാണ് ഇങ്ങനെ അറബ് രാജ്യങ്ങൾ വിഭജിക്കപ്പെട്ടത്. വാസ്തവത്തിൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ ബ്രിട്ടീഷുകാർ ഏകീകൃത സ്വതന്ത്ര അറബ് രാജ്യം വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, അത്തരമൊരു ഏകീകൃത സ്വതന്ത്ര അറബ് രാജ്യം ഇതുവരെ സാക്ഷാൽകൃതമായിട്ടില്ല. ഇതിനർത്ഥം ആ അവസരത്തിൽ അറേബ്യയുടെ സമ്പത്ത് ഏകീകൃതമായി എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന ഒരു ധാരണ അക്കാലത്തുണ്ടായിരുന്നു എന്നാണ്. അവർ ഒത്തൊരുമിച്ച് ഈ പൊതു ഉടമാവകാശതത്ത്വത്തെ മുറുകെ പിടിക്കുകയും ആ അടിസ്ഥാനത്തിൽ നയതന്ത്ര ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യണം.

## ഒരു ഏകീകൃത സാമ്പത്തിക സഖ്യത്തിന്റെ ആവശ്യകത

മറ്റൊരു സുപ്രധാനമായ സംഗതി, ഈ ഭൂമിയിലാകെ ഒരു ഏകീകൃത സാമ്പത്തിക സഖ്യം ആവശ്യമായിവരണം. ഇതിന് മുമ്പ് ഈജിപ്ഷ്യൻ പ്രസിഡന്റായിരുന്ന നാസ്സർ ഒരു രാഷ്ട്രീയ അറബ് യൂനിയനെക്കുറിച്ച് അഭിപ്രായം മുന്നോട്ടുവെച്ചിരുന്നു. രാഷ്ട്രീയ സഖ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ സാമ്പത്തിക സഖ്യത്തിന് പ്രാധാന്യം നഷ്ടപ്പെടും. ഈ കാരണംകൊണ്ടാണ് ഇ. ഇ. സി. (യൂറോപ്യൻ സാമ്പത്തിക സഖ്യം) ആദ്യം രൂപീകൃതമായത്. ബുദ്ധിമാന്മാരായ യൂറോപ്യൻ നേതാക്കന്മാർ ആദ്യം സംസാരിക്കുന്നത് സാമ്പത്തിക സഖ്യത്തെപ്പറ്റിയാണ്. സാമ്പത്തിക സഹകരണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തിയായതിന് ശേഷം രാഷ്ട്രീയ ഏകീകരണത്തെക്കുറിച്ച് അവർ സംസാരിക്കും.

പാൻ അറബിസം എന്ന സങ്കൽപ്പം ജമാലുദ്ദീൻ അഫ്ഗാനിയാണ് ആദ്യമായി മുന്നോട്ടുവെച്ചത്. ഈ സങ്കൽപ്പം മുന്നോട്ടുവെച്ചത്. ഇദ്ദേഹത്തിന്റെ ഈ സിദ്ധാന്തം സ്വീകരിച്ചുകൊണ്ട് മറ്റ് പ്രസ്ഥാനങ്ങൾ അഭിവൃദ്ധിപ്പെടുകയുണ്ടായി. എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളും ഒരുമിക്കണം എന്നോ എല്ലാ അറബികളും ഏകീകൃതമാകണം എന്നോ ഉള്ള ജമാലുദ്ദീൻ അഫ്ഗാനിയുടെ ഈ സിദ്ധാന്തം ഇസ്‌ലാമികപരമായി അംഗീകരിക്കാൻ സാധ്യമല്ല. ലോകത്തിലുള്ള എല്ലാ മുസ്‌ലിംകളും എല്ലാ മുസ്‌ലിം രാജ്യങ്ങളും ഏകീകൃതമായി ഒരു ഭരണകൂടത്തിനു കീഴിൽ വരണമെന്ന സിദ്ധാന്തം വിശുദ്ധഖുർആൻ ഉന്നയിക്കുന്നില്ല. ഈ അർത്ഥത്തിൽ ഒരു ഭരണകൂടമായിരിക്കാൻ അറബികൾക്ക് പോലും ഇതുവരെ സാധ്യമായിട്ടില്ല.

അതുകൊണ്ട് ഏകീകൃത ഭരണകൂടമുണ്ടാക്കുന്നതിനേക്കാൾ ഏകീകൃത സാമ്പത്തിക സഖ്യത്തിന് വേണ്ടിയുള്ള നടപടികളാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഭക്ഷണത്തിനും വ്യവസായത്തിനും ഈ മേഖലയിൽ ഒരു പൊതുവായ ആസൂത്രണവും പ്രവർത്തനപരിപാടിയും ഉണ്ടാവണം.

## മൂന്നാം ലോകരാജ്യങ്ങൾക്ക് ഭീഷണി

ഇതോടനുബന്ധിച്ച് മറ്റൊരു കാര്യം കൂടി പ്രതിപാദിക്കേണ്ടതുണ്ട്. സാമ്പത്തിക സഹകരണം എന്ന വിഷയം ഈ മേഖലയിൽ മാത്രം ഒതുങ്ങിയാൽപോരാ. അത് മൂന്നാം ലോകരാജ്യങ്ങളിൽ മുഴുവനുമായി വ്യാപിപ്പിക്കേണ്ടതുണ്ട്. ഈ ഭീഷണി നവസാമ്രാജ്യത്വത്തിന്റെ ഭീഷണിയാണ്. അതുകൊണ്ട് പ്രതിരോധാത്മകമായ സമീപനം ആവശ്യമാണ്.

സോവിയറ്റ് യൂനിയനുമായുള്ള കരാറിന് ശേഷം കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ ഈ സഹകരണതത്ത്വം ഉപേക്ഷിക്കുകയും പഴയ കാലത്ത് മടങ്ങിപ്പോകുകയുമാണുണ്ടായത്. ഇപ്പോൾ പുതിയ സാമ്രാജ്യത്വ ശത്രുക്കൾ ഉടലെടുത്തിരിക്കുന്നു. ഒരിക്കൽ റഷ്യ ഈ രാജ്യങ്ങൾ ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ചിരുന്നു. ഈ രാജ്യങ്ങളുടെ കമ്പോളങ്ങൾ തട്ടിയെടുക്കപ്പെട്ടു എന്നത് റഷ്യയെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ജർമ്മനി പുതിയ ഒരു സാമ്പത്തിക ശക്തിയായി ഉയരും. പല കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും അതിനുപിന്നിൽ അണിനിരക്കും. തദവസരത്തിൽ അവരുടെ കൂട്ടായ ഉൽപ്പാദനങ്ങൾക്ക് പുതിയ കമ്പോളങ്ങൾ കണ്ടെത്തേണ്ടിവരും. അതുകൊണ്ട് മൂന്നാം ലോകരാജ്യങ്ങൾ ഗുരുതരമായ വിപത്തുകളെ നേരിടേണ്ടിവരും. യൂറോപ്പും അമേരിക്കയും ഉയിർത്തെഴുന്നേൽക്കുകയാണ്. അമേരിക്ക അതിന്റെ സാമ്പത്തിക താൽപ്പര്യങ്ങളുമായി മൂന്നാം ലോകരാജ്യത്ത് നിലയുറപ്പിച്ചിരിക്കുന്നു. ഈ വഴിക്ക് അവർ അതിജീവനസമരത്തിലേർപ്പെട്ടിരിക്കുകയാണ്. രണ്ട് നേരത്തെ ഭക്ഷണം കഴിച്ച് മാന്യമായി കഴിയുക എന്നത് മൂന്നാം ലോകരാജ്യങ്ങൾക്ക് കഴിയാതെ വരും. ആഫ്രിക്കൻ രാജ്യങ്ങൾ ഈ ഘട്ടത്തിൽ ഇപ്പോൾ തന്നെ എത്തിനിൽക്കുന്നു. അവർക്ക് നേരെ ചൊവ്വെ ശ്വസിക്കാൻ പോലും സാധ്യമാവാതെ വന്നിരിക്കുന്നു.

## സാമ്പത്തിക സഹകരണത്തിന്റെയും പ്രശ്നപരിഹാരങ്ങളുടെയും ആവശ്യകത

അയൽ രാജ്യങ്ങളുടെ പൊതുക

മ്പോളങ്ങളുടെ രൂപീകരണം ഏറ്റവും ആവശ്യമായി വന്നിരിക്കുന്നു. പാക്കിസ്താൻ, ഇന്ത്യ, ബംഗ്ലാദേശ്, ശ്രീലങ്ക മുതലായ രാജ്യങ്ങളുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കൊണ്ട് തന്നെ അവർക്ക് ഒരു പൊതുകമ്പോളവും സാമ്പത്തികസഹകരണസഖ്യവും രൂപീകരിക്കാവുന്നതാണ്. പക്ഷേ, ഇത് സാധ്യമാവണമെങ്കിൽ അവരുടെ പ്രാദേശികമായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ഇത്തരം ആഭ്യന്തര പ്രശ്നങ്ങൾ പരിഹൃതമാകാതെ അവശേഷിക്കുകയാണെങ്കിൽ സാമ്പത്തിക കമ്പോളം രൂപീകരിക്കാൻ സാധ്യമാകാതെ വരും എന്ന് മാത്രമല്ല അവരുടെ ഇപ്പോഴുള്ള നീറുന്ന പ്രശ്നങ്ങൾക്കൊന്നും യാതൊരു പരിഹാരവും കണ്ടെത്താനാകില്ല. ഇതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് ഈ രാജ്യങ്ങളിലെ എല്ലാ പ്രശ്നങ്ങളും എക്കാലത്തേക്കുമായി പരിഹരിക്കേണ്ടതുണ്ടെന്നാണ്. പുരോഗതിയിലേക്ക് നയിക്കുന്ന അവരുടെ പാതകളെല്ലാം തടയപ്പെട്ടിരിക്കുന്നു. എന്നിട്ടും കണ്ണും പൂട്ടി അപക്വമായ ചിന്തകളിലൂടെ അവർ മുന്നേറുകയാണ്.

ഇവിടെയൊരു കശ്മീർ പ്രശ്നമുണ്ട്. ഇതിന്റെ ഫലമായി ഇന്ത്യയും പാക്കിസ്താനും തമ്മിലുള്ള ശത്രുത വർദ്ധിക്കുകയാണ്. ഇതിന്റെ ഫലമായി മറ്റൊരു രാജ്യത്തും ഇല്ലാത്തവിധം അവർ വമ്പിച്ച സൈന്യങ്ങളെ വെച്ച് പുലർത്താൻ നിർബന്ധിക്കപ്പെടുന്നു. അത്തരം വലിപ്പത്തിലുള്ള ഒരു സൈന്യത്തെ പോറ്റി നിലനിർത്താൻ ലോകത്തിലെ ഒരു രാജ്യത്തിനും സാധ്യമല്ല. ഒരു രാജ്യം അതിന്റെ ദേശീയ വരുമാനത്തിന്റെ 60 ശതമാനം സൈന്യത്തിന് വേണ്ടി ചെലവാക്കുന്നു. ഒരു രാജ്യത്തിനും അന്തസ്സാർന്ന ഒരു ജീവിതം നയിക്കാൻ സാധ്യമല്ല. അത്തരമൊരു ജീവിതം ആ രാജ്യങ്ങൾക്ക് വിധിക്കപ്പെട്ടിട്ടില്ല. കാരണം ഒരു രാജ്യത്തിന്റെ പരിധിയിൽ കവിഞ്ഞ സൈനികച്ചെലവുകൾ ആ രാജ്യത്തെ പിച്ചപ്പാത്രമെടുപ്പിക്കും.

## യാചനയുടെ ശാപം

ഇത്തരം സൈനികശക്തി നില

**നിങ്ങൾ മറ്റൊരു രാജ്യത്ത് നിന്ന് ആയുധങ്ങൾ വാങ്ങുമ്പോൾ ആ ആയുധങ്ങൾ പ്രവർത്തിപ്പിക്കാനുള്ള പരിശീലനത്തിന് വേണ്ടി ആയുധം തന്ന രാജ്യത്തേക്ക് വാങ്ങിയ രാജ്യത്തെ സൈനികർ പരിശീലനത്തിനായി പോകുന്നു. ഇങ്ങനെ സൈനിക പരിശീലനത്തിന് പോകുന്നവരിലൂടെയാണ് മൂന്നാം ലോകരാജ്യങ്ങളിൽ വിദേശ രാജ്യങ്ങൾ തങ്ങളുടെ ചാരവലയങ്ങൾ സൃഷ്ടിച്ചെടുക്കുന്നത്.**

നിർത്തുന്ന രാജ്യങ്ങളെ സാമ്പത്തിക വീക്ഷണത്തിൽ കൂടി നോക്കുമ്പോൾ അത്തരം രാജ്യങ്ങൾക്ക് നിലനിൽപ്പിന് വേണ്ടി ഭിക്ഷയെടുക്കുകയല്ലാതെ മറ്റ് വഴികളൊന്നുമില്ല. അന്തിമ വിശകലനത്തിൽ ഇന്ത്യക്കും പാക്കിസ്താന്നും ഭിക്ഷ തെണ്ടൽ എന്ന ശാപം ബാധിച്ചിരിക്കുന്നു. ഭിക്ഷക്കായി അവരുടെ കരങ്ങൾ കിഴക്കോട്ടേക്കും പടിഞ്ഞാറോട്ടേക്കും നീളുകയാണ്.

കശ്മീർ പ്രശ്നവും അതുപോലെ മറ്റു തർക്കങ്ങളും രമ്യമായി പരിഹരിക്കപ്പെടുകയാണെങ്കിൽ ഈ മേഖലയിൽ വിപ്ലവകരമായ പുരോഗതി കൈവരും. ഇതു കൂടാതെ മറ്റനേകം പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇന്ത്യയും പാക്കിസ്താനും മാത്രമല്ല, ആഫ്രിക്കയിലെയും ഏഷ്യയിലെയും തെക്കെ അമേരിക്കയിലെയും രാജ്യങ്ങളിൽ ഇതുപോലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള ഇത്തരം തർക്കങ്ങൾക്ക് കാരണം പരസ്പരം അവിശ്വാസം വളരുകയും ആ രാജ്യങ്ങളുടെ വരുമാനത്തിലെ വലിയൊരു ശതമാനം സൈനികച്ചെലവുകൾക്ക് വേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു. സമ്പന്ന രാജ്യങ്ങൾ ചെലവഴിക്കുന്നതിനേക്കാൾ എത്രയോ വലിയ സംഖ്യയാണിത്. സമ്പന്ന രാജ്യങ്ങളെ മൂന്നാം ലോകത്തിലെ ദരിദ്ര രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സമ്പന്ന രാജ്യങ്ങൾ തങ്ങളുടെ വരുമാനത്തിന്റെ പത്തിലൊരംശം പോലും സൈനികാവശ്യങ്ങൾക്ക് വേണ്ടി ചെലവാക്കുന്നില്ല. മിക്ക സമ്പന്ന രാജ്യങ്ങളും അവരുടെ വരുമാത്തിന്റെ മൂന്നുമുതൽ അഞ്ചുശതമാനം വരെ മാത്രമെ സൈനികാവശ്യങ്ങൾക്ക് വേണ്ടി ചെലവാക്കുന്നുള്ളൂ. ഈ ചെലവ് ഏഴ് ശതമാനത്തോളം ഉയരുകയാണെങ്കിൽ വമ്പിച്ച പ്രതിഷേധങ്ങളും ചർച്ചകളും ആ രാജ്യത്തിൽ നിന്നു നമുക്ക് കേൾക്കാം. അപ്പോൾ ദരിദ്രരാജ്യങ്ങൾ ധാരാളിത്തത്തോടുകൂടി 60 മുതൽ 70 ശതമാനം വരെ സൈനിക ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുകയും അതു മതിയാകാഞ്ഞിട്ട് സൈന്യത്തിന് വേണ്ടി സാമ്പത്തിക സഹായത്തിന് കൈനീട്ടുകയും ചെയ്യുന്ന കാര്യം നാമൊന്ന് ആലോചിച്ചുനോക്കൂ.

## സ്വാശ്രയത്വത്തിന്റെ ആവശ്യകത

സാമ്പത്തിക സഹായങ്ങൾ ഒരു ദരിദ്രരാജ്യത്തിന്റെ സാമ്പത്തികനില നന്നാക്കിത്തീർക്കില്ല. അത് അവരെ യാചകരാക്കിതീർക്കുന്നു. എല്ലാ ദരിദ്രരാജ്യങ്ങളും ഈ ഗുരുതരമായ അവസ്ഥയിലാണ്. ഏതെങ്കിലും ഒരാൾ തെറ്റായ ജീവിതനിലവാരം പുലർത്തുകയാണെങ്കിൽ അയാൾ മാനസികമായി പുരോഗതിക്കും സ്വാതന്ത്ര്യത്തിനും പറ്റാത്തയാളായിത്തീരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ ദാരിദ്ര്യത്തിലും യാചനയിലും ആയിത്തീരുന്നു. സംതൃപ്തിയോടെയുള്ള ജീവിതം നയിക്കുന്നയാൾ പരമദരിദ്രാവസ്ഥയിൽനിന്നു വളരെ സമ്പന്നനായിത്തീരുന്നത് കാണാം.

നിർഭാഗ്യകരമെന്ന് പറയട്ടെ, മൂന്നാം ലോകരാജ്യങ്ങളുടെ മേൽ പതിച്ച ശാപങ്ങൾ ഇവയൊക്കെയാണ്: സംതൃപ്തിയില്ലായ്മ, ആത്മാഭിമാനബോധ

ത്തിന്റെ കുറവ്, പൊങ്ങച്ചത്തിലധിഷ്ഠിതമായ ജീവിതനിലവാരം നിലനിർത്താൻ അപലപനീയമായ യാചനാസ്വഭാവം. യാചിച്ചു സമ്പാദിച്ച ഒരാൾ ചെലവാക്കുന്നയത്ര പണം ഒരു പണക്കാരൻ ഹോട്ടലുകളിൽ ചിലവാക്കുന്നില്ല എന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അത്തരം യാചകർക്ക് പണത്തിന്റെ വില എന്താണെന്നറിയില്ല. അയാൾ യാചിക്കുന്നു, ഭുജിക്കുന്നു അത്രമാത്രം. അയാൾക്ക് ആഗ്രഹിക്കുമ്പോഴെല്ലാം കൈനീട്ടുകയേ വേണ്ടൂ. ഈ മനഃസ്ഥിതിതന്നെ ഒരു രാജ്യത്തിനും വന്നുഭവിക്കുന്നതാണ്. യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാത്ത വ്യാജ ജീവിതനിലവാരമാണ് അവർ പുലർത്തുന്നത്. ബാഹ്യമായി അവർ പുരോഗമിക്കുന്നതായി നമുക്ക് തോന്നും. പക്ഷേ, അവരുടെ പുരോഗതി യാചനയിലധിഷ്ഠിതമാണ്. ഈ പുരോഗതിയുടെ കാഴ്ച്ച അവരെ വഞ്ചിക്കുന്നു. പട്ടിണിയുടെ കടുത്ത യാഥാർത്ഥ്യം അവരെ സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കാൻ പ്രേരിപ്പിക്കണം. പക്ഷേ, ഒരിക്കലും അതവർ ചെയ്യില്ല. ഈ കഠിനതകളും പ്രയാസങ്ങളുമെല്ലാം അനുഭവിക്കുന്നത് സമൂഹത്തിലെ സാധാരണക്കാരാണ്. അധികാരത്തിലിരിക്കുന്നവർ ഇതൊന്നും അനുഭവിക്കുന്നില്ല. അതാണ് പറയുന്നത് ഈ രാജ്യങ്ങൾ രണ്ടായി വിഭജിക്കപ്പെടുന്നു. ഒരു വിഭാഗം കുറച്ച് പേരടങ്ങിയ ഉപരിവർഗ്ഗം. പാവങ്ങളുടെ ജീവിതത്തെപ്പറ്റി അവർക്ക് യാതൊരറിവുമില്ല. അവരുടെ കണ്ണിനു താഴെയുള്ള ദരിദ്രരുടെ ദാരുണമായ ജീവിതാവസ്ഥയെ സംബന്ധിച്ച് അവർക്ക് യാതൊരു ബോധവുമില്ല. പ്രയാസവും വേദനയും സഹിക്കുന്ന ദരിദ്രവർഗ്ഗം. അവരുടെ ജീവിത്തിന് എന്നെങ്കിലും ഒരു ഗതിപിടിക്കാൻ കഴിയാതെ ശക്തിഹീനരായിത്തീരുന്നു. അവർക്ക് ഒരു രാജ്യത്തിന്റെ നയങ്ങൾ മാറ്റിത്തിരുത്താൻ കഴിയുന്നില്ല. രാജ്യത്തിന്റെ നയരൂപീകരണ രംഗത്തിരിക്കുന്ന തലച്ചോറുകളിലേക്ക് വേദനകളുടെയും യാതനകളുടെയും യാതൊരു അനുഭവവും ഇറങ്ങിച്ചെല്ലുന്നില്ല.

ഇത് നാഡീവ്യവസ്ഥയിലുണ്ടാകുന്ന ഗുരുതരമായ ഒരു തകരാറ് പോലെയുള്ള ഒരവസ്ഥയാണ്. കശേരു പൊട്ടിപ്പോയ ആളെപോലെയാണ്. ശരീരത്തിന്റെ താഴ്ഭാഗത്തുള്ള അവയവങ്ങളെ സംബന്ധിച്ച കാര്യങ്ങൾ തലച്ചോറിന് സംവേദിച്ചറിയാൻ കഴിയാതെ പോകുന്നു. കാൽപാദങ്ങൾ കരിഞ്ഞുപോയാൽ പോലും മസ്തിഷ്ക്കത്തിന് അത് അറിയാൻ കഴിയുന്നില്ല. മൂന്നാം ലോകത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന ഭീതിജനകമായ അവസ്ഥ ഇതാണ്. യാചനകൊണ്ട് വന്നുഭവിക്കുന്ന ഭയാനകമായ അവരുടെ പരിണിതി ഇതായിരിക്കും.

## സൈനികസഹായമെന്ന ശാപം

സൈനിക സഹായത്തിന്റെ കാര്യം നമുക്ക് പരിശോധിക്കാം. ഒരിക്കൽ നിങ്ങൾ വിലകൂടിയ ആയുധങ്ങൾ വാങ്ങിച്ചുകൂട്ടിയാൽ നേരത്തെ പറഞ്ഞ തീരിയിലുള്ള സാമ്പത്തിക അവസ്ഥ കൂടുതൽ കൂടുതൽ ബലഹീനമാകും. നിങ്ങളുടെ രാജ്യത്തിന്റെ സാമ്പത്തിക ഘടന കൂടുതൽ ആയുധങ്ങൾ വാങ്ങാൻ അനുവദിക്കുന്നില്ലെങ്കിൽ നിങ്ങൾ യാചിച്ചുവാങ്ങാൻ നിർബന്ധിക്കപ്പെടും. ഇക്കാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. നിങ്ങൾ മറ്റൊരു രാജ്യത്ത് നിന്ന് ആയുധങ്ങൾ വാങ്ങുമ്പോൾ ആ ആയുധങ്ങൾ പ്രവർത്തിപ്പിക്കാനുള്ള പരിശീലനത്തിന് വേണ്ടി ആയുധം തന്ന രാജ്യത്തേക്ക് വാങ്ങിയ രാജ്യത്തെ സൈനികർ പരിശീലനത്തിനായി പോകുന്നു. ഇങ്ങനെ സൈനിക പരിശീലനത്തിന് പോകുന്നവരിലൂടെയാണ് മൂന്നാം ലോകരാജ്യങ്ങളിൽ വിദേശ രാജ്യങ്ങൾ തങ്ങളുടെ ചാരവലയങ്ങൾ സൃഷ്ടിച്ചെടുക്കുന്നത്. സൈനികോപകരണങ്ങൾ യാചിച്ചുവാങ്ങുന്നതിന്റെ മറ്റൊരു വിപത്ത്, അത് നൽകുന്ന രാജ്യക്കാർക്ക് സൈനികോപകരണങ്ങളുടെ നിയന്ത്രണം വഴിമാറിപ്പോകുന്നു എന്നതാണ്. സൈനികസഹായങ്ങൾ സ്വീകരിക്കുകയും അത് നൽകുകയും ചെയ്യുന്ന രാജ്യങ്ങളെ ഞാൻ സൂക്ഷ്മമായി നിരീക്ഷിച്ച കാര്യം ഒരു പത്രപ്രവർത്തകനും അംഗീകരിക്കുന്നു. ഒരു രാജ്യം സൈനിക സഹായം സ്വീകരിക്കുമ്പോൾതന്നെ വലിയൊരു എണ്ണം സൈനികതല നിഗൂഢമായ ലക്ഷ്യങ്ങൾക്ക് വേണ്ടി വിലക്ക് വാങ്ങപ്പെടുന്നു. സൈനിക സഹായങ്ങൾ സ്വീകരിക്കപ്പെടുന്ന എല്ലാ രാജ്യങ്ങളിലും ഇത് നിർബാധം സ്ഥാപിക്കപ്പെടുന്നു.


ഇപ്പോഴത്തെ ഏറ്റവും ഗുരുതരമായ വിപത്ത് എന്താണെന്ന് വെച്ചാൽ അമേരിക്ക മാത്രമല്ല സൈനിക സഹായങ്ങളിലൂടെ രാജ്യങ്ങളെ അടിമപ്പെടുത്തുന്നത്; ഇസ്രയേലും അമേരിക്കയുടെ വലംകൈയ്യായി നിന്നുകൊണ്ട് ഈ കൃത്യം നിർവ്വഹിക്കുന്നു. അമേരിക്കക്ക് നേരിട്ട് സൈനിക സന്നാഹങ്ങൾ നൽകാൻ സാധ്യമല്ല. അത് ഇസ്രായേലിനെ അവർ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ഇവർ രണ്ട് പേരും വേറെ ചില സ്ഥലങ്ങളിൽ അടിമ രാജ്യങ്ങളെ വരിഞ്ഞ് കെട്ടി മൂക്ക് കുത്തിക്കുന്നു.

## മൂന്നാം ലോകം: കാലഹരണപ്പെട്ട ആയുധങ്ങളുടെ കുപ്പത്തൊട്ടി

പാശ്ചാത്യനാടുകളുടെ കാലഹരണപ്പെട്ട ആയുധങ്ങളുടെ ഒരു റെഡിമാർക്കറ്റാണ് മൂന്നാം ലോകരാജ്യങ്ങൾ. എപ്പോഴെല്ലാം അത്യന്താധുനികമായ ആയുധങ്ങൾ നിർമിക്കപ്പെടുന്നുവോ പഴക്കം ചെന്ന ആയുധങ്ങൾ എവിടെയെങ്കിലും പോയി തള്ളേണ്ടിവരുന്നു. ഈ ആയുധങ്ങളുടെ സ്വാഭാവികമായ പരിണിതി മൂന്നാം ലോകരാജ്യങ്ങളിലെക്ക് അത് എത്തപ്പെടലാണ്. അവിടെ ഫലങ്ങൾ വിളവെടുക്കാൻ വേണ്ടി കായ്ച്ചുനിൽക്കുന്നു. മൂന്നാം ലോകരാജ്യങ്ങളുടെ പരസ്പര ശത്രുത ഇത്തരം ആയുധങ്ങൾക്ക് കമ്പോളമായിത്തീരുകയും ചെയ്യുന്നു.

ഇതുവരെ അമേരിക്കയുടെ ഇത്തരത്തിലുള്ള ആയുധങ്ങളാണ് ഇങ്ങനെ ഉപയോഗിക്കപ്പെട്ടത്. മലയുടെ കൂമ്പാരം പോലെ റഷ്യൻ ആയുധങ്ങളും വിൽപ്പനക്കുണ്ട്. മറ്റു പാശ്ചാത്യനാടുകളും ഈ ബിസിനസ്സിൽ ചേർന്നെങ്കിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. ■

ലേഖനം



# വാഗ്ദത്തമസീഹിന്റെ(അ) രൂപലാവണ്യം

ഡോ. എസ്. എം.

**വിവിധ മതരേഖകളിൽ പരാമർശിക്കപ്പെട്ടതും പലതരം അടയാളങ്ങളാൽ വേർതിരിച്ചറിയേണ്ടതുമായ വാഗ്ദത്ത മസീഹിന്റെ(അ) രൂപലാവണ്യത്തെപ്പറ്റി**

പുരുഷ സൗന്ദര്യത്തിന്റെ ഉത്തമോദാഹരണമായിരുന്നു വാഗ്ദത്ത മസീഹ്(അ). ബാഹ്യ സൗന്ദര്യത്തോടൊപ്പം അദ്ദേഹത്തിന്റെ മുഖാരവിന്ദത്തിൽ സ്ഫുരിക്കുന്ന ആത്മീയ പ്രകാശം ആരാലും ശ്രദ്ധിക്കപ്പെടുമായിരുന്നു. അദ്ദേഹത്തിന്റെ അനുഗൃഹീതമായ ആകാര സൗഷ്ടവവും ദൈവികമായ വരദാനം തന്നെയായിരുന്നു. അത് അദ്ദേഹത്തോടിടപഴകുന്നവർക്ക് അദ്ദേഹത്തോട് ആകർഷണം തോന്നുന്നതിന് കാരണമായിത്തീർന്നു. അദ്ദേഹത്തിന്റെ തിരുമുഖം സദാപ്രസന്നവും വിനയാന്വിതവുമായിരുന്നു. ഒരിക്കലും തന്നെ വിദ്വേഷത്തിന്റെയോ ഭയത്തിന്റെയോ അഹങ്കാരത്തിന്റെയോ ലാഞ്ചനപോലും അവിടെ ദൃശ്യമായിരുന്നില്ല.

ഒരിക്കൽ ചോലാ സാഹിബ് കാണാൻ വേണ്ടി വാഗ്ദത്ത മസീഹും ശിഷ്യൻമാരും ഡേരാ ബാബാ നാനക്ക് സന്ദർശിക്കുകയുണ്ടായി. അവർ ഒരു മരത്തണലിൽ പായവിരിച്ച് അതിലിരുന്ന് വിശ്രമിക്കുകയായിരുന്നു. വാഗ്ദത്ത മസീഹ് വന്നിട്ടുണ്ടെന്നറിഞ്ഞ തദ്ദേശവാസികൾ അവരുടെ ചുറ്റും കൂടുകയും വാഗ്ദത്ത മസീഹാണെന്ന ധാരണയിൽ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബിന്റെ കൈപിടിച്ച് അഭിവാദ്യം ചെയ്യാൻ തുടങ്ങുകയും ചെയ്തു. മൗലവിസാഹിബ് വാഗ്ദത്ത മസീഹിനെ ചൂണ്ടിക്കാണിച്ച് കാര്യം വ്യക്തമാക്കിക്കൊടുത്തപ്പോഴാണ് അവർക്ക് മനസ്സിലായത്. അത്ര ലളിതവും വിനീതവുമായിരുന്നു അദ്ദേഹത്തിന്റെ ഭാവവും വസ്ത്രധാരണവും.

## ശരീരം, ഉയരം

വാഗ്ദത്ത മസീഹ് (അ) അമിത വണ്ണമുള്ളയാളോ തീരെ മെലിഞ്ഞ വ്യക്തിയോ ആയിരുന്നില്ല. ഒത്ത ശരീരവും ശരാശരി ഉയരവുമായിരുന്നു. അദ്ദേഹത്തിന്റെ കൃത്യമായ ഉയരം രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും അഞ്ചടി എട്ടിഞ്ച് ഉയരമുണ്ടായിരുന്നു എന്ന് കരുതപ്പെടുന്നു. വിശാലമായ കപോലങ്ങളും വിരിഞ്ഞ നെഞ്ചും അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം അദ്ദേഹത്തിന് ആരോഗ്യം പകർന്നു. സന്തുലിതാവസ്ഥയിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ ശരീരം. അധികം വയറുണ്ടായിരുന്നില്ല. രണ്ടുകാലുകളും സമവലിപ്പമായിരുന്നു. ചുരുക്കത്തിൽ, ഏതെങ്കിലും വിധത്തിലുള്ള ന്യൂനത കളിൽ നിന്ന് തീർത്തും മുക്തമായിരുന്നു അദ്ദേഹത്തിന്റെ ശരീരം. തൊലികൂടുതൽ മൃദുവോ പരുപരുത്തതോ ആയിരുന്നില്ല. അവസാന നാളുകൾ വരെ ആ മുഖത്ത് ഒരു വിധ ചുളിവുകളോ വരകളോ പ്രത്യക്ഷപ്പെട്ടിരുന്നില്ല. തണുപ്പുകാലങ്ങളിൽ കാലിന്റെ മടമ്പിൽ വിള്ളലുകൾ ഉണ്ടാകാറുണ്ടായിരുന്നു. ഗ്രീഷ്മകാലത്തും ശൈത്യകാലത്തും ചുടുവസ്ത്രങ്ങൾ ഉപയോഗിക്കാറുണ്ടായിരുന്നെങ്കിലും ഒരിക്കലും വിയർത്തിരുന്നില്ല.

## കഴുത്ത്

ശരാശരി നീളവും വണ്ണവുമുള്ളതായിരുന്നു അദ്ദേഹത്തിന്റെ കഴുത്ത്, അദ്ദേഹത്തിന്റെ യജമാനന്റെ, മുഹമ്മദ് നബി(സ) തിരുമേനിയുടെ ചര്യകളെ കർശനമായി അദ്ദേഹം പാലിച്ചിരുന്നു. അതിന്റെ പ്രതിഫലനം ആദ്ദേഹത്തിന്റെ ബാഹ്യ രൂപത്തിലും കാണാമായിരുന്നു.

## ആരോഗ്യ പരിപാലനം

മുടി വെട്ടൽ, മൈലാഞ്ചിയിടൽ, പല്ലുവൃത്തിയാക്കൽ, മുടിയിൽ എണ്ണയിടൽ, സുഗന്ധ ദ്രവ്യങ്ങൾ ഉപയോഗിക്കൽ, മുടിചീകിയൊതുക്കൽ എന്നീകാര്യങ്ങളിൽ, വളരെ ചിട്ടപാലിച്ചിരുന്നു. അവയെല്ലാം നബി(സ) തിരുമേനിയുടെ

ചര്യയനുസരിച്ച് മാത്രം ചെയ്യുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു അദ്ദേഹം.

## പ്രകൃതവും മുഖഭാവവും

വെളുത്ത ശരീരപ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. മുഖത്ത് ഭക്തിയുടെ കിരണങ്ങൾ സദാ ദൃശ്യമായിരുന്നു. ദുഃഖാവസരത്തിലും സന്തോഷാവസ്ഥയിലും അതിന് മാറ്റമുണ്ടായിരുന്നില്ല. ചില സന്ദർഭങ്ങളിൽ മുഖം സുവർണ്ണ നിറത്തിൽ ശോഭിക്കുമായിരുന്നു.

പുഞ്ചിരിയും നിഷ്കളങ്കതയും ആ മുഖത്തിന്റെ സ്ഥായിയായ ഭാവങ്ങളായിരുന്നു. മാനസികാവസ്ഥ എന്തുതന്നെയായിരുന്നാലും മുഖം എപ്പോഴും പ്രസന്നമായിരിക്കുന്നതിനെക്കുറിച്ച് ആളുകൾ അത്ഭുതം പ്രകടിപ്പിക്കുമായിരുന്നു. ഇത്തരം ഭാവം ഒരിക്കലും ഒരു വ്യാജ വ്യക്തിക്ക് പ്രകടിപ്പിക്കാൻ സാധ്യമല്ല. സത്യത്തിന്റെ പ്രകാശം ദുർവൃത്തന്റെ മുഖത്ത് ദൃശ്യമാവില്ല തന്നെ.

ബാഹ്യരൂപത്തിലൂടെ ആത്മീയ സൗന്ദര്യം പ്രകടമായ രണ്ട് സംഭവങ്ങൾ ഇവിടെ വിവരിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

1. പാതിരി ആഥമിനെ സംബന്ധിച്ച പ്രവചനവുമായി ബന്ധപ്പെട്ടതാണ്. പ്രവചനത്തിന്റെ കാലാവധി തീരാറായപ്പോൾ പല അഹ്മദികളുടെയും മുഖം വിളറിയും വിഷണ്ണമായും കാണപ്പെട്ടു. പലരും അറിവില്ലാതെ ആഥമിന്റെ മരണത്തെക്കുറിച്ച് എതിരാളികളോട് വെല്ലുവിളികൾ ഉയർത്തിയിരുന്നു. ഇച്ഛാഭംഗവും നിരാശയും ദൃശ്യമായി. മുഴുവൻ പേരും നാണക്കേടിലാക്കരുതേ എന്ന് അല്ലാഹുവിനോട് കരഞ്ഞ് ദുആ ചെയ്യുകയായിരുന്നു. പക്ഷേ ദൈവ കൽപിതനും ധൈര്യശാലിയുമായിരുന്ന ആ വ്യക്തി പരിപൂർണ്ണമായ ആത്മവിശ്വാസത്തോടെ വീടിനു പുറത്ത് വന്നു. തന്റെ അനുചരവൃന്ദത്തോട് പള്ളിയിൽ ഒരുമിച്ചുകൂടാൻ പറഞ്ഞു. പള്ളിയിൽ സന്നിഹിതരായവർ മുഴുവൻ അങ്ങേയറ്റം പരിഭ്രാന്തരായിരുന്നു. എന്നാൽ ഹുസൂർ തിരുമനസ്സ് പ്രവചനം പുലർന്നിരിക്കുന്നുവെന്നും അല്ലാഹു സത്യാവസ്ഥ അദ്ദേഹത്തിന് അറിയിച്ചുകൊടുത്തിരിക്കുന്നുവെന്നും അവരെ അറിയിച്ചു.

ആ പ്രഖ്യാപനം നടത്തിയപ്പോഴുള്ള അദ്ദേഹത്തിന്റെ മുഖഭാവം കണ്ട ശ്രോതാക്കൾ അത് പൂർണമായും അംഗീകരിച്ചു. അത് പൂർണ്ണമായും വാസ്തവമാണെന്ന് അവർക്ക് ബോധ്യമായി. അവിടെ കൂടിയവർ ദുഃഖിതരായിരുന്നുവെങ്കിലും ഹുസൂർ തിരുമനസ്സ് അൽപംപോലും അസ്വസ്ഥനാകാതെ സുസ്മേര വദനനായി സംസാരിച്ചു കൊണ്ടിരുന്നു. അല്ലാഹു ആഥമിന്റെ മുഴുവൻ കാര്യങ്ങളും വാഗ്ദത്ത മസീഹിന്റെ കൈയിൽ ഏൽപ്പിച്ചിരിക്കുന്നതായി അവർക്ക് തോന്നി. അജയ്യനായ പോരാളി കീഴ്പ്പെടുത്തപ്പെട്ട തന്റെ എതിരാളിക്ക് കാരുണ്യത്തിന്റേയും ദയയുടെയും പേരിൽ മാപ്പുകൊടുക്കുന്നതുപോലെ ആഥമിന്റെ നിസ്സഹായാവസ്ഥയും എളിമയും കണ്ട് ഹുസൂർ ആദ്ദേഹത്തിന് മാപ്പ്നൽകിയതായി അവർക്ക് അനുഭവപ്പെട്ടു.

2. ലേഖ്റാമിനെക്കുറിച്ചുള്ള പ്രവചനം പുലർന്ന സന്ദർഭം. എതിരാളികൾ മുഴുവൻ ആ കുറ്റം ഹസ്റത്ത് അഹ്മദി(അ)ന്റെ മേൽ ആരോപിക്കുകയുണ്ടായി. അവർ അദ്ദേഹത്തിനെതിരായി പോലീസിൽ ഒരു പെറ്റീഷൻ എഴുതിക്കൊടുത്തു. തുടർന്ന് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വീട്ടിൽ വിശദമായ റെയ്ഡ് നടന്നു. അങ്ങനെ അദ്ദേഹത്തിന്റെ നിരപരാധിത്വം ലോകർക്ക് വ്യക്തമായി. അദ്ദേഹത്തിന്റെ മുഖത്ത് അപ്പോഴും സദാകാണപ്പെടാറുള്ള പുഞ്ചിരിയും സ്വർഗ്ഗീയ സൗന്ദര്യവും ദൃശ്യമായിരുന്നു. സംശയം തോന്നിയതിനാൽ ചില കത്തുകൾ കണ്ടുകെട്ടുകയുണ്ടായി. പക്ഷേ അപ്പോഴൊന്നും തന്നെ ഭയത്തിന്റെ നേരിയ ലാഞ്ചന പോലും മുഖത്ത് പ്രകടമായിരുന്നില്ല. എപ്പോഴും കാണപ്പെടാറുള്ള പുഞ്ചിരിയും നിഷ്കളങ്കതയും തന്നെയായിരുന്നു ആ മുഖത്ത് അപ്പോഴും.

വീടിനു പുറത്ത് കാത്തു നിൽക്കുന്നവരുടെ മുഖത്ത് വിവിധ ഭാവങ്ങൾ മിന്നി മറയുന്നുണ്ടായിരുന്നു. പോലീസുദ്യോഗസ്ഥരുടെ വരവും പോക്കും കണ്ട അവർ പരിഭ്രാന്ത ചിത്തരായിരുന്നു. അകത്ത് എന്താണ് സംഭ വിക്കുന്നതെന്നതറിയാത്തതിലും ഹുസൂർ തിരുമനസ്സിന്റെ അവസ്ഥയെന്താണെന്നറിയാനുള്ള ഉത്കണ്ഠയും കാരണം അവർ തികച്ചും വിവശരായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ മുഖത്ത് കാണപ്പെട്ട പുഞ്ചിരി ദർശിക്കുന്ന ആർക്കും തന്നെ പ്രവചനത്തിന്റെ പുലർച്ചയെക്കുറിച്ചും അദ്ദേഹത്തിന്റെ നിരപരാധിത്വത്തെ കുറിച്ചും ബോധ്യം വരും.

അദ്ദേഹത്തിന്റെ ചുണ്ടുകൾ കൂടുതൽ തടിച്ചതോ അധികം നേർത്തതോ ആയിരുന്നില്ല. മിക്കവാറും ചുണ്ടുകൾ പൂട്ടിവെച്ച അവസ്ഥയിലാണ് കാണപ്പെട്ടിരുന്നത്.

വാർദ്ധ്യക്യാവസ്ഥയിൽ അദ്ദേഹത്തിന്റെ ചില പല്ലുകൾക്ക് ക്ഷയം സംഭവിച്ചിട്ടുണ്ടായിരുന്നു. ചിലപ്പോൾ കഠിനമായ വേദനയും അതുമൂലം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അത് നാവിനെ ബാധിക്കുമെന്നായപ്പോൾ ട്രിം ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ ഒരു പല്ലു പോലും എടുത്തു മാറ്റേണ്ടിവന്നിട്ടില്ല. എപ്പോഴും മിസ്‌വാക്ക് ഉപയോഗിച്ചാണ് പല്ല് വൃത്തിയാക്കാറുണ്ടായിരുന്നത്.

അദ്ദേഹത്തിന്റെ നാസിക മനോഹരമായിരുന്നു. നീണ്ടതും വളവില്ലാത്തതും നയനാനന്ദകരവുമായിരുന്നു അത്. ചെവികൾക്ക് ഒത്ത വലുപ്പമായിരുന്നു. മുകളറ്റം വീതികൂടിയും താഴെ കുറഞ്ഞുമിരുന്നു. അവസാനനാളുകൾ വരെ കേൾവിക്ക് അൽപം പോലും കുറവ് സംഭവിച്ചിരുന്നില്ല. കവിളുകൾ സുന്ദരവും സമതുലിതവുമായിരുന്നു.

## തല, നെറ്റിത്തടം

വീതിയുള്ള നെറ്റിത്തടമായിരുന്നു. പരന്നതും വിശാലവുമായിരുന്നു അത്. ഉന്നതമായ പക്വതയുടെ പ്രതിഫലനം അവിടെ ദൃശ്യമായിരുന്നു. ശിരസ് വലുതും ഭംഗിയുള്ളതുമായിരുന്നു. ധിഷണാവിലാസം പ്രതിഫലിക്കുമാറ് അദ്ദേഹത്തിന്റെ ചെന്നികൾ വീതിയേ

*ശേഷം പേജ് 27 ൽ*

ലേഖനം

# സ്വപ്നങ്ങളും ദർശനങ്ങളും മനഃശാസ്ത്ര പ്രതിഭാസവും

## ശാരീരികമായ പ്രത്യേകതകൾ, സാഹചര്യങ്ങളുടെ സവിശേഷതകൾ മുതലായ ഭൗതിക സ്വാധീനങ്ങളാൽ കാണപ്പെടുന്ന സ്വപ്നങ്ങളും ദർശനങ്ങളും ആത്മീയമാണെന്ന് തെറ്റിദ്ധരിക്കരുത്.

ബഷീർ അഹ്മദ് ഓർച്ചാഡ്

സ്വപ്നം, ദർശനം, അശരീരി മുതലായ പ്രതിഭാസങ്ങൾ രണ്ട് വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. വ്യത്യസ്തമായ അവയുടെ രണ്ട് പ്രവർത്തന മേഖലകൾ ഇവയാണ്.

1. മനഃശാസ്ത്രപരമായ പ്രതിഭാസം(Psychic Phenomena)
2. ആത്മീയ പ്രതിഭാസം (Spiritual phenomena)

മനഃശാസ്ത്രപരമായ പ്രതിഭാസത്തെപ്പറ്റി മാത്രമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. ഇത് സംബന്ധിച്ച ചില ഭൗതികനിയമങ്ങൾ ആത്മീയ നിയമങ്ങളുമായി കൂടിക്കലർന്നുണ്ടാകുന്ന ആശയക്കുഴപ്പം ഒഴിവാക്കുകയാണ് ഈ ലേഖനം കൊണ്ടുള്ള ഉദ്ദേശ്യം. ദർശനങ്ങൾ, ഞെട്ടിക്കുന്ന ദുസ്വപ്നങ്ങൾ, ആകാശത്ത് നിന്നുള്ള അശരീരി, അതുപോലെ നമ്മുടെ ജീവിതത്തിൽ ദിനേന സംഭവിക്കുന്ന ഇത്തരം കാര്യങ്ങൾ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കപ്പെടാറുണ്ട്. അത്തരം അനുഭവങ്ങൾ നിശിതമായി പരിശോധിക്കേണ്ടിയിരിക്കുന്നു. അതെല്ലാം സ്വർഗ്ഗീയ ലോകത്ത് നിന്നുള്ളതാണെന്ന് നാം ധൃതിപിടിച്ച് തീരുമാനിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്യരുത്. രാത്രിയുടെ നിശ്ശബ്ദതയിൽ രണ്ട് വ്യക്തികൾ ഒരു ശബ്ദം കേൾക്കുന്നു. അതിൽ ഒരാൾ കേട്ടത് അത്യുന്നതങ്ങളിൽ നിന്നു വന്ന വെളിപാടാകാം. മറ്റെയാൾ കേട്ടത് ഒരു ടെലിപ്പതിക് സന്ദേശവുമാകാം. ഇത്തരം പ്രതിഭാസങ്ങൾ വളരെ ശ്രദ്ധയോടെ പഠിച്ചു മനസ്സിലാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം നിരുത്തരവാദികളും ആത്മീയ കാര്യങ്ങളിൽ പരിചയമില്ലാത്ത ആളുകളും സംശയലേശമെന്യേ അതെല്ലാം ദൈവത്തിൽ നിന്നുള്ളതാണെന്ന് കരുതിക്കളയും.

## ഇസ്ലാമിന്റെ മഹത്വം

ലോകത്തിലെ ഏറ്റവും സക്രിയവും സജീവവുമായ മതമാണ് ഇസ്ലാം. കാരണം അത് പരിശുദ്ധമായ ദൈവവചനങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്. വിശുദ്ധനബി മുഹമ്മദ് (സ) മറ്റെല്ലാ പ്രവാചകന്മാരെക്കാളും ഏറ്റവും ആത്മീയമായ ഔന്നത്യത്തിൽ വിരാജിക്കുന്നു. ദൈവിക പ്രകാശത്തിന്റെ ഉജ്ജ്വല ജ്യോതിയിൽ കുളിച്ചുനിന്ന അവിടുന്ന് വെളിപാടുകളുടെ നിതാന്തഗഹനമായ മൂലസ്സ്രോതസ്സിൽ നിന്ന് ദിവ്യജ്ഞാനമാകുന്ന ജലം ആവോളം പാനം ചെയ്യുകയുണ്ടായി. തിരുനബി (സ)ക്ക് നൽകപ്പെട്ടത്പോലെ ആത്മീയജ്ഞാനങ്ങളുടെ അമേയ ഭണ്ഡാരങ്ങൾ മറ്റൊരു പ്രവാചകന്നും നൽകപ്പെട്ടിട്ടില്ല. പിതാവ് പുത്രനോട് സംസാരിക്കുന്നയത്ര വ്യക്തതയോടെ ദൈവം അദ്ദേഹത്തോട് സംസാരിച്ചു. വിശുദ്ധഖുർആനിലുള്ള ഓരോ വചനവും പ്രപഞ്ചനാഥന്റെ സ്വച്ഛവും പരിശുദ്ധവുമായ ശാബ്ദിക വെളിപാടുകളാണ്. വിശുദ്ധഖുർആൻ സമ്പൂർണ്ണ ഗ്രന്ഥമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ദൈവത്തിന്റെ വചനം എന്ന നിലക്ക് യാതൊരാൾക്കും ഖുർആനെ അതിജയിക്കാൻ സാധ്യമല്ല.

ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ പതിനായിരക്കണക്കിന് മുസ്ലിംകൾ ദൈവിക വെളിപാടുകളുടെ സ്വീകർത്താക്കളാണ്. അതിന് അനിഷേധ്യമായ തെളിവുകളുണ്ട്. ആത്മീയമായ പ്രതിഭാസങ്ങൾ ഇവിടെ പരാമർശിക്കാനാഗ്രഹിക്കുന്നില്ല. ഈ ലേഖനത്തിൽ മനഃസാസ്ത്രപരമായ പ്രതിഭാസങ്ങളെക്കുറിച്ചാണ് വിശദീകരിക്കുന്നത്. അതുകൊണ്ട് നമുക്ക് മനഃശാസ്ത്ര വിഷയത്തിൽ തന്നെ കേന്ദ്രീകരിക്കാം.

## സ്വപ്നങ്ങൾ

സ്വപ്നത്തിൽ ഒരാൾ ഹിമാവൃതമായ ഒരു പർവ്വതത്തിലേക്ക് കയറുകയാണ്. നിരാശയോടെയാണ് അയാൾ ആ

മഞ്ഞ് നിറഞ്ഞ പാറകളിലേക്ക് കയറുന്നത്. കഷ്ടമെന്ന് പറയട്ടെ അയാളുടെ കൈ പിടിവിട്ടുപോയി. വായപിളർന്നു നിൽക്കുന്ന അഗാധഗർത്തങ്ങളിലേക്ക് അയാൾ വീണുകൊണ്ടിരിക്കുകയാണ്. താഴെയുള്ള കരിമ്പാറക്കൂട്ടങ്ങളിൽതട്ടി തന്റെ ശരീരം ചിന്നിച്ചിതറിപ്പോകുമെന്ന് അയാൾ നിശ്ചയിച്ചുറച്ച് ആ നിമിഷവും കാത്ത് നിൽക്കുകയാണയാൾ. പക്ഷേ, ആ ദാരുണരംഗം വന്നെത്തുന്നതിന് മുമ്പ് അദ്ദേഹം സ്വപ്നത്തിൽ നിന്നുണർന്നു. ഉറക്കം വിട്ടുണർന്ന അയാളുടെ മുറിയിലേക്ക് തണുത്ത കാറ്റ് തുറന്നു വെച്ച ജന്നൽ വഴി കടന്നു വരുന്നത് അയാൾക്ക് അനുഭവപ്പെട്ടു. ആ ജന്നൽ അദ്ദേഹം ഉറങ്ങാൻ പോകുമ്പോൾ അടക്കാൻ മറന്നതായിരുന്നു.

ഒരു യുവതിയുടെ സ്വപ്നം ഇങ്ങനെയായിരുന്നു. ഒരു തണുത്ത വേനൽക്കാലത്ത് വൈകുന്നേരം അഴകേറിയ പുഷ്പങ്ങളുടെ സുഗന്ധം നിറഞ്ഞ ഒരു പൂന്തോപ്പിലൂടെ അവൾ നടന്നുനീങ്ങുകയായിരുന്നു. വൃക്ഷ ശിഖിരങ്ങളിലിരുന്ന് പക്ഷിക്കൂട്ടങ്ങൾ കളകളാരവം മുഴക്കുകയാണ്. വർണശബളമായ ചിത്രശലഭങ്ങൾ പുഷ്പങ്ങൾക്ക് ചുറ്റും നൃത്തം വെക്കുന്നു. നിറക്കൂട്ടുകളുടെ ഉജ്ജ്വലപ്രഭയിൽ പശ്ചിമചക്രവാളത്തിൽ സൂര്യബിംബം മറയാൻ ആരംഭിക്കുന്നു. നിഴലുകൾക്ക് ദൈർഘ്യമേറിവരുന്നു. വാനലോകത്ത് താരകങ്ങൾ കണ്ണുതുറന്നു. പ്രകൃതിയുടെ നിശ്ചല ദൃശ്യങ്ങളിൽ ചന്ദ്രകാന്തം പരന്നു. നിശയുടെ സുഗന്ധം യുവതിയെ പ്രഭാവിതയാക്കുകയായിരുന്നു. അവൾ ഭൂമിയിലെ സ്വർഗ്ഗത്തിലാണെന്ന് കരുതി. അത് ദീർഘനേരം നീണ്ടുനിന്നില്ല. അവൾ സുഷുപ്തിയിൽ നിന്നു ഞെട്ടിയുണർന്നു. അവളുടെ ശയനമുറിയിൽ ഒരു മേശക്ക് മേൽ അവളുടെ പ്രിയപ്പെട്ട സുഗന്ധലേപനം. അടപ്പ് തുറന്ന് കിടക്കുന്നുണ്ടായിരുന്നു.

ഒരാളുടെ മനസ്സിൽ നിന്നു മറ്റൊരാളുടെ മനസ്സിലേക്ക് ചിന്തകൾ ഒഴുകുമ്പോൾ സ്വപ്നങ്ങൾ ഉണ്ടാവാറുണ്ട്. ടെലിപ്പതി എന്നത് തെളിയിക്കപ്പെട്ട ഒരു ശാസ്ത്രമാണ്. തരംഗങ്ങളെപ്പോലെ ചിന്തകൾക്ക് ഈതർ (Ether) എന്ന മാധ്യമത്തിലൂടെ പ്രേഷണം ചെയ്യപ്പെടാൻ കഴിയും. ജാഗ്രതാവസ്ഥയിലോ ഉറക്കത്തിലോ ഉള്ള ആളുകളിലേക്ക് ആ ചിന്തകളെ സംക്രമിപ്പിക്കാൻ സാധിക്കും. ഒരാൾ അയാളുടെ പിതാവ് മരണാസന്നനായി കട്ടിലിൽ കിടക്കുകയും ചുറ്റും ബന്ധുക്കളും സുഹൃത്തുക്കളും കൂടിനിൽക്കുന്നതായും സ്വപ്നം കണ്ടു. ഉറക്കത്തിൽ നിന്ന് ഉണർന്ന അയാൾക്ക് തന്റെ പിതാവ് അത്യാസന്ന നിലയിലാണെന്ന് ഹൃദയത്തിൽ ഒരു ദൃഢവിശ്വാസം രൂപപ്പെട്ടു. അടുത്തദിവസം അയാൾക്ക് ഒരു ടെലിഗ്രം വന്നു. ആ സ്വപ്നംകണ്ട രാത്രി തന്നെ അദ്ദേഹത്തിന്റെ പിതാവ് മരണപ്പെട്ടിരിക്കുന്നു എന്നതായിരുന്നു ആ സന്ദേശം. അയാളുടെ പിതാവ് മരണത്തിന് അൽപ്പം മുമ്പ് അയാളെ വിളിച്ചിരുന്നതായി അയാൾക്ക് പിന്നീട് അറിയാൻ കഴിഞ്ഞു. വളരെ ആത്മാർത്ഥവും ഹൃദയപൂർവ്വവുമുള്ള ചിന്തകൾക്ക് ഉറങ്ങിക്കിടക്കുന്ന ആളുടെ മനസ്സിലേക്ക് കടന്നുവരാൻ സാധിക്കുമെന്നുള്ളതിന് ഇത് തെളിവാണ്.

ചിന്താതരംഗങ്ങൾ മനസ്സ് പിടിച്ചെടുക്കുകയും അത് സ്വീകർത്താവിൽ മൂന്ന് വിധത്തിൽ പ്രകടമാവുകയും ചെയ്യുന്നു.

1) ആശയങ്ങളും വികാരങ്ങളും

2) വാക്കുകളും ശബ്ദങ്ങളും

3) ദർശനങ്ങൾ

ഉയർന്ന രൂപത്തിലുള്ള വെളിപാടുകൾ വാക്കുകൾ ദർശനങ്ങൾ എന്നീ മാധ്യമങ്ങളിലൂടെയാണ് വിനിമയം ചെയ്യപ്പെടുക. സാധാരണ ഗതിയിൽ ഇത്തരം അനുഭവങ്ങൾ അവികലവും കുറ്റമറ്റതുമായ മഹത്ത്വവും ഗാംഭീര്യവും ഉൾക്കൊള്ളുന്നു. ഇതേ രീതിയിലുള്ള അനുഭവങ്ങൾ മനഃശാസ്ത്രത്തിലും, ആത്മീയതയിലും ഒരുപോലെയുണ്ട്. അതുകൊണ്ട് ഇതിന്റെ ഉറവിടം കണ്ടെത്താൻ വളരെയേറെ ജാഗ്രതയോടെയും സൂക്ഷ്മമായും നാം കാര്യങ്ങൾ വിവേചിച്ചറിയണം.

## ആശയങ്ങളും വികാരങ്ങളും

ഒരാൾ തന്റെ ചിന്തകളെപ്പറ്റി ഒരക്ഷരം ഉരിയാടുന്നില്ല. അതേസമയം ആ ചിന്തകൾ തന്റെ സഹചരന്റെ മനസ്സുകളിലും ഉണ്ടാകുന്നു. അല്ലെങ്കിൽ ഒരാൾ സംസാരിക്കുന്ന അതേ ചിന്തകൾ തന്നെ അപരന്റെ മനസ്സിലും ആ സമയത്ത് ഉണ്ടായിവരുന്നു. ഒരിക്കൽ ഒരു ഭർത്താവ് തന്റെ ഭാര്യയോട് പറഞ്ഞു: "ഞാൻ നമ്മുടെ ഫർണിച്ചറുകൾ ഇന്ന് ഉച്ചക്ക് ശേഷം പോളീഷ് ചെയ്യാൻ ഉദ്ദേശിക്കുന്നു" അപ്പോൾ ഭാര്യയും പറഞ്ഞു: "ഞാനും അത് തന്നെയാണ് ഉദ്ദേശിച്ചിരുന്നത്. അക്കാര്യം നിങ്ങളോടിപ്പോൾ ഞാൻ പറയണമെന്ന് കരുതിയതായിരുന്നു." മറ്റൊരിക്കൽ വിശപ്പിന്റെ വിളി ഭർത്താവിന് അസഹ്യമായി. അദ്ദേഹം ഭക്ഷണം ആവശ്യപ്പെട്ട് ഭാര്യയുടെ അടുത്തുവന്നു. ഭാര്യ പറഞ്ഞു: "ഞാൻ നിങ്ങളെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. നിങ്ങൾ വിശന്നിരിക്കുകയാണെന്ന് എനിക്കറിയാം. ഞാൻ പോയി കുറച്ച് ഭക്ഷണം തയാറാക്കാനൊരുങ്ങുകയായിരുന്നു."

ഇതൊരു സംഭവകഥയാണ്: ഒരു കടയുടമക്ക് തന്റെ കടയിൽ രണ്ട് തസ്ക്കരന്മാർ കടക്കുന്നു എന്ന ചിന്ത ഒരിക്കൽ പിടികൂടി. അദ്ദേഹത്തിന് ആ അശുഭചിന്ത കലശലായപ്പോൾ അയാൾ പോലീസിനെ വിവരമറിയിക്കുകയും അവർ ആ കെട്ടിടത്തിൽ പരിശോധന ആരംഭിക്കുകയും ചെയ്തു. ഏതാനും നിമിഷങ്ങൾക്കകം ഒരു കസ്റ്റമർ എന്ന നിലക്ക് രണ്ടുപേർ ആ കച്ചവടസ്ഥാപനത്തിൽ വരികയും റിവോൾവർ ചൂണ്ടി ഉടമയെ ഭീഷണിപ്പെടുത്തുകയും ചെയ്തു. പോലീസ് പെട്ടെന്ന് ഇടപെട്ട് ഉടമയെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടുത്തി. ഇത്തരത്തിലുള്ള പല അസാധാരണമായ മുന്നറിയിപ്പുകളും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എല്ലാ മനുഷ്യമനസ്സിനും ചിന്താപ്രവാഹങ്ങളെ പ്രസരിപ്പിക്കാനുള്ള കഴിവുണ്ട്. അവയിൽ ചിലത് വ്യക്തിപരമായ പ്രഭാവലയത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുന്ന ഒരു വ്യക്തിയെ സംബന്ധിച്ച് അയാളുടെ സാന്നിധ്യമില്ലാതെ തന്നെ അയാളെപ്പറ്റിയുള്ള ചിന്തകൾ ചിലപ്പോൾ ചിലരുടെ മനസ്സിനെ മദിക്കാറുണ്ട്.

ഒരാളുടെ സാന്നിധ്യത്തിൽ മാത്രമല്ല അയാളുടെ ചിന്ത

കളുടെ പ്രസരണം അനുഭവപ്പെടുക, അയാളുടെ അസാന്നിധ്യത്തിലും അത് സംഭവിക്കാം. പീടിക, വീട്, മുതലായ സ്ഥലങ്ങളെല്ലാം തന്നെ അവിടെ അപ്പോഴുള്ള ആളുകളുടെ വിവിധങ്ങളായ ചിന്താതരംഗങ്ങൾ കൊണ്ട് മാത്രമല്ല കമ്പനം ചെയ്യപ്പെടുന്നത്. അതിന്മുമ്പ് അവിടെ വന്ന് പോയവരുടെയും ചിന്തകൾ അവിടെ തങ്ങിനിൽക്കുന്നു. ദൈവഭക്തനായ ഒരാൾ താമസിച്ചിരുന്ന വീട്ടിൽ മറ്റൊരു ദൈവഭക്തനായ ആൾ താമസം തുടങ്ങി എന്നിരിക്കട്ടെ. അപ്പോൾ പുതിയ താമസക്കാരന് എന്തെന്നില്ലാത്ത ശാന്തമായ അനുഭൂതി ആ ഗൃഹാന്തരീക്ഷത്തിൽ നിന്നു ലഭിക്കുന്നു. അതേ സമയം ഒരു തിന്മനിറഞ്ഞ അസ്വസ്ഥനായ ആൾ താമസിച്ചൊഴിഞ്ഞ വീട്ടിലേക്ക് സമാനസ്വഭാവമുള്ള മറ്റൊരാൾ താമസമാരംഭിച്ചാൽ ആ തിന്മയുടെ വികാരങ്ങൾ അയാളിലും പ്രകടമാകും.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം സഹജാവബോധം (Intuition) ഒരു സഹജഗുണമാണ്. അവർക്ക് ഇക്കാര്യത്തിൽ പ്രത്യേക വൈഭവമുണ്ട്. ടെലിപ്പതി മുഖേന മറ്റൊരാളിലെ മനസ്സിലെ കാര്യങ്ങൾ ഗ്രഹിച്ചെടുക്കുന്നതിനാണ് സഹജാവബോധം എന്ന് പറയുന്നത്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, മറ്റാളുകളുടെ സാന്നിധ്യത്തിൽ ഒരാൾ അയാളുടെ ചിന്തകളെ സംരക്ഷിച്ച് നിർത്തേണ്ടതുണ്ട്. ഒരാൾക്ക് പേശികളുടെ ശക്തികൊണ്ട് അയാളുടെ ചിന്തകളെ അടക്കിനിർത്താൻ കഴിഞ്ഞേക്കും. പക്ഷേ ചിന്താതരംഗങ്ങളുടെ കമ്പനങ്ങളെ തടഞ്ഞുനിർത്താൻ കഴിഞ്ഞെന്നുവരില്ല. അപാരമായ മനശ്ശക്തിയുള്ളയാളുകൾക്ക് അന്യരുടെ ചിന്തകളെ പിടിച്ചെടുക്കാൻ സാധ്യമാകുന്നു.

## അശരീരിയും ശബ്ദങ്ങളും

സാധാരണഗതിയിൽ ശബ്ദങ്ങൾ തരംഗരൂപത്തിൽ അന്തരീക്ഷത്തിലൂടെ സഞ്ചരിക്കുന്നു. ശബ്ദങ്ങളെ റേഡിയോ തരംഗങ്ങളാക്കി പ്രക്ഷേപണം ചെയ്യുമ്പോൾ അത് ആദ്യം മൈക്രോഫോണിലൂടെ റേഡിയോ തരംഗങ്ങളായി മാറ്റപ്പെടുന്നു. അതിന്ന് ശേഷം ആ തരംഗങ്ങൾ ഈതറിലൂടെ (Ether) സഞ്ചരിച്ച് സ്വീകരണികളിൽ (റേഡിയോസെറ്റ്) സ്വീകരിക്കപ്പെടുകയും റേഡിയോവിൽ വീണ്ടും അത് ശബ്ദതരംഗങ്ങളാക്കി മാറ്റുകയും ശ്രോതാവിന് അത് ശ്രവിക്കാൻ സാധ്യമാവുകയും ചെയ്യുന്നു.

എന്താണ് ഈതർ? പ്രപഞ്ചം മുഴുവനും വ്യാപരിച്ചു നിൽക്കുന്ന ഒരു അദൃശ്യമാധ്യമമാണ് ഈതർ. വെളിച്ചവും താപവും വൈദ്യുതിയുമെല്ലാം ഈ മാധ്യമത്തിലൂടെ സംവഹനം ചെയ്യപ്പെടുന്നു. കോടാനുകോടി നക്ഷത്രങ്ങൾ കൊണ്ട് നിർമിക്കപ്പെട്ട ഗാലക്സികൾ, പദാർത്ഥങ്ങൾ നിർമ്മിക്കപ്പെട്ട ആറ്റങ്ങൾ അവക്കിടയിലെ സ്ഥലങ്ങളിലെല്ലാം ഈതർ നിറഞ്ഞുനിൽക്കുന്നു. കട്ടിയുള്ള ഒരു മതിലിലൂടെ എങ്ങനെയാണ് റേഡിയോ തരംഗങ്ങൾ കടന്നുവരുന്നതെന്ന് അത് വിശദീകരിക്കുന്നു. വാസ്തവത്തിൽ നമുടെ അനുഭവത്തിൽ അത് കട്ടിയുള്ള മതിലാണെങ്കിലും ധാരാളം ഒഴിഞ്ഞ സ്ഥലമുണ്ട്. ഗാലക്സികൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് നക്ഷത്രങ്ങളും ഗ്രഹങ്ങളും മറ്റ് ഖഗോളവസ്തുക്കൾ കൊണ്ടുമാണല്ലോ. ഒരുപാട് നക്ഷത്രാന്തരസ്ഥലങ്ങൾ ഗാലക്സിയിലുണ്ട്. ഗാലക്സികൾ നക്ഷത്രങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ടത്പോലെയാണ് പദാർത്ഥങ്ങൾ ആറ്റങ്ങളെക്കൊണ്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അതിനിടയിൽ ധാരാളം സ്ഥലമുണ്ട്. മനുഷ്യനേത്രങ്ങൾക്ക് ഒരു സ്ഥൂലപദാർത്ഥം കട്ടിയുള്ളതായി തോന്നുമെങ്കിലും അതിലെല്ലാംതന്നെ ആറ്റങ്ങൾക്കിടയിൽ വളരെയധികം അകലങ്ങളുണ്ട്. ആ ഒഴിവുകളിലെല്ലാം ഈതർ നിറഞ്ഞുനിൽക്കുന്നു. ഈ ഈതർ മാധ്യമത്തിലൂടെയാണ് റേഡിയോ തരംഗങ്ങൾ സഞ്ചരിക്കുന്നത്. വായുനിബദ്ധമായ മുറിക്കുള്ളിൽ അടച്ചിട്ട റേഡിയോ സെറ്റ് പ്രവർത്തിക്കുന്നത് അത്കൊണ്ടാണ്. മതിലുകളിലെ ആറ്റങ്ങൾക്കിടയിലെ ഈതർ മാധ്യമത്തിലൂടെ റേഡിയോ തരംഗങ്ങൾ തടസ്സമില്ലാതെ കടന്നുവരുകയും റേഡിയോ സ്വീകരണികളിൽ അത് സ്വീകരിക്കപ്പെടുകയുംചെയ്യുന്നു. ഈതർ എന്നത് ചിന്തകളെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് വഹിച്ചുകൊണ്ടുപോകുന്ന മാധ്യമമാണ്. അങ്ങനെ ഒരാളിൽ നിന്നു പ്രേഷണം ചെയ്യപ്പെടുന്ന ചിന്താതരംഗങ്ങൾ ചിലപ്പോൾ അപരന്റെ മസ്തിഷ്കത്തിൽ വെച്ച് വീണ്ടും ശബ്ദങ്ങളായി മാറ്റപ്പെടുന്നു.

ഒരിക്കൽ ഒരു ഇംഗ്ലീഷുകാരി ഫ്രാൻസ് സന്ദർശിക്കുകയും ഇംഗ്ലീഷ് ചാനലിന്നരികെയുള്ള കടൽതീരത്ത് താമസിക്കുകയും ചെയ്തു. ഒരു രാത്രി ആ സ്ത്രീ ഞെട്ടിയുണരുകയും റൈഫിളും മെഷീൻഗണ്ണും ഗർജ്ജിക്കുന്ന ശബ്ദം കേൾക്കുകയും ചെയ്തു. മാത്രമല്ല അവർ പട്ടാളക്കാരുടെ അട്ടഹാസങ്ങളും കേട്ടു. ഇതിന്റെ കാരണത്തെപ്പറ്റി അന്വേഷിച്ചപ്പോൾ 1945ലെ സഖ്യകക്ഷികളുടെ സേനകൾ ശക്തമായ ജർമ്മൻ സൈന്യത്തിന്റെ പ്രതിരോധം മറികടന്നുകൊണ്ട് ഫ്രഞ്ച് തീരത്ത് പ്രവേശിച്ചിരുന്നത് ആ സ്ത്രീ താമസിച്ചിരുന്ന കെട്ടിടത്തിന്റെ ജനാലക്കടുത്തായിരുന്നു. വർഷങ്ങൾക്ക് മുമ്പ് നടന്നതായിരുന്നു ആ സംഭവം. ഈ പ്രതിഭാസത്തിന്റെ വിശദീകരണം ഇങ്ങനെയായിരിക്കാം. അതായത്, ആ സേനയിലുള്ള ഒരു പട്ടാളക്കാരന്റെ മനസ്സിൽ രൂപപ്പെട്ട ചിന്താതരംഗങ്ങൾ അവിടെ തങ്ങിനിന്നിരിക്കാം. അത് ഈ സ്ത്രീയുടെ മസ്തിഷ്കം പിടിച്ചെടുത്ത് വീണ്ടും ശബ്ദമായി കേട്ടതായിരിക്കാനാണ് സാധ്യത.

1924ൽ ലണ്ടനിൽ ഒരു ഇംഗ്ലീഷ്കാരൻ തന്റെ ക്യാമ്പംഗങ്ങളോടൊപ്പം വൈകുന്നേരം ഇരിക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം തന്റെ മാതാവ് പേരെടുത്ത് തന്നെ വിളിക്കുന്നതായി കേട്ടു. അടുത്തിരിക്കുന്ന മറ്റു രണ്ടുപേരും അത് കേട്ടു. ആ സമയത്ത് അദ്ദഹേത്തിന്റെ മാതാവ് വളരെ ദൂരെയുള്ള ഒരു പ്രദേശത്തായിരുന്നു. പിറ്റേദിവസം അദ്ദേഹത്തിന് ഒരു ടെലഗ്രാം കിട്ടി. തന്റെ പ്രിയപ്പെട്ട മാതാവ് തലേദിവസം വൈകുന്നേരം മരിച്ചുവെന്നായിരുന്നു അതിലെ വിവരം.

ഈ വിധത്തിൽ ശബ്ദങ്ങളും അശരീരികളും കേൾക്കുന്ന അനുഭവങ്ങൾ സാധാരണയാണ്. ടെലിപ്പതി എന്ന പ്രതിഭാസത്തിന്റെ തെളിവുകളാണ് ഇവിടെ സ്ഥാപിക്കപ്പെടുന്നത്.

ചിന്തകളുടെ ശക്തി തരംഗങ്ങൾ സൃഷ്ടിക്കുന്നു എന്ന വസ്തുതയാണ് ഇതിൽനിന്നു മനസ്സിലാകുന്നത്.

## ദർശനങ്ങൾ

ചരിത്രാതീതകാലംമുതൽക്കുതന്നെ എല്ലാ തലമുറയിൽപ്പെട്ട ജനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ദർശനങ്ങൾ കണ്ടിരുന്നു. സൂര്യനുകീഴിലെ സകലവിധ തത്ത്വശാസ്ത്രങ്ങളെയും ഈ ദ്രഷ്ടാക്കൾ പ്രതിനിധാനം ചെയ്യുന്നു. അവർക്ക് അസാധാരണമായ ചില സ്വപ്നങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്, ജാഗ്രതാവസ്ഥയിലും മയക്കത്തിലും അവർ വിദൂരങ്ങളായ രംഗങ്ങളും ജനതകളെയും ഗ്രന്ഥങ്ങളെയും വസ്തുക്കളെയും കണ്ണിന്റെ മുമ്പിൽ ദർശിച്ചിരുന്നു. അത്തരത്തിലുള്ള ദർശനങ്ങൾ അവർക്ക് അനുഭവപ്പെടുകയുണ്ടായി. അതിന്റെ ആധികാരികതയെക്കുറിച്ച് സംശയിക്കാൻ നിർവ്വാഹമില്ല. അതെല്ലാം വാസ്തവങ്ങളായിരുന്നു. ആത്മീയവും ഭൗതികവുമായ ചില നിയമങ്ങളുടെ പ്രവർത്തനം മൂലമാണ് ഇത്തരം അനുഭവങ്ങൾ സംജാതമാകുക. ചിലപ്പോൾ അവ രണ്ടിന്റെയും സസമ്മേളനം കൊണ്ടും അതു സംഭവിക്കും.

a) ഭൗതികനിയമങ്ങളുടെ പ്രവർത്തനങ്ങൾ കൊണ്ട് മാത്രം ഉണ്ടാകുന്ന ദർശനങ്ങൾ

b) ഭൗതികവും ആത്മീയവുമായ നിയമങ്ങളുടെ യോജിച്ചുള്ള പ്രവർത്തനം മൂലം ഉണ്ടാവുന്ന ദർശനങ്ങൾ.

c) ഈ ലോകത്തിന്റെ വിഷയമായിക്കൊണ്ട് ഭൗതികനിയമം മുഖേന പ്രാവർത്തികമാവുന്ന ദർശനം.

d) ആത്മീയ ലോകത്തിന്റെ ഫലമായിക്കൊണ്ട് ഭൗതികവും ആത്മീയവുമായ നിയമം മുഖേന പ്രാവർത്തിക ദർശനം.

ദർശനം എന്നാൽ എന്താണ്? ദർശനം എന്ന പദത്തിന് അതിന്റെ വാചകത്തിലെ പ്രയോഗമനുസരിച്ച് സന്ദർഭാനുസരണമാണ് അർത്ഥം സിദ്ധിക്കുന്നത്. സാധാരണ ഗതിയിൽ മാംസചക്ഷുക്കൾ കാണുന്ന കാഴ്ച്ചയാണ് ദർശനം എന്ന് അർത്ഥമാക്കുന്നത്. 'അദ്ദേഹം ആ പർവ്വതത്തിന്റെ ശിഖരങ്ങളിലേക്ക് കയറിയപ്പോൾ താഴ്വാരങ്ങളിലെ പട്ടണത്തിന്റെ വിശാലത ദർശിക്കുകയുണ്ടായി' എന്ന വചനം. അത്പോലെ ഇതിന്നുദാഹരണം സാങ്കൽപ്പികമായ അർത്ഥത്തിലും പ്രയോഗിക്കാം. 'ഞാൻ എന്റെ പുത്രന് ഉജ്ജ്വലമായ ഒരു ഭാവി ദർശിക്കുന്നു.' ഈ രണ്ട് അർത്ഥത്തിലും 'ദർശനം' എന്ന പദമാണ് സ്വപ്നത്തെക്കുറിച്ചും അർദ്ധമയക്കത്തിലും ജാഗ്രതാവസ്ഥയിലുമുണ്ടാകുന്ന ദർശന പ്രതിഭാസങ്ങളെക്കുറിച്ചും അർത്ഥമാക്കുന്നത്.

പ്രകൃതിയുടെ നിഗൂഢ രഹസ്യങ്ങളുടെ ഒരു പ്രകടനമാണ് ഈ പ്രതിഭാസം. ഇതിന് പ്രത്യക്ഷമായ ഒരു വിശദീകരണം നൽകാൻ സാധ്യമല്ല. പുരാതന കാലങ്ങളിൽ ഈ പ്രതിഭാസങ്ങൾ ആളുകളിൽ ദുരൂഹതകളുണ്ടാക്കി. പണ്ട്കാലത്ത് ഒരു സൂര്യഗ്രഹണമുണ്ടായാൽ ദൈവകോപമാണെന്ന് കരുതി ജനങ്ങൾ ചകിതരാകുമായിരുന്നു. സൂര്യന്റെയും ഭൂമിയുടെയും ചന്ദ്രന്റെയും ഭ്രമണപഥങ്ങളിൽവെച്ച് സൂര്യൻ ചന്ദ്രനാൽ മറയ്ക്കപ്പെടുമ്പോഴാണ് സൂര്യഗ്രഹണമുണ്ടാകുന്നതെന്ന് ഇന്ന് നമുക്കറിയാം.

മരുഭൂമിയിലെ ഒരു സഞ്ചാരിചക്രവാളത്തിൽ വെള്ളമുള്ളതായി കാണുന്നു. അതിന്റെ തീരങ്ങളിൽ കെട്ടിടങ്ങളും മരങ്ങളും അയാൾ കാണുന്നു. ആ ആഹ്ലാദകരമായ ദർശനഭൂമിയിലേക്ക് അയാൾ കുതിരയെ കതിമുള്ളടിച്ചു പായിക്കുന്നു. അയാൾ അതിനടുത്തെത്തുമ്പോൾ അത് മാഞ്ഞുപോകുകയും ചെയ്യുന്നു. വീണ്ടും വന്യമായ മരുഭൂമി തന്നെ അവനെ സ്വാഗതം ചെയ്യുന്നു. അതൊരു മരീചിക ആയിരുന്നു. ആ പ്രതിഭാസത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള ശാസ്ത്രീയജ്ഞാനം അയാൾക്കുണ്ടായിരുന്നില്ല. അയാൾ ജാഗ്രതാവസ്ഥയിൽ ഒരു ദർശനം (കശ്ഫ്) കണ്ടതായി കരുതിയതായിരുന്നു.

ചിലപ്പോൾ നാം ആത്മീയമാണ് എന്ന് കരുതുന്ന ചില ദർശനങ്ങൾ തികച്ചും ഭൗതിക നിയമങ്ങളുടെ പ്രവർത്തന ഫലവുമായുണ്ടാകുന്നതായിരിക്കും. ഇത്തരം പ്രതിഭാസങ്ങളെ വ്യാഖ്യാനിക്കുന്നതിൽ നാം ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഓർമ്മപ്പെടുത്താനാണ് ഇത്രയും എഴുതാൻ കാരണം.

മസ്തിഷ്ക്കത്തിൽ ചില തകരാറുകളുള്ള ആളുകൾക്ക് ചിലപ്പോൾ പേടിപ്പെടുത്തുന്ന ദർശനങ്ങളും മതിഭ്രമങ്ങളുമുണ്ടാകാം. ചില വസ്തുക്കൾ ഭീകര രൂപികളായി അവർ ദർശിക്കുന്നു. ഒരു ചായക്കപ്പ് ഒരുപക്ഷേ മേശപ്പുറത്തു ഭീമാകാരനായ ഒരു തവളയായി അയാൾ കാണുന്നു. അത്തരം സന്ദർഭങ്ങൾ കാണുന്നയാൾക്ക് അത് യാഥാർത്ഥ്യമാണെന്ന് തോന്നുന്നു.

മെനിഞ്ചൈറ്റിസ് (മസ്തിഷ്ക്കസംബന്ധമായ ഒരു രോഗം) രോഗിയായ ഒരാൾ അസ്വാഭാവികമായ ദർശനങ്ങൾ കാണുന്നു. ആൾക്കഹോളിസം, ടൈഫോയ്ഡ് മുതലായ രോഗങ്ങൾ കാരണം മസ്തിഷ്കത്തെ ആവരണം ചെയ്തിരിക്കുന്ന സ്തരം വീങ്ങുന്നതിനെയാണ് മെനിഞ്ചൈറ്റിസ് എന്ന പറയുന്നത്. ഈ രോഗം ബാധിച്ചവർ കാണുന്ന ദൃശ്യങ്ങൾ ഭീകരമോ ഒരുപക്ഷെ മനോഹരമോ ആയിരിക്കും. ഇത്തരം മസ്തിഷ്ക രോഗികളുടെ മനസ്സിലാണല്ലോ വസ്തുക്കളുടെ രൂപവൈകൃതങ്ങൾ ഉടലെടുക്കുന്നത്.

ഒരിക്കൽ ഈ ലേഖകന്റെ ഭാര്യക്ക് സന്നിപാതജ്വരം മൂർദ്ധന്യത്തിലെത്തി. തേളുകൾ അവരുടെ കിടക്കയ്ക്ക് മുകളിൽ ഇഴയുന്നതായി കണ്ടു. അടുത്ത് നിൽക്കുന്ന ആളെ വിളിച്ചുകൊണ്ട് ആ തേളുകളെ കിടക്കവിരിയിൽ നിന്ന് നീക്കുവാൻ അവർ അപേക്ഷിക്കുന്നുണ്ടായിരുന്നു. തേളുകൾ കിടക്കയിൽ ഇല്ല എന്ന വാസ്തവം അവരോട് പറഞ്ഞെങ്കിലും തേളിനെ ഞാൻ കാണുന്നു എന്ന മറുപടിയാണ് ലഭിച്ചത്. അവരുടെ മസ്തിഷ്ക്കരോഗം കാരണം കണ്ണിന്റെ അത്തരമൊരു മതിഭ്രമം അവർക്ക് യഥാർത്ഥ കാഴ്ചയായി അനുഭവപ്പെടുകയാണുണ്ടായത്.

ജാഗ്രതാവസ്ഥയിൽ, അതായത് ഉണർന്നിരിക്കുന്ന സമയത്ത് കാണുന്ന ദർശനങ്ങൾ ടെലിപ്പതിക് വിനിമയങ്ങൾകൊണ്ടും സംഭവിക്കാറുണ്ട്. ഒരാളുടെ ചിന്തകൾ ദർശനരൂപം പൂണ്ട് മറ്റൊരാളിൽ അത് പുനരുൽപ്പാദിപ്പിക്കപ്പെടാ

വുന്നതാണ്. ടെലിവിഷനും റേഡിയോയും ഇതിന്റെ ഭൗതികമായ ഉദാഹരണമാണ്.

ചിന്താതരംഗങ്ങൾ മുഖേന ദൃശ്യങ്ങൾ വിനിമയം ചെയ്യുക എന്ന വസ്തുത ടെലിവിഷൻ സംപ്രേഷണത്തിന്റെ ഉദാഹരണത്തിലൂടെ നമുക്ക് വ്യക്തമായും മനസ്സിലാകുന്നു. മനഃശാസ്ത്രത്തിലും ഈ പ്രതിഭാസം നമുക്ക് ദർശിക്കാം. ഈ രണ്ട് അത്ഭുതകരമായ പ്രതിഭാസങ്ങൾക്കും ശാസ്ത്രീയമായ വിശദീകരണങ്ങളുണ്ട്. ഒരാൾക്ക് വളരെ വിദൂരതയിലുള്ള ഏതെങ്കിലും രംഗങ്ങളോ വ്യക്തികളെയോ ഞൊടിയിടകൊണ്ട് ദർശിക്കൽ സാധ്യമാണ്.

നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങളിൽ കണ്ണാണ് മസ്തിഷ്ക്കത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നത്. തന്റെ സ്നേഹിതന്റെ നാമം ആരെങ്കിലും ഉച്ചരിക്കുകയാണെങ്കിൽ അയാളുടെ മനസ്സിൽ സ്നേഹിതനെക്കുറിച്ചുള്ള ചിത്രം ആവിഷ്ക്കരിക്കപ്പെടുന്നു. ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു കുറ്റവാളിയുടെ മനസ്സിൽ ശോകമൂകവും വിരസവുമായ ജയിൽമുറിയുടെ ചിത്രം തെളിഞ്ഞുവരുന്നു. ചിന്തകളും ദൃശ്യാവിഷ്ക്കാരവും പരസ്പരം വിഭജിക്കാനാവാത്ത പ്രതിഭാസങ്ങളാണെന്നാണ് ഇതിൽ നിന്നു സിദ്ധിക്കുന്നത്.

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഈ ലേഖകൻ പത്രത്തിൽ അത്ഭുതകരമായ ഒരു വാർത്ത വായിക്കുകയുണ്ടായി. അതായത്, യുദ്ധത്തിനിടയിൽ തന്റെ മകൻ കൊല്ലപ്പെട്ടു എന്ന വിവരം പട്ടാള ഓഫീസിൽ നിന്ന് ഒരമ്മയ്ക്ക് ലഭിച്ചു. അതിന് ശേഷം ഒരുദിവസം അവർ ഒരു ദൃശ്യം കാണുകയുണ്ടായി. തന്റെ മകൻ അവരെ സന്ദർശിക്കുന്നതും അവർ സന്തോഷം കൊണ്ട് വീർപ്പുമുട്ടുന്നതായും അനുഭവപ്പെട്ടു. ഈ അത്ഭുതകരമായ കാഴ്ച പൊടുന്നനെ മാഞ്ഞുപോയി. അതൊരു നൈമിഷികമായ ദർശനമായിരുന്നു. പക്ഷേ, അവർ നേരത്തെ കണ്ട ആ ദർശനം അക്ഷരാർത്ഥത്തിൽ പിന്നീട് പുലരുകയുണ്ടായി. മരിച്ചെന്ന് കരുതിയ മകൻ വീട്ടിൽ തിരിച്ചെത്തി. തെറ്റായ ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ ആ പട്ടാള ഓഫീസർ മരണവാർത്ത ആ അമ്മയ്ക്ക് അയക്കുകയായിരുന്നു. അതിതീവ്രമായ ചിന്തകൾ ചിലപ്പോൾ ടെലിപ്പതിക്ക് സന്ദേശങ്ങളായി മറ്റൊരാളുടെ മനസ്സിലേക്ക് വിനിമയം ചെയ്യപ്പെടാറുണ്ട് എന്നത് വാസ്തവമാണ്. ഇത്തരം ഒരുപാട് സംഭവങ്ങൾ മനഃശാസ്ത്ര ഗവേഷണ ഫയലുകളിൽ രേഖപ്പെട്ടുകിടക്കുന്നു. വളരെ വിപുലവും വിശദവുമായി പഠിക്കേണ്ട ഒ രു വിഷയമാണ് മനഃശാസ്ത്ര പ്രതിഭാസങ്ങൾ. എന്നാൽ അത് ആത്മീയ പ്രതിഭാസത്തിൽ നിന്നു വേർതിരിച്ച് മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. എല്ലാ സ്തുതിയും അല്ലാഹുവിനാകുന്നു.■

*ആറാം പേജിൽ നിന്ന് (മുഖക്കുറിപ്പ്)*

ഒരു യാഥാർത്ഥ്യമാണ്.

വിപരീത സന്ദർഭങ്ങളിൽ തളർന്നുപോകാത്ത ഒരു ധീരാത്മാവായിരുന്നു അദ്ദേഹം. 1980ൽ ഏകാംഗനായിക്കൊണ്ട് അദ്ദേഹം സംസ്ഥാന അടിസ്ഥാനത്തിൽ ഒരു നബിദിനയോഗം മട്ടന്നൂരിൽ സംഘടിപ്പിക്കുകയുണ്ടായി. സുന്നി മുസ്‌ലിംകൾ അഹ്മദികളുടെ നബിദിനയോഗം കൈയ്യേറുമെന്ന് ഭീഷണിപ്പെടുത്തി. അഹ്മദികൾക്ക് മൈക്ക്പെർമിഷൻ നിഷേധിക്കപ്പെട്ടു. ഉന്നതനായ ഒരു മുസ്‌ലിം പോലീസുകാരൻ അവർക്ക് സഹായിയായി പിന്നണിയിൽ പ്രവർത്തിച്ചിരുന്നിട്ടുകൂടി ഡോക്ടർ സ്വന്തം സ്ഥലത്ത് മൈക്കില്ലാതെ തന്നെ നബിദിനയോഗം സംഘടിപ്പിച്ചു. എതിരാളികളുടെ അക്രമസന്നാഹങ്ങളും വധഭീഷണിപോലും ഉണ്ടായിട്ടും ഡോക്ടർസാഹിബ് കാണിച്ച വിപദിധൈര്യവും തന്റേടവും അദ്ദേഹത്തിന്റെ നേതൃപാടവത്തിന്റെ നിദർശനമാണ്. 1988ലെ മുബാഹല നടന്നത് ഡോ. മൻസൂർ സാഹിബ് അമീറായിരുന്നപ്പോഴാണ്. അദ്ദേഹവും ആ പ്രാർത്ഥനാ സമരത്തിൽ പങ്കെടുക്കുകയുണ്ടായി. ആ പ്രാർത്ഥനയുടെ സത്യാസത്യ വിവേചനശക്തി പിൽക്കാലത്തെ കേരളമുസ്‌ലിം ചരിത്രത്തിൽ ദർശിക്കാവുന്നതാണ്.

ദുഃഖങ്ങളും വേദനകളും നിറഞ്ഞ ആതുരമേഖലയായിരുന്നു അദ്ദേഹത്തിന്റെ കർമ്മരംഗം. ദീനാനുകമ്പയും ജീവകാരുണ്യവും വഴിഞ്ഞൊഴുകിയ ഭക്തനായ ആ ഭിഷഗ്വരന്റെ കരസ്പർശംപോലും രോഗികൾക്ക് ആശ്വാസപ്രദമായിരുന്നു. മട്ടന്നൂരിന്റെ സ്വന്തം ഡോക്ടറായി മാറിയ അദ്ദേഹത്തിന്റെ നിര്യാണത്തിൽ ആ കൊച്ചുപട്ടണം അക്ഷരാർത്ഥത്തിൽ തേങ്ങി. അവർ കടകളടച്ച് ഹർത്താലാചരിക്കുകയുണ്ടായി. ആദരാഞ്ജലികൾ അർപ്പിക്കാനെത്തിയ ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ആബാലവൃദ്ധം ജനങ്ങളുടെ അണമുറിയാത്ത പ്രവാഹം കണ്ടപ്പോൾ അദ്ദേഹം ഇത്ര ജനകീയനായിരുന്നോ എന്ന വസ്തുത നമ്മെ വിസ്മയിപ്പിക്കുന്നു. അദ്ദേഹത്തോട് ആശയപരമായി കടുത്ത വിയോജിപ്പുള്ള യാഥാസ്ഥിതിക വിഭാഗത്തിൽപ്പെട്ട മതപണ്ഡിതന്മാർ വരെ ദുഃഖം കലർന്ന മുഖവുമായി ജനാസ കാണാനെത്തിയത് അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തിന്റെ ആദരാഞ്ജലികളായി മാറി.

അഹ്മദിയ്യത്തിന്റെ മനുഷ്യത്വത്തിന്റെയും കാരുണ്യത്തിന്റെയും ഊർജ്ജസ്വലതയുടെയും മുഖമായിരുന്നു ഡോക്ടർ മൻസൂർ സാഹിബ്. ഒരു നാടിനെ മുഴുവൻ സങ്കടത്തിലാക്കിയ ആ മനുഷ്യസ്നേഹിയുടെ വേർപാട് അഹ്മദികൾക്കുണ്ടാക്കിയ ദുഃഖം അവർണ്ണനീയമാണ്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഒരിക്കൽക്കൂടി സത്യദൂതൻ ആ പാവനസ്മരണക്ക് മുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു.■

ലേഖനം

# ചേരിതിരിയുന്ന യൂറോപ്പ്

മിഖായേൽ ഹിൻഡ്‌ലെ

## 1984 മുതൽ 1999 വരെ യൂറോപ്യൻ പാർലിമെന്റിലെ ലേബർ പാർട്ടി യൂനിയൻ അംഗമായിരുന്നു ലേഖകൻ.

ഇറാഖ് പ്രശ്നം കൈകാര്യം ചെയ്യുന്ന ഐക്യരാഷ്ട്രസഭയിലെ ഭിന്നിപ്പിന്റെ അലയൊലികൾ യൂറോപ്പിലും പ്രകടമായിരിക്കുന്നു. യൂറോപ്യൻ വൻകരയിൽ ഭാവിയിലെ ശാക്തിക ധ്രുവീകരണവും രൂപപ്പെട്ടുവരികയാണ്

അമേരിക്കയും ബ്രിട്ടനും ഫ്രാങ്കോ ജെർമൻ സഖ്യവും തമ്മിലുള്ള ഭിന്നത ദിനേനയെന്നോണം വർദ്ധിക്കുകയാണ്. പടിഞ്ഞാറൻ യൂറോപ്പിന്റെ പ്രതിരോധ നയം രൂപപ്പെടുത്തുന്ന നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻസി (NATO) ലാണ് ഈ അകൽച്ച ഏറ്റവും കൂടുതൽ പ്രകടമാകുന്നത്.

1949ലാണ് സോവിയറ്റ് യൂനിയന്റെ ഭീഷണിയെ മുൻനിർത്തി നാറ്റോ രൂപവൽകൃതമായത്. ഇതിനെതിരെ സോവിയറ്റ് യൂനിയൻ വാഗ്സാ സഖ്യം രൂപവൽക്കരിക്കുകയും കഴിഞ്ഞ നാല് ദശാബ്ദക്കാലമായി ശീതയുദ്ധകാലത്തെ യൂറോപ്പിന്റെ ഗതി നിയന്ത്രിക്കുകയും ചെയ്തിരുന്നു.

1989ൽ ബെർലിൻ ഭിത്തിയും തുടർന്ന് സോവിയറ്റ് യൂനിയനും തകരുകയുണ്ടായി. അതോടെ നാറ്റോ സഖ്യം വിജയിച്ചതായും ലോകത്തിനു മുന്നിൽ ഈ സൈനികസഖ്യം ന്യായീകരിക്കപ്പെട്ടതായും അംഗീകരിക്കപ്പെട്ടു. നാറ്റോയെപ്പറ്റിയുള്ള ഒരു സൂത്രവാക്യം ഇങ്ങനെയാണ്. 'യാങ്കിയെ അകത്താക്കി, റഷ്യയെ പുറത്താക്കി ജർമ്മനിയെ കീഴെയുമാക്കി' ആ പ്രവൃത്തി നടന്നു കഴിഞ്ഞു.

കൂടുതൽ സംവേദനക്ഷമതയുള്ള വിമർശകന്മാർ നാറ്റോവിൽ എളുപ്പത്തിൽ ബലക്ഷയം ഉണ്ടാകുമെന്ന് കണ്ടറിഞ്ഞിരുന്നു. ശീതയുദ്ധം ജയിച്ചുകഴിഞ്ഞ സ്ഥിതിക്ക് നാറ്റോവിന്റെ അസ്തിത്വത്തിന്റെ പ്രസക്തിയെന്ത് എന്നവർ ചോദിക്കുന്നു.

യൂറോപ്യൻ രാജ്യങ്ങൾക്കിടയിലെ പഴയ ചൂടേറിയ സംവാദങ്ങളിലും യൂറോപ്യൻ യൂനിയനോട് പ്രതിബദ്ധതയുള്ള ശുദ്ധമായ ഒരു യൂറോപ്യൻ പ്രതിരോധസംഘത്തിന് വേണ്ടി വാദിച്ചിരുന്നു ഫ്രാൻസ്. അതിന്നെതിരെ ബ്രിട്ടന്റെ നേതൃത്വത്തിൽ അമേരിക്കയുമായി ഒന്നിച്ചുള്ള ഒരു പ്രതിരോധ സഖ്യത്തിനുവേണ്ടിയായിരുന്നു വാദിച്ചത്.

1989ന് ശേഷം രണ്ട് വിധത്തിൽ നാറ്റോവിന് പുതുജീവൻ ലഭിക്കുന്ന വഴികൾ തുറന്നുകിട്ടി. ഒന്നാമത്തെത് പടിഞ്ഞാറോട്ടേക്ക് ചായ്‌വുള്ളതും പഴയ സോവിയറ്റ് യൂനിയനിൽ നിന്നു മോചിതരായതുമായ രാജ്യങ്ങൾക്ക് (പോളണ്ട്, ഹങ്കറി, ചെക്കോസ്ലോവാക്യ) നാറ്റോ ഒരു ഇടത്താവളം വാഗ്ദാനം ചെയ്തു. ഈ രാജ്യങ്ങൾ യൂറോപ്യൻ യൂനിയനിൽ അംഗത്വം ലഭിക്കാൻ പരിഗണിക്കപ്പെട്ടിട്ടില്ലായിരുന്നു. രണ്ടാമതായി കോസോവ-സെർബിയ തർക്കത്തിൽ ഐക്യരാഷ്ട്രസഭ ഒരു തീരുമാനമെടുക്കണമെന്ന നിലപാടിന്റെ ശക്തനായ വക്താവായിരുന്നു നാറ്റോ.

സെപ്തംബർ 11ന് ശേഷം നാറ്റോ സെക്രട്ടറി ജനറലായിരുന്ന ലോർഡ് റംബസ്റ്റൺ അമേരിക്കക്കെതിരെയുള്ള ഈ ആക്രമണം നാറ്റോവിന്റെ ഒരു അംഗരാജ്യത്തിന്നെതിരെയുള്ള യുദ്ധമാണെന്ന് പെട്ടന്നങ്ങ് വ്യാഖ്യാനിക്കുകയും നാറ്റോ തന്റെ സൈനിക സഹായം ഇക്കാര്യത്തിൽ നൽകാൻ സന്നദ്ധമാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. കൊടും ഭീതിയാൽ നാറ്റോ എടുത്ത ഈ തീരുമാനം അമേരിക്കയുടെത് മാത്രമായിരുന്നു. സെപ്തംബർ 11ന് ശേഷം ഭീകരതക്കെതിരെയുള്ള യുദ്ധം നയിച്ചത് പെന്റഗണും അമേരിക്കയും മാത്രമാണ്. യൂറോപ്യൻ രാജ്യങ്ങൾ യുദ്ധതന്ത്രങ്ങളെപ്പറ്റിയോ അത് നടപ്പാക്കുന്നതിനെപ്പറ്റിയോ ഒന്നും ഉരിയാടുകയുണ്ടായില്ല. അങ്ങനെ നാറ്റോ ഒരിക്കൽകൂടി സ്വയം അപ്രസക്തമാണെന്ന് തെളിഞ്ഞു.

ഈ സംഭവങ്ങളിലുള്ള നീരസമായിരുന്നു കഴിഞ്ഞ രണ്ടാഴ്ചയായി നാറ്റോവിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന കലഹങ്ങൾക്ക് കാരണം. ഇറാഖിൽ നിന്ന് ആക്രമണമുണ്ടായാൽ സഹായിക്കണമെന്ന തുർക്കിയുടെ അഭ്യർത്ഥനക്ക് ഫ്രാൻസ്, ബെൽജിയം, ജർമ്മനി എന്നീ രാജ്യങ്ങൾ ഉത്തരം നൽകാൻ വിസമ്മതിച്ചിരിക്കുകയാണ്. ഇതിൽ തുർക്കിക്ക് വേദനയുണ്ടാകാൻ ന്യായ

ഭയുടെ ഇന്നത്തെ രൂപത്തെ നശിപ്പിക്കുന്നതാണ്. അതിനേക്കാൾ വ്യക്തമായി അത് നാറ്റോവിനെ തന്നെ ഇല്ലാതാക്കും.

പ്രധാനമന്ത്രി ബ്ലെയറിന് ബ്രിട്ടൻ യൂറോപ്പിന്റെ ഹൃദയമായിത്തീരണം എന്ന ഒരാഗ്രഹമുണ്ടായിരുന്നു. അത് അനുദിനം ഇല്ലാതായിപ്പോവുകയാണ്. ബ്രിട്ടനെപ്പറ്റി ചാൾസ് ഡി ഗ്വയിലിപഴയ പ്രവചനം ഇങ്ങനെയായിരുന്നു. 'യൂറോപിലെ ഈ അമേരിക്കൻ ട്രോജൻകുതിര' അനുനിമിഷം ഉരുകിക്കൊണ്ടിരിക്കുകയാണ് എന്ന്.

ഇറാഖിനെ സംബന്ധിച്ച് ഫ്രാൻസിന്റെ നിലപാടിനോട് റഷ്യ അടുക്കുകയാണ്. ഡി ഗ്വയിലിന്റെ മറ്റൊരു സങ്കൽപ്പവും സാക്ഷാൽകൃതമാവുകയാണ്. അത്ലാന്റിക് മുതൽ യൂറൽസ് വരെയുള്ള യൂറോപ്പ് എന്ന സങ്കൽപ്പമാണത്. ഫ്രാൻസിന്റെ അത്ലറ്റിക് തീരം മുതലായിരുന്നു അത് തുടങ്ങുക എന്ന് ഡി ഗ്വയിലിനു ഉറപ്പായിരുന്നു. ഒരിക്കലും ബ്രിട്ടനോട് ചേർന്ന അത്ലാന്റിക് തീരത്തുനിന്നായിരിക്കില്ല അത്.

ഇംഗ്ലീഷ് ചാനൽ അത്ലാന്റിക് സമുദ്രത്തേക്കാൾ അകലമുള്ളതായി ഇറാഖ് സംഘർഷം തെളിയിച്ചിരിക്കുന്നു.

(Front line, March 14, 2003) ■

തന്നെ ഫ്രാൻകോജർമ്മൻ യുഎൻ പരിശോധന കൂടി വേണമെന്ന ഉപാധിവെച്ച് തിരിച്ചയക്കുകയുണ്ടായി. അവസാനമായി നാറ്റോവിലെ തർക്കം ഒരു നടപടിക്രമത്തിലൂടെ ഒതുക്കുകയാണുണ്ടായത്. തുർക്കിയുടെ അഭ്യർത്ഥനയോട് പ്രതികരിക്കണമെന്ന ആവശ്യം ഒരു സബ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്.

യൂറോപ്പിനെ കുഴപ്പത്തിലാക്കുന്ന ഈ നിലപാടിൽ അമേരിക്കക്കുള്ളിൽ നിന്നുയരുന്ന വിപ്രതിപത്തിക്ക് ഒരു സുദീർഘ ചരിത്രമുണ്ട്. അമേരിക്കൻ ഡിഫൻസ് സെക്രട്ടറി ഡൊനാൾഡ് റംസ് ഫീൽഡിന്റെ 'ഓൾഡ് യൂറോപ്പ്' എന്ന പ്രകോപനപരമായ പരിഹാസോക്തിയിൽ നിന്നു പ്രകടമാകുന്നത് അത്തരത്തിലുള്ള ഒരു അനിഷ്ടമാണ്. അന്തർദേശീയതയോടുള്ള ഈ വിപ്രതിപത്തി അമേരിക്കക്ക് തന്നെ വിനയായിരിക്കും. അമേരിക്കയോട് പ്രതിബദ്ധതയുള്ള അനേകം ബഹുരാഷ്ട്ര അന്തർദേശീയ സ്ഥാപനങ്ങളെയും അത് പ്രതികൂലമായി ബാധിച്ചേക്കാം.

അമേരിക്കൻ താൽപ്പര്യങ്ങൾക്ക് വേണ്ടി എന്തും പ്രവർത്തിക്കാൻ തങ്ങൾക്ക് അവകാശമുണ്ട് എന്ന് കാടത്തത്തിന്റെ ഭാഷയിൽ ബുഷ് വ്യക്തമാക്കുകയുണ്ടായി. അത് ഐക്യരാഷ്ട്രസമായ കാരണമുണ്ട്. നാറ്റോ എന്നത് ഒരു പ്രതിരോധ സഖ്യമാണ്. ഫ്രാൻസിന്റെ പ്രതികരണം രംഗം ചൂടുപിടിപ്പിക്കുകയുണ്ടായി. യുഎന്നിൽ ഇറാഖിനെതിരെയുള്ള ആക്രമണം നീട്ടിവെക്കണമെന്ന തന്ത്രപരമായ നിലപാടല്ല അവർ ഇവിടെ സ്വീകരിച്ചത്. ഇറാഖിന് എന്തെങ്കിലും വിധത്തിലുള്ള ആയുധങ്ങൾ കണ്ടെത്തുന്നത് അവരെ ആക്രമിക്കാനുള്ള നല്ല കാരണമാകില്ല എന്നാണ് ഫ്രാൻസിന്റെ നിലപാട്. അങ്ങനെ ആയുധങ്ങൾ കണ്ടെത്തിയാൽ യുദ്ധത്തിനുപകരം ആയുധ പരിശോധനയിലൂടെ നിരായുധീകരണം നടത്താനുള്ള ഒരു അടയാളമായിരിക്കാം അതെന്നും ആയുധ പരിശോധകർക്ക് കൂടുതൽ സമയം അനുവദിക്കണമെന്നുമാണ് ഫ്രാൻസിന്റെ നിലപാട്.

തനിക്കും അമേരിക്കക്കും വേണ്ടി ലണ്ടനിലെ 'ദ ടൈംസ്' പത്രത്തിലേക്ക് അമേരിക്കയെ പിന്തുണച്ചുകൊണ്ട് യൂറോപ്യൻ യൂനിയനിലെ എട്ട് രാഷ്ട്രനായകന്മാരുടെ ഒപ്പ് ശേഖരിച്ച് ഒരു കത്തയക്കാനുള്ള ബ്രിട്ടീഷ് പ്രധാനമന്ത്രി ബ്ലെയറുടെ ശ്രമം പരാജയപ്പെട്ടേക്കാവുന്നതാണ്. അതിൽഒപ്പിടാൻ ഫ്രാൻസിനോടും ജർമ്മനിയോടും അപേക്ഷിക്കാൻ ബ്ലെയർ താഴ്മ കാട്ടിയിട്ടൊന്നുമില്ല. ഫ്രാൻസ് തക്കസമയത്ത്

---

*പേജ് 20ൽ നിന്ന്*

റിയതായിരുന്നു.

## മുടി

തലമുടി മൃതുവായിരുന്നു. നേർത്തതും തിളക്കമാർന്നതും മൈലാഞ്ചിയിട്ട് നിറം പിടിപ്പിച്ചതുമായിരുന്നു അത്. അത് കഴുത്തുവരെ നീണ്ടുകിടന്നിരുന്നു. ഒരിക്കൽ പോലും തലമുണ്ഡനം ചെയ്യുകയുണ്ടായിട്ടില്ല. എണ്ണയോ മൈലാഞ്ചിയോ തലയിൽ പുരട്ടാറുണ്ടായിരുന്നു.

## താടി

ഇടതൂർന്നതും കനത്തതുമായിരുന്നു അദ്ദേഹത്തിന്റെ താടി. പലപ്പോഴും അതിൽ മൈലാഞ്ചി ഇടാറുണ്ടായിരുന്നു. സ്ഥിരമായി എണ്ണ തേച്ച് മിനുക്കാറുണ്ടായിരുന്നു. മുഖത്തിന്റെ രണ്ടു ഭാഗവും കീഴ്ഭാഗവും താടി യാൽ മറഞ്ഞിരുന്നു. കാണാൻ മനോഹരമായിരുന്നു അത്.

## മൈലാഞ്ചിയിടൽ

മദ്ധ്യവയസ്കനായിരിക്കെ അദ്ദേഹം മൈലാഞ്ചിയും ഡൈയും ഉപയോഗിച്ചിരുന്നു. പക്ഷേ പിൽക്കാലത്ത് അനാരോഗ്യം കാരണം താടിയിലും മുടിയിലും മൈലാഞ്ചി മാത്രമെ ഉപയോഗിക്കാറുണ്ടായിരുന്നുള്ളു. ഇംഗ്ലീഷ് ഹെയർ ഡൈ കുറച്ചുകാലം ഉപയോഗിച്ചിരുന്നു. പിന്നീട് മീർ ഹാമീദ്ശാ സാഹിബ് ഒരു തരം കൃത്രിമ ഡൈ അദ്ദേഹത്തിന് സമ്മാനിക്കുകയുണ്ടായി. അത് ഉപയോഗിച്ചതിനു ശേഷം താടി കറുത്തുവെങ്കിലും മൈലാഞ്ചി ഇടാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. വിശേഷിച്ചും വെള്ളിയാഴ്ച ദിവസങ്ങളിൽ. അദ്ദേഹത്തിന്റെ മീശരോമങ്ങളും കട്ടിയുള്ളതും തിളക്കമുള്ളതുമായിരുന്നു. മാറിടത്തിൽ രോമമുണ്ടായിരുന്നെങ്കിലും പുറത്ത് ഉണ്ടായിരുന്നില്ല. കാലിൽ അല്പം രോമം ഉണ്ടായിരുന്നു. അത് നേർത്തതും നീളം കുറഞ്ഞതുമായിരുന്നു. അതുപോലെ ത്തന്നെ കൈയിലെരോമങ്ങളും നേർത്തതും നീളം കുറഞ്ഞതുമായിരുന്നു.

വിവിധ മതരേഖകളിൽ പരാമാർശിക്കപ്പെട്ടതും പലതരം അടയാളങ്ങളാൽ വേർതിരിച്ചറിയേണ്ടതുമായ വാഗ്ദത്ത മസീഹിന്റെ രൂപലാവണ്യവും ആകാരസൗഷ്ടവവും വളരെ പഠനാർഹകവും പ്രധാനവുമാണ്. ■

***വിവ: പി.എം.***

# ജിന്നും ഇൻസും

എ. പി. കുഞ്ഞാമു

## ജിന്നുകൾ കെട്ടുകഥകളിലും അന്ധവിശ്വാസങ്ങളിലുമുള്ള അരൂപിയായ സൃഷ്ടികളാണോ? വിശുദ്ധഖുർആനിൽ പ്രാതിപാദിക്കപ്പെട്ട ജിന്നുകളുടെ യാഥാർത്ഥ്യമെന്ത്?

അത്ഭുതങ്ങളുടെയും നിറംപിടിപ്പിച്ച കഥകളുടെയും വിസ്മയങ്ങൾ നിറഞ്ഞതാണ് ജിന്നിന്റെ ലോകം. അനന്തവിചിത്രങ്ങളായ അനേകം വിശ്വാസങ്ങൾ ജിന്നിനെ സംബന്ധിച്ച് ആളുകൾ വെച്ചുപുലർത്തുന്നു. അരൂപിയായ ഈ ശക്തി മനുഷ്യശരീരത്തിൽ പ്രവേശിച്ച് പല അത്ഭുതങ്ങളും കാണിക്കുമെന്നും ഇവർക്ക് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ഞൊടിയിടയിൽ സഞ്ചരിക്കുവാൻ സാധിക്കുമെന്നും അവർ കരുതുന്നു. കാൽപ്പനിക സാഹിത്യം കൊണ്ട് സമ്പന്നമായ അറബിഭാഷയിലെ ജിന്നുകളുടെയും ഇഫ്രീത്തുകളുടെയും കഥാവർണ്ണനകൾ ലോകോത്തരങ്ങളാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, മുസ്‌ലിം സമുദായത്തിൽ ജിന്നുകളെ സംബന്ധിച്ച അന്ധവിശ്വാസങ്ങൾ ജീവിതം ദുസ്സഹമാക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

പദനിഷ്പത്തി ശാസ്ത്രപ്രകാരം മറഞ്ഞിരിക്കുന്ന അവസ്ഥയിലുള്ള ജീവികളെപ്പറ്റി പ്രതിപാദിക്കാൻ ഈ പദം ഉപയോഗിക്കും. അരൂപിയാണെന്ന് ആളുകൾ ധരിക്കുന്ന ജിന്ന് അധികവും പരകായ പ്രവേശനം നടത്തുന്നത് സ്ത്രീകളിലാണ്. ജിന്ന് ശരീരത്തിൽ കൂടിയാൽ പിന്നെ ആവേശിക്കപ്പെട്ട ആ സ്ത്രീ അത്ഭുതസിദ്ധികളുടെ മൂർത്തിയായി മാറുന്നു. മറഞ്ഞ കാര്യങ്ങൾ അറിയാനും അവർക്ക് സാധിക്കുമത്രെ. ജിന്ന് കൂടിയാൽ നിരീക്കുമ്പോഴേക്കും എത്ര വിലപിടിപ്പുള്ളതും ഘനമുള്ളതുമായ സാധനം കൺമുമ്പിൽ എത്തിക്കാനും ഇവർക്ക് സാധിക്കുമെന്നാണ് വിശ്വാസം. എപ്പോഴും അത്ഭുതങ്ങൾ കാണിക്കുന്ന ജിന്നുമ്മമാർ ജീവിച്ചിരിക്കുന്നുതായും പറയപ്പെടുന്നു. ജിന്നിലുമുണ്ട് കാഫിർ മുസ്‌ലിം വകതിരിവുകൾ. കാഫിർ ജിന്നിനെപ്പറ്റിയും മുസ്‌ലിം ജിന്നിനെപ്പറ്റിയും പണ്ട് ഉമ്മാമ പറഞ്ഞുതന്നതായി ഓർക്കുന്നു.

ജിന്ന് എന്ന പദത്തിന്റെ അർത്ഥം മറഞ്ഞിരിക്കുന്നത് എന്നാണ്. ഗിരിപ്രദേശങ്ങളിൽ വസിക്കുന്ന ഗിരിവർഗ്ഗക്കാർ, മാളങ്ങളിൽ ജീവിക്കുന്ന പാമ്പ്, കണ്ണുകൊണ്ട് കാണാൻ കഴിയാത്ത ബാക്ടീരിയ മുതലായവ ഈ പദത്തിന്റെ വിവക്ഷകളിൽ വരും. റസൂൽ തിരുമേനി (സ) ഒരവസരത്തിൽ ഒരാൾ ഒട്ടകത്തിന്റെ എല്ലുകൊണ്ടു ശൗച്യം ചെയ്യുന്നത് കണ്ടപ്പോൾ അതു വിരോധിക്കുകയുണ്ടായി. കാരണമായി പറയപ്പെട്ടത് അതിൽ ജിന്നുണ്ടാകുമെന്നാണ്. അതായതു പഴയ എല്ലിൽ മാരകമായ ബാക്ടീരിയകൾ ഉണ്ടാകുമെന്നർത്ഥം. ഈ അത്ഭുത പ്രതിഭാസമായ ജിന്നും ഇന്നത്തെ മൊല്ലാക്കമാരുടെ സൃഷ്ടി തന്നെയാണ്. അവർക്ക് മന്ത്രങ്ങളും തന്ത്രങ്ങളും നടത്തി പൊതുജനങ്ങളുടെ അന്ധവിശ്വാസങ്ങളെ ചൂഷണം ചെയ്തു സ്വന്തം വയറു വീർപ്പിക്കാനുള്ള ഒരു വഴിയാണിത്. ഇംഗ്ലീഷ് പഠിക്കരുതെന്നും മലയാളം പഠിക്കരുതെന്നും അതൊക്കെ കാഫിറുകളുടെ ഭാഷയാണെന്നും പറഞ്ഞുകൊണ്ട് ഇന്നലെവരെ മുസ്‌ലിം സമൂഹത്തെ വെള്ളം കോരികളും വിറക് വെട്ടുന്നവരുമായി അധഃപതിപ്പിച്ച ഈ മൊല്ലാക്കമാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കാൻ കാശിന് വേണ്ടി അറബ് നാടുകളിൽ ഭിക്ഷാപാത്രവുമായി നെട്ടോട്ടമോടുകയാണ് ഇന്ന്. അതേപോലെ ഈ ജിന്ന് കൂടലിൽ നിന്നും അടുത്ത ഭാവിയിൽ മുസ്‌ലിം സമൂഹം രക്ഷ പ്രാപിക്കുമെന്ന് നമുക്കാശിക്കാം.

റസൂൽ തിരുമേനി (സ) ജിന്നിനും ഇൻസിനും പ്രവാചകനായി അവതരിച്ച സത്യാത്മാവാണ് ജിന്നിനെയും ഇൻസിനെയും സൃഷ്ടിച്ചത് അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടി മാത്രമാണ്. (51:56). വിശുദ്ധഖുർആന്റെ ഈ വീക്ഷണം ശരിയാണെങ്കിൽ ശരീഅത്തിലെ എല്ലാ കർമ്മങ്ങളും ഇൻസിനെപ്പോലെ ജിന്നും അനുഷ്ഠിക്കാൻ ബാദ്ധ്യസ്ഥരാണ്. റസൂൽതിരുമേനി (സ) ജിന്നുകളോടു മാത്രമായിട്ട് ഒരു ഉപദേശമോ, നിർദ്ദേശമോ അവരെ ഒരുമിച്ചുകൂട്ടുകയോ ചെയ്തതായി ഒരു ഹദീസിൽ പോലും ഉള്ളതായി കാണുന്നില്ല.

എന്നാൽ വിശുദ്ധഖുർആനിൽ ഇൻസിനോടൊപ്പം ജിന്നിനെ ചേർത്തു പറഞ്ഞിടത്തെല്ലാം അതിന്റെ അർത്ഥം മനുഷ്യരിൽ തന്നെയുള്ള ഉയർന്ന കിടയിൽ ജീവിതം നയിക്കുന്നവരെപ്പറ്റിയാണെന്നാണ്. പൊതുവിൽ മനുഷ്യസമൂ

ഹത്തെ 'യാഅയ്യുഹന്നാസ്' എന്നാണ് വിശുദ്ധഖുർആനിൽ സംബോധന ചെയ്യുന്നത്. ഈ അന്നാസിൽപെട്ട രണ്ടു വിഭാഗത്തെയാണ് ഇൻസും ജിന്നുമായി തരംതിരിച്ചിരിക്കുന്നത്. ഇൻസ് സാധാരണക്കാരും ജിന്ന് അവരിലെ മൂപ്പന്മാരുമാണ്. ഉദാഹരണത്തിന് കുബേരൻ-കുചേലൻ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പണ്ഡിതന്മാർ-പാമരന്മാർ, ബുദ്ധിജീവികൾ-സാധാരണക്കാർ, രാജാവ്-പ്രജ, ഭരണകർത്താക്കൾ-ഭരണീയർ ഇങ്ങനെ പോകുന്നു. ഇതിൽ ഉയർന്ന കിടക്കാരെ ജിന്ന് എന്നുവിളിക്കുന്നു. ഇബ്ലീസിനെ വിശുദ്ധഖുർആൻ ജിന്നായിട്ടാണ് വിശേഷിപ്പിച്ചത്. ആദം നബി (അ)യുടെ കാലത്ത് അദ്ദേഹത്തിന്റെ ദൗത്യത്തെ എതിർത്ത ശത്രു മൂപ്പനാണ് ഇബ്ലീസ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആദം നബിയെ (അ) അനുസരിക്കാൻ അദ്ദേഹം ബാധ്യസ്ഥനല്ല. കാരണം, ആദംനബി (അ) അതിന്നർഹനല്ല. അങ്ങനെ വല്ല അർഹതയുണ്ടെങ്കിൽ അതു തനിക്കാണ്. കാരണം, അദ്ദഹേത്തെക്കാൾ ഉത്തമൻ താനാണെന്നാണ് ഇബ്ലീസ് പറഞ്ഞത്. "മലക്കുകളോട് നാം പറഞ്ഞ സന്ദർഭം (ഓർക്കുക) നിങ്ങൾ ആദമിന് കീഴ്പ്പെടുക. അപ്പോൾ അവരെല്ലാം കീഴ്പ്പെട്ടു. ഇബ്ലീസ് ഒഴികെ അവൻ ജിന്നിൽപ്പെട്ടവനായിരുന്നു. അങ്ങനെ അവൻ തന്റെ നാഥന്റെ കൽപനയെ ധിക്കരിച്ചു" (18:57). എല്ലാ പ്രവാചകന്മാർക്കും ജിന്നിൽ നിന്നും ഇൻസിൽ നിന്നും ശത്രുക്കളുണ്ടാകുമെന്ന് വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നു. "നാം ഓരോ പ്രവാചകനും ജിന്നിൽ നിന്നും ഇൻസിൽ നിന്നുമുള്ള പിശാചുക്കളെ ശത്രുക്കളായിക്കിയിരിക്കുന്നു. വഞ്ചിക്കുവാനായി അവർ അന്യോന്യം മോഹന വാക്കുകൾ ബോധിപ്പിക്കുന്നു" (6:113).

ഇവിടെ പ്രവാചകന്മാർക്കെതിരെ ശത്രുക്കളായ മൂപ്പന്മാരും അവരുടെ സിൽബന്ധികളായ സാധാരണക്കാരും ചേർന്ന് ഒരു ഐക്യമുന്നണിയുണ്ടാക്കി നടത്തുന്ന പൈശാചികമായ പദ്ധതികളെയാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. പ്രവാചകന്മാരുടെ വൃത്താന്തങ്ങൾ വിശുദ്ധഖുർആനും മറ്റു മതഗ്രന്ഥങ്ങളും പരാമർശിക്കുന്നു. അവരുടെ ശത്രുക്കളെപ്പറ്റിയും പരാമർശിക്കുന്നു. എന്നാൽ 'ജിന്നുകൾ' എന്ന സൃഷ്ടി അവരുടെ എതിരിൽ വല്ലതും പ്രവർത്തിച്ചതായി എവിടെയും പറഞ്ഞുകാണുന്നില്ല. ചില സന്ദർഭങ്ങളിൽ മലക്കുകളുടെ സഹായം പ്രവാചകന്മാർക്കുണ്ടായതായി വിശുദ്ധഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ, സമൂഹത്തിലെ സ്വാധീനമുള്ള സമ്പന്നന്മാരും, പണ്ഡിതന്മാരും മറയുടെ പിന്നിൽ നിന്നുകൊണ്ടു സാധാരണക്കാരെ മോഹനവാക്കുകൾ പറഞ്ഞ് അക്രമങ്ങൾക്കും അനീതിക്കും പ്രേരിപ്പിക്കാറുണ്ട്. അവരുടെ അദൃശ്യസാന്നിദ്ധ്യമെന്ന ഗുണത്തെയാണ് അവരെ ജിന്ന് എന്ന വിശേഷണത്തിന് യോഗ്യരാക്കിതീർക്കുന്നത്. മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നത് കാണുക: "പറയുക, ഇൻസും ജിന്നും ഒരുമിച്ചുചേർന്ന് അന്യോന്യം സഹായികളായിരുന്നാലും ഖുർആൻപോലുള്ള ഒരു ഗ്രന്ഥം അവർക്ക് കൊണ്ടുവരാൻ സാദ്ധ്യമല്ല. നിശ്ചയമായും നാം മനുഷ്യർക്കായി ഈ ഖുർആനിൽ എല്ലാ വിവരങ്ങളും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ അധികം പേരും നിഷേധിക്കുന്നവരാണ്'' (17:88,89).

ഇവിടെ മനുഷ്യർക്കായി 'നാസ്' എന്ന പദമാണ് ഉപയോഗിച്ചത്. ജിന്ന്, ഇൻസ്, നാസ് എന്നീ മൂന്നു പദങ്ങളും ഈ ആയത്തിൽ പ്രയുക്തമായിട്ടുണ്ട്. ഇൻസും ജിന്നും 'നാസിൽ' പെട്ട രണ്ടു തട്ടിലുള്ളവരാണ്. ഇവർ രണ്ടുകൂട്ടരും ഒരുമിച്ച് ശ്രമിക്കണമെങ്കിൽ ഇവർ മനുഷ്യർ ആയിരിക്കണം. പൊതുവിൽ കരുതുന്നതുപോലെ സ്ഥൂലജീവിയും സൂക്ഷ്മജീവിയുമാണെങ്കിൽ അന്യോന്യം എങ്ങനെ സഹവർത്തികളായി പ്രവർത്തിക്കാൻ സാധിക്കും? ഇവിടെ ബുദ്ധിരാക്ഷസന്മാരും പണ്ഡിത കേസരികളും സാധാരണക്കാരും ഒത്തുചേർന്നാലും ഇതുപോലുള്ള ഒരു ഗ്രന്ഥം രചിക്കാൻ സാദ്ധ്യമല്ലെന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്.

വിശുദ്ധഖുർആൻ ഒരു സ്ഥലത്ത് ജിന്നിനെയും ഇൻസിനെയും മൃഗങ്ങളോടുപമിച്ചിരിക്കുന്നു. "നിശ്ചയമായും നാം ജിന്നിലും ഇൻസിലും നിന്നുള്ള വളരെപ്പേരെ നരകത്തിനായിട്ട് സൃഷ്ടിച്ചിരിക്കുന്നു. അവർക്ക് ഹൃദയങ്ങൾ ഉണ്ട്. അവകൊണ്ട് അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്. പക്ഷേ, അവർ കാണുന്നില്ല. അവർക്ക് ചെവികളുണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികളെപ്പോലെയാണ്. എന്നല്ല അവയേക്കാൾ കൊള്ളരുതാത്തവരാണ്. ഇവരത്രെ മതിമറന്നവർ" (7:179).

ഇവിടെ ജിന്നിനും ഇൻസിനും ഉള്ളതായി പറഞ്ഞ ഗുണങ്ങൾ മനുഷ്യർക്ക് മാത്രമുള്ളതാണ്. ജിന്നുകൾ സൂക്ഷ്മജീവികളും, ജഡികാവശ്യങ്ങളുമായി ബന്ധമില്ലാത്തവരുമാണെങ്കിൽ ആ അത്ഭുതസൃഷ്ടിയെ മൃഗത്തോടുപമിക്കുന്നത് യുക്തിസഹമായിരിക്കില്ലല്ലോ? ആകയാൽ ജിന്ന് എന്നു പറഞ്ഞത് വലിയവരെന്ന് ഊറ്റം നടിക്കുന്ന മനുഷ്യരെക്കുറിച്ച് തന്നെയാണെന്ന് കരുതാനെ തരമുള്ളൂ. മറ്റൊരു സ്ഥലത്ത് വിശുദ്ധഖുർആൻ മരിച്ചവരിൽപ്പെട്ട സാധാരണ ജനങ്ങൾ ജിന്നുകളിൽപ്പെട്ട ആളുകളിൽ അഭയം തേടുന്നതായി പറയുന്നു. "തീർച്ചയായും മനുഷ്യരിൽപ്പെട്ട ആളുകൾ ജിന്നുകളിൽപെട്ട ആളുകളിൽ അഭയം തേടുന്നു. അതുകൊണ്ടവർ അനർത്ഥമല്ലാതെ വർദ്ധിപ്പിക്കുന്നില്ല" (72:6). ഇവിടെ ആളുകൾ എന്ന് തർജ്ജമക്ക് വിധേയമായ പദം 'രിജാൽ' എന്ന പദമാണ് (ബിരിജാലി). രിജാൽ എന്ന പദം മനുഷ്യരെ മാത്രം സൂചിപ്പിക്കുന്ന പദമാണ്. ഇതും ജിന്നുകൾ മനുഷ്യവർഗ്ഗത്തിൽപെട്ടതാണെന്നു സൂചിപ്പിക്കുന്നു. മറ്റൊരു സ്ഥലത്തു "അല്ലയോ ജന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ നിങ്ങളുടെ ഈ ദിവസത്തെ കൂടിക്കാഴ്ചയെക്കുറിച്ചു മുന്നറിയിപ്പു നൽകുകയും എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുകയും ചെയ്തുകൊണ്ട് നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുത്തു വന്നില്ലേ? അവർ പറയും ഞങ്ങൾക്കെതിരെ നിങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നു. ഈ ലോകജീവിതം അവരെ

വഞ്ചിച്ചു. അവർ സത്യനിഷേധികളായി രുന്നു എന്ന് അവർ തന്നെ സാക്ഷി പറയും" (6:130). ഈ ആയത്ത് ജിന്നു കളിലും മനുഷ്യരിലും പ്രവാചകന്മാർ വന്നതായി പറയുന്നു. പ്രവാചകന്മാരെ നിഷേധിക്കാൻ കാരണമായത് ഈ ഭൗതിക ലോകത്തിലെ അസ്വാദനങ്ങൾ അവരെ വിശ്വസിക്കുന്നതിൽനിന്നു തട ഞ്ഞുവെന്നാണ് പറയുന്നത്. അപ്പോൾ ജിന്നും ജഡികമായ ജീവിയാകുന്നു വെന്ന് പറയേണ്ടിവരും. ചുരുക്കത്തിൽ ഇത് മനസ്സിലാക്കിത്തരുന്നത് ജിന്നും ഇൻസും മനുഷ്യരിൽപെട്ട രണ്ടുവർഗ്ഗ ങ്ങൾ തന്നെയാണെന്നാണ്. വിശുദ്ധ ഖുർആൻ മറ്റൊരു സ്ഥലത്ത് ജിന്നും ഇൻസും അന്യോന്യം മിത്രങ്ങളാ ണെന്നു പറയുന്നു. "അവരെ എല്ലാവ രെയും അവൻ ഒരുമിച്ചുകൂട്ടുന്ന ദിനം അല്ലയോ ജിന്നുകളുടെ സമൂഹമേ ഇൻസുകളിൽ നിന്നും അധികം പേരെ നിങ്ങൾ സ്വാധീനിച്ചെടുത്തു. ഇൻസിൽ പെട്ട അവരുടെ മിത്രങ്ങൾ പറയും. ഞങ്ങളുടെ രക്ഷിതാവേ, നിങ്ങളിൽ ചിലർ ചിലരെക്കൊണ്ടു പ്രയോജനമെ ടുത്തു. എന്നാൽ നിങ്ങൾക്ക് നിശ്ചയിച്ച അവധി വന്നെത്തിയിരിക്കുന്നു. അവൻ പറയും നിങ്ങളുടെ പാർപ്പിടം നരകാഗ്നി യാണ്. അതിൽ അല്ലാഹു നിശ്ചയി ക്കുന്ന(കാലം) ഒഴികെ നിങ്ങൾ എന്നെന്നും പാർക്കുകയായി. തീർച്ച യായും നിന്റെ നാഥൻ തന്ത്രജ്ഞനും അറിവുള്ളവനുമാകുന്നു" (6:129).

ഇവിടെ ജിന്നുകൾ (നേതാക്കന്മാ രോ, വലിയ പണ്ഡിതന്മാരോ) സാധാ രണ ജനങ്ങളെ (ഇൻസിനെ) അവരുടെ സ്വാധീനവലയത്തിൽ നിർത്തി അവ രുടെ ഇംഗിതങ്ങൾ നടപ്പിൽ വരുത്തി യതിന്റെ ഫലമായി ഇരുകൂട്ടരും നരകാ ഗ്നിയിൽ പ്രവേശിക്കുന്ന രംഗമാണ് പറ യപ്പെട്ടിരിക്കുന്നത്. അവിശ്വാസികൾ പറയുന്നതായി മറ്റൊരു വൃത്താന്തം വിശുദ്ധഖുർആൻ പറയുന്നത് കാണു ക. ''അവിശ്വാസികൾ പറയും ഞങ്ങളുടെ രക്ഷിതാവേ, ജിന്നിലും മനു ഷ്യരിലും (ഇൻസ്) നിന്ന് ഞങ്ങളെ വഴി പിഴപ്പിച്ചവരെ ഞങ്ങൾക്ക് കാണിച്ചുത ന്നാലും. ഞങ്ങളുടെ പാദങ്ങൾക്ക് താഴെ ഇരുവരെയും ഞങ്ങൾ മെതി ക്കട്ടെ" (41:38).

ജിന്ന് സൂക്ഷ്മജീവിയോ അരൂ പിയോ ആണെങ്കിൽ എങ്ങനെ തങ്ങ ളുടെ പാദങ്ങൾക്ക് താഴെ മെതിക്കാൻ സാധിക്കും? ഇത്രയും എഴുതിയതിൽ നിന്ന്, ഇൻസിനോടുകൂടെ ജിന്നിനെ പറഞ്ഞിടത്തെല്ലാം മനുഷ്യരിലുള്ള രണ്ടു വിഭാഗങ്ങളെ സംബന്ധിച്ചാണ്, അതായത് ഉയർന്നവരും താഴ്ന്നവരു മായ രണ്ട് വിഭാഗങ്ങളെക്കുറിച്ചാണ് എന്ന് നമുക്ക് മനസ്സിലാകുന്നു. 'ജിന്ന്' എന്ന വാക്ക് എല്ലാ അർത്ഥങ്ങളിലും വിശുദ്ധഖുർആനിലും ഹദീസുകളിലും പ്രയുക്തമായിട്ടുണ്ട്. എന്നാൽ മുസ്ലിംകൾ അന്ധമായി വിശ്വസി ക്കുന്ന ശരീരത്തിൽ കൂടുന്ന ജിന്ന്, അരൂപിയായ അദൃശ്യങ്ങളിൽ പല കഴി വുകളും പ്രകടിപ്പിക്കുന്ന ജിന്ന് അന്ധവിശ്വാസത്തിന്റെ സൃഷ്ടിയാണ്. മനുഷ്യമനസ്സിന്റെ നിഗൂഢമായ ചില കഴിവുകളെ നാം നിഷേധിക്കുന്നില്ല. ഹിപ്പ്നോട്ടിസം, മെസ്മറിസം, മൈന്റ് റീഡിംഗ്, ടലിപ്പതി എന്നീ മനു ഷ്യരിൽ അന്തർലീനമായ കഴിവുകളെ പോഷിപ്പിച്ചെടുത്ത് പല രൂപത്തിലും പ്രയോജനപ്പെടുത്തുന്ന വിദ്യകളെ ശാസ്ത്രം സമ്മതിക്കുന്നുണ്ട്. അതിനെ നാമും നിഷേധിക്കുന്നില്ല. അതൊന്നും തന്നെ ബാഹ്യമായ ഒരു സ്വതന്ത്ര അസ്തിത്വമുള്ള അരൂപികളുടെ ചെയ്തികളല്ല. മനസ്സിന്റെ ഇത്തരം കഴി വുകളെ അന്ധവിശ്വാസങ്ങളുടെ നിറം പിടിപ്പിച്ച് തൽപ്പര കക്ഷികൾ പാമര ജന ങ്ങളെ ചൂഷണം ചെയ്യുകയാണ്.

മനുഷ്യമനസ്സിന്റെ അതീന്ദ്രിയപ രവും നിഗൂഢവുമായ ചില പ്രവർത്തന ങ്ങൾ മൂലം മനഃശാസ്ത്രത്തിന്റെ പരി ധിയിൽപ്പെടുന്ന ഇത്തരം വിഷയങ്ങൾ ആധുനികശാസ്ത്രം ഗവേഷണങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ദാവൂദ് നബി (അ)യുടെയും സുലൈ മാൻ നബി (അ)യുടെയും കീഴിൽ ഗിരിവാസികളും ശക്തന്മാരുമായ ഒരു ജനതയും അവരിൽപ്പെട്ട നേതാവും (ഇഫ്രീത്ത്) സേവനം ചെയ്തതായി കാണുന്നു. ശിൽപ്പകലയിൽ വിദഗ്ദനാ യിരുന്ന ഒരാളായിരുന്നു ഇഫ്രീത്ത്. പ്രതിഭാശാലി, ശക്തൻ എന്നൊക്കെ യാണ് ഇഫ്രീത്തിന്റെ പദാർത്ഥം. അതേപോലെ നമ്മുടെ ഭാഷ യിൽതന്നെ ഏൽപിച്ച പ്രവൃത്തി നൊടി യിടയിൽ ചെയ്യുന്ന ആളെ അവൻ 'ഇഫ്രീത്താണ്' എന്ന് വിശേഷിപ്പിക്കാ റുണ്ട്. 'ഇഫ്രീത്ത്' ബൽക്കീസ് രാജ്ഞിയുടെ സിംഹാസനം പോലെ യുള്ള ഒരു സിംഹാസനം നൊടിയിട യിൽ പണിതീർത്തുകൊണ്ടുവരാമെന്ന് പറഞ്ഞ സുലൈമാൻ നബി (അ)യുടെ സംഘത്തിലെ ഒരു ശിൽപ്പിയായിരുന്നു. അദ്ദേഹത്തെയും ജിന്ന് എന്ന പദം പ്രയോഗിച്ചുകൊണ്ടാണ് ഖുർആൻ മന സ്സിലാക്കിത്തരുന്നത്. അത്യപൂർവ്വം കാണപ്പെടുന്ന വിദഗ്ധനായ പ്രതിഭ എന്ന അർത്ഥത്തിലാണ് ജിന്നുകൾക്കി ടയിലെ ഇഫ്രീത്ത് എന്ന പദം ഇവിടെ പ്രയുക്തമായത്.

മനുഷ്യരിലുള്ള ഈ രണ്ടു വർഗ്ഗത്തെ, ഇൻസിനെ കളിമണ്ണിൽ നിന്നും ജിന്നിനെ തീകൊണ്ടും സൃഷ്ടിച്ചതായിട്ടാണ് വിശുദ്ധഖുർ ആൻ മനസ്സിലാക്കിത്തരുന്നത്. സൃഷ്ടി പ്പിലുള്ള ഈ അന്തരം ജിന്നിനെ ഒരു പുതിയ സൃഷ്ടിയായി കാണാൻ ഖുർ ആൻ വ്യാഖ്യാതാക്കളെ പ്രേരിപ്പിച്ചിട്ടു ണ്ടാകാം. മനുഷ്യർ, മലക്കുകൾ എന്നി വയ്ക്ക് പുറമെ അതിൽപ്പെടാത്ത മറ്റൊരു സൃഷ്ടിയായി അവർ ജിന്നി നെയും കണ്ടു.

മനുഷ്യന്റെ സൃഷ്ടിപ്പിനെപ്പറ്റി തന്നെ വിശുദ്ധഖുർആനിൽ മണ്ണിൽ നിന്ന് എന്നും മുട്ടിയാൽ ശബ്ദിക്കുന്ന കറുത്ത കളിമണ്ണിൽനിന്ന് എന്നും ധൃതി യിൽനിന്ന് എന്നും മറ്റുമൊക്കെ പറഞ്ഞി ട്ടുണ്ട്. ഇതൊക്കെത്തന്നെ മാനുഷത യുടെ ഗുണങ്ങളെ അഭിവ്യഞ്ജപ്പിക്കു ന്ന അമൂർത്തഗുണങ്ങളാണ്; പദാർത്ഥ വസ്തുക്കളല്ല. അതേപോലെ, ജിന്നിനെ തീയിൽനിന്നും തീക്കാ റ്റിൽനിന്നും സൃഷ്ടിച്ചതായി പറയുന്നു ണ്ട്. ഇതൊക്കെ ഗുണപരമായ പ്രത്യേ കതകളെ ദ്യോതിപ്പിക്കുന്ന പദങ്ങളാണ്. വളരെ വ്യാഖ്യാനങ്ങൾക്ക് വിധേയമാ ണ് ഇവ. ഞാനതിലേക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. ഒരുകാര്യം മാത്രം ഞാൻ വായനക്കാരുടെ ശ്രദ്ധ യിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ഇത്തരം ഉപയോഗങ്ങൾ പ്രതിരൂപാത്മകം (Symbolic) ആണ്. ഏതാണ്ട് മനുഷ്യപ്രകൃതിയെ പ്രതിനിധാനം ചെയ്യുന്നവയാണ്. ഇതുസംബന്ധിച്ച ബൃഹത്തായ വ്യാഖ്യാനങ്ങൾ വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് (അ)ഉം അദ്ദേഹത്തിന്റെ ഖലീഫമാരും നൽകിയിട്ടുണ്ട്. ആദ്ധ്യാത്മികമായും ഭൗതികമായും പല മാനങ്ങളിലും അതിന് ഗഹനമായ അർത്ഥവ്യാപ്തിയുണ്ട്. മനുഷ്യന്റെ മാനസികമായ വളർച്ചയുടെ പല ഘട്ടങ്ങൾ അതിനെ സൂചിപ്പിക്കുന്നതായി മനസ്സിലാകുന്നു. മനുഷ്യൻ പ്രാകൃതനായി നഗ്നനായി മൃഗതുല്യമായ ഒരു ജീവിതം നയിച്ച കാലഘട്ടം പിന്നിട്ടിട്ടുണ്ട്. ആ കാലഘട്ടത്തിൽ ഒരു ജീവിതപദ്ധതിക്ക് വിധേയമാകാൻ സാധിക്കാത്ത ഘട്ടമാണ്. അതിനെ നമുക്ക് പൊടിമണ്ണായിട്ടെടുക്കാം. പിന്നീട് അവന്ന് വിവേകമുദിച്ചപ്പോൾ മണ്ണിൽ വെള്ളംചേർത്തു കളിമണ്ണായിത്തീർന്നു. അതായത് അവന്ന് അദ്ധ്യാത്മിക വളർച്ചയുടെ ആദ്യഘട്ടം അതാണ് വെള്ളം. പിന്നീട് കറുത്ത മുട്ടിയാൽ ശബ്ദം കേൾക്കുന്ന കറുത്ത മണ്ണ് എന്നു പറയുന്ന ഘട്ടം ഒരു പ്രവാചകൻ വിളിച്ചാൽ ആ വിളിക്ക് ഉത്തരം നൽകാൻ പ്രാപ്തമായ ഘട്ടം. അതാണ് ആദം നബി(അ)യുടെ കാലഘട്ടം. അതുകൂടാതെ കളിമണ്ണിനുള്ള പ്രകൃതിദത്തമായ ഗുണം അതു ഏതു പരിവർത്തനത്തെയും സ്വീകരിക്കുമെന്നുള്ളതാണ്. കളിമണ്ണുകൊണ്ട് വിവിധ ശിൽപ്പങ്ങളും പാത്രങ്ങളും ഉണ്ടാക്കാൻ സാധിക്കും. അത് മാറ്റി മറ്റു വല്ല ഉപകരണങ്ങളും ഉണ്ടാക്കാൻ സാധിക്കും. പ്രവാചകന്മാരുടെ അവതരണകാലത്ത് അവരിൽ വിശ്വസിക്കുന്നവരിൽ ഭൂരിഭാഗവും സാധാരണക്കാരാണ്. ധനികരും പണ്ഡിതന്മാരും മറ്റു ഉയർന്നവരും വളരെ വിരളമായേ ആരംഭത്തിൽ വിശ്വസിക്കാറുള്ളൂ. സാധാരണക്കാർ പരിവർത്തനവിധേയരാണ്. ജിന്ന് വർഗ്ഗത്തിൽ ഉള്ളവർ തീയുടെ സ്വഭാവം കാണിക്കും. അത് എളുപ്പത്തിൽ പരിവർത്തനം സ്വീകരിക്കുകയില്ല. ആളിക്കത്തുന്ന സ്വഭാവമാണ് തീക്കുള്ളത്. എളുപ്പത്തിൽ വിധേയപ്പെടാത്തതും ജ്വലനസ്വഭാവമുള്ളതുമായ ഗുണം. ഇൻസ് അഥവാ സാധാരണ ജനം വിനീത വിധേയത്വത്തോടെ ഏതെങ്കിലും നേതൃത്വത്തിന് പിന്നിൽ അണിനിരന്ന് സ്വയം സമർപ്പിത സ്വഭാവം കാട്ടുമ്പോൾ ആർക്കും വഴിപ്പെടാതെ അഹംബോധത്തിൽ ആളിക്കത്തുന്ന ഉയർന്ന ബോധമുള്ള ആളുകളാണ് ജിന്നുകൾ. ഇൻസിൽ നിന്ന് ജിന്നിനെ ഈ സ്വഭാവം വ്യതിരിക്തമാക്കുന്നു. എല്ലാം അറിയുന്നവൻ ഞാനാണ് എന്ന ഭാവം. ഫിർഔനും ഇബ്‌ലീസിനും അബുജഹലിനും സന്മാർഗ്ഗം ലഭിക്കാതെ പോയത് നമ്മെക്കാൾ താഴെക്കിടയിലുള്ള ഇവനെ ഞാൻ നേതാവായി അംഗീകരിക്കേണമോ എന്ന അഹങ്കാരം മൂലമാണ്. ഈ കാലത്ത് വാഗ്ദത്ത മഹ്ദി മസീഹി(അ)ന്റെ ശത്രുക്കളിൽ ജിന്നിന്റെ പ്രകൃതിയോടുകൂടിയ പണ്ഡിതനേതാക്കന്മാരെ നമുക്ക് കാണാൻ സാധിക്കുന്നു. മനുഷ്യനെ ധൃതികൊണ്ടു സൃഷ്ടിച്ചിരിക്കുന്നു എന്നതും പ്രതീകാത്മകമാണ്. കാരണം ധൃതി ഒരു സ്ഥൂലപദാർത്ഥമല്ലല്ലോ?

ചുരുക്കത്തിൽ റസൂൽ തിരുമേനി (സ)യുടെ ദൗത്യം ജിന്നിനും ഇൻസിനും ഒരുപോലെ ബാധകമാണ്. അദ്ദേഹം കൊണ്ടുവന്ന ശരീഅത്ത് അനുസരിച്ചു ജീവിക്കുവാൻ അവരും ബാദ്ധ്യസ്ഥരാണ്. നമസ്ക്കരിക്കുക, നമസ്ക്കാരത്തിനുമുമ്പു ദേഹശുദ്ധിവരുത്തുക, നോമ്പനുഷ്ഠിക്കുക സക്കാത്ത് കൊടുക്കുക, ഹജ്ജ് ചെയ്യുക ഇതൊക്കെ ശാരീരികമായി അനുഷ്ഠിക്കേണ്ട കർമ്മങ്ങളാണ്. അരൂപിയായ ജീവിയാണ് ജിന്നെങ്കിൽ അതെങ്ങനെ അവർക്കനുഷ്ഠിക്കാൻ സാധിക്കും? വിശുദ്ധഖുർആന്റെ പാഠമനുസരിച്ച്, ജിന്ന് ഒരു പ്രത്യേക ജീവിയാണെങ്കിൽ അതിൽനിന്നുതന്നെയുള്ള പ്രവാചകന്മാർ അവർക്ക് വരുമായിരുന്നു. ഈ ഭൂമിയിൽ മലക്കുകളാണ് വസിക്കുന്നതെങ്കിൽ മലക്കുകളിൽ നിന്നുള്ള പ്രവാചകന്മാരെ നാം അയക്കുമായിരുന്നുവെന്ന് (17:95) അല്ലാഹു പറയുന്നു. അതുകൊണ്ട് ജിന്നുകൾ മനുഷ്യനിൽപ്പെട്ട ഒരു വിഭാഗമാണെന്ന് സൂര്യവെളിച്ചംപോലെ മനസ്സിലാകുന്നു. വിശുദ്ധഖുർആൻ പരായണം ചെയ്യുന്നത് ഒളിഞ്ഞിരുന്നു കേട്ട ജിന്നുകളുടെ ഒരു സംഘത്തെക്കുറിച്ചും വിശുദ്ധഖുർആൻ പരാമർശിക്കുന്നുണ്ട്. അവർ പിന്നീട് അവരുടെ നാടുകളിൽ പോയി ഈ അത്ഭുത ഗ്രന്ഥത്തിലെ വചനങ്ങൾ അവരുടെ സുഹൃത്തുക്കളുമായി പങ്ക് വെക്കുകയുണ്ടായി. തൗറാത്തിന് ശേഷം ഇറക്കപ്പെട്ട ഒരു വിശുദ്ധഗ്രന്ഥത്തിൽ നിന്നുള്ള വചനങ്ങളാണ് അതെന്ന് അവർ പറഞ്ഞുകൊടുത്തു. ഈ സംഭവത്തെ പല മുഫസ്സിരീങ്ങളും അവർ യഹൂദികളായിരുന്നു എന്ന് സമർത്ഥിച്ചിട്ടുണ്ട്. കാരണം ഈ പറയപ്പെട്ടവർ ഇസ്‌ലാം ആശ്ലേഷിക്കുകയുണ്ടായി എന്ന് മനസ്സിലാകുന്നു. ഈ സംഭവം കൂടി ചേർത്തുവായിച്ചാൽ ജിന്നുകൾ സാധാരണ മനുഷ്യരുടെകൂടെ സഹവസിക്കാത്ത ഉയർന്ന മണ്ഡലത്തിൽ വിഹരിക്കുന്ന മേലേക്കിടയിലുള്ളവരാണെന്നു മനസ്സിലാക്കാം. ജിന്ന് എന്ന പദത്തിന്റെ ധാത്വാർത്ഥം മറഞ്ഞിരിക്കുന്നത് എന്നാണല്ലോ. നേതാക്കന്മാർ, ഭരണാധികാരികൾ, മഹാപണ്ഡിതന്മാർ, ബുദ്ധിജീവികൾ, അതിസമ്പന്നന്മാർ മുതലായവർ സമൂഹത്തിലെ ഉപരിശ്രേണിയിൽ ജനങ്ങളിൽ നിന്നകന്ന് നിൽക്കുന്ന ദന്തഗോപുര നിവാസികൾ അഥവാ കാഴ്ച മറഞ്ഞിരിക്കുന്നവർ ഇവരെല്ലാം ആ പരിധിയിൽ വരുന്നു.

"ജിന്നുകളിൽ ഒരു സംഘത്തെ ഖുർആൻ കേൾക്കുന്നതിനായി നിന്റെ അടുക്കലേക്ക് നാം അയച്ചു. അവർ സന്നിഹിതരായപ്പോൾ പറഞ്ഞു, നിശ്ശബ്ദരായി കേൾക്കുവിൻ. അവർ കേട്ടുകഴിഞ്ഞപ്പോൾ അവരുടെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനായി മടങ്ങിപ്പോയി. അവർ പറഞ്ഞു: അല്ലയോ ജനങ്ങളേ, മുസാക്കുശേഷം അവതരിച്ച ഒരു ഗ്രന്ഥം ഞങ്ങൾ ശ്രവിച്ചു. അതിന്റെ മുമ്പിലു ള്ളതിനെ ശരിവെക്കുന്നതും സത്യത്തി ലും നേരിയ പാതയിലേക്ക് നയിക്കുന്നതുമാണത്" (46:30,31). ഇവൻ അഫ്ഗാ ൻ പ്രദേശത്തെ ജൂതന്മാരുടെ നേതാക്കളായിരുന്നു എന്നാണ് ചരിത്രരേഖ. ■

ലേഖനം

# ഉലമാക്കളെക്കൊണ്ട് എന്തു പ്രയോജനം?

മൗലവി അബ്ദുർറഹീം, പടന്ന

## മുസ്‌ലിം സമുദായത്തെ നയിക്കാൻ ഇറങ്ങിപുറപ്പെട്ട ഇക്കാലത്തെ ഉലമാക്കൾ എന്നൊരു വർഗ്ഗം ഇല്ലായിരുന്നെങ്കിൽ സമുദായം രക്ഷപ്പെട്ടേനെ

"ഞങ്ങൾ മുസ്‌ലിംകളല്ല, വിശുദ്ധ ഖുർആന്റെ വക്താക്കളുമല്ല എന്ന് മുസ്‌ലിംകൾ ലോകത്തോട് വിളിച്ചുപറയട്ടെ. ലോകം ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടേക്കാം. ഖുർആൻ വായിച്ചു ചിന്തിച്ചേക്കാം". മുസ്‌ലിം പരിഷ്കരണവാദിയും പാൻ ഇസ്‌ലാമിന്റെ വക്താവുമായ അല്ലാമാ മുഹമ്മദ് ജമാലുദ്ദീൻ അഫ്ഗാനിയുടെ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്.

അഹ്മദിയ്യാ വിരുദ്ധ കലാപത്തെപ്പറ്റി അന്വേഷിച്ച വിശ്വപ്രശസ്തമായ മുനീർകമ്മീഷനുമുമ്പാകെ തെളിവ് നൽകാൻ വന്ന ഉലമാക്കന്മാരോട് 'മുസ്‌ലിം' എന്നതിന്റെ നിർവ്വചനം എന്താണെന്ന് ചോദിക്കപ്പെടുകയുണ്ടായി. അന്വേഷണക്കമ്മീഷന്റെ ചോദ്യത്തിന് പലതരത്തിലുള്ള നിർവ്വചനങ്ങളാണ് അവർ നൽകിയത്. അഹ്മദി മുസ്‌ലിംകളെ കൂട്ടക്കശാപ്പ് ചെയ്യാൻ നേതൃത്വം നൽകിയ മുസ്‌ലിം പണ്ഡിതന്മാരുടെ വൈവിധ്യവും വൈരുദ്ധ്യവും നിറഞ്ഞ ഉത്തരം അന്വേഷണക്കമ്മീഷന് ആശ്ചര്യം ഉളവാക്കി. നിങ്ങളിൽ രണ്ടുപേർക്ക് പോലും ഐക്യമുള്ള ഒരു വിശദീകരണമോ നിർവ്വചനമോ നൽകാൻ കഴിയാതിരിക്കെ ഏതൊരു ഇസ്‌ലാമിലേക്കാണ് ലോകത്തെ നിങ്ങൾ ക്ഷണിക്കുന്നത് എന്ന ചോദ്യത്തിന്, മൗനം വിദ്വാന് മാത്രമല്ല വിഡ്ഢികൾക്കും ഭൂഷണമാണെന്ന് അവർ തിരിച്ചറിഞ്ഞു. അങ്ങനെ പാക്കിസ്താനിൽ മാത്രമല്ല ഇങ്ങ് കൊച്ചുകേരളത്തിലെ മുസ്‌ലിം പണ്ഡിത സഭകളോട് ചോദിച്ചാലും പ്രതിജനഭിന്നമായ ഒരു ഉത്തരമായിരിക്കും മുസ്‌ലിം എന്ന ശബ്ദത്തിന് ലഭിക്കുക എന്ന കാര്യത്തിൽ സംശയമില്ല. കാരണം മുസ്‌ലിം മതകക്ഷികളുടെ നേതാക്കന്മാർക്കെല്ലാം അപരകക്ഷികളെല്ലാം കാഫിറുകളാണ്. പരസ്പരം കുഫ്റ് ഫത്‌വ തീണ്ടാത്ത ഒരു മുസ്‌ലിം കക്ഷിയുമില്ല. അവരെ മൊത്തത്തിലെടുക്കുകയാണെങ്കിൽ അവരെല്ലാം കാഫിറാക്കപ്പെട്ടവർ തന്നെ. ഇങ്ങനെ കാഫിറുകളായ കക്ഷികളെക്കൊണ്ടും കാഫിറാക്കുന്ന കക്ഷികളെക്കൊണ്ടും മുസ്‌ലിം സമുദായത്തിനെന്ത് പ്രയോജനം?

വിശ്വമാനവികതയും ജീവകാരുണ്യവും ജനാധിപത്യ ചൈതന്യവും ഉൾക്കൊള്ളുന്ന ഒരു തത്വസംഹിത പ്രദാനം ചെയ്ത ഇസ്‌ലാംമതത്തെ കക്ഷിപ്പോരുകളുടെ അസഹിഷ്ണുതയുടെ അക്കൽദാമയാക്കി അധഃപതിപ്പിച്ചതിന്റെ ഉത്തരവാദിത്തം മുസ്‌ലിം പണ്ഡിതന്മാർക്കുണ്ട്.

ഒരേ അഖീദ തന്നെയുള്ള കക്ഷി രണ്ടായി പിളർന്ന് തമ്മിൽതല്ലുന്ന കാഴ്ചയാണ് ഇപ്പോൾ നമ്മുടെ കൺമുമ്പിൽ കാണുന്നത്. സുന്നികൾക്ക് പിറകെ മുജാഹിദും പിളർന്നു പരസ്പരം ശക്തി പ്രകടനങ്ങൾ നടത്തുന്നതിൽ സകല ശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുകയാണ്. അവരുടെ ദീനീ പ്രവർത്തനത്തിന്റെ ആകത്തുക ഇത്തരം പ്രവർത്തനങ്ങളായിക്കഴിഞ്ഞിരിക്കുന്നു.

സൂകര പ്രസവം പോലെ കക്ഷിപ്പെരുപ്പത്തെപ്പറ്റിയും അവരുടെ കുത്തിത്തിരിപ്പുകളെപ്പറ്റിയും നാം പ്രാമാണികമായ ഒരു പരിശോധനക്കൊരുങ്ങുമ്പോൾ ദൃഷ്ടി ആദ്യം ചെന്നു തറക്കുക ഒരു ഹദീസിലാണ്. ആ ഹദീസിന് കാലം ഇത്ര സത്യസന്ധമായ ആവിഷ്കാരം നൽകിയത് കാണുമ്പോൾ നാം അന്തംവിട്ടുപോകും. ഹദീസ് ഇപ്രകാരമാണ്:

"ഒരു ജോടി ചെരിപ്പ് അന്യോന്യം സാദൃശ്യമുള്ളവയായിരിക്കുന്ന പ്രകാരം ഇസ്രായീൽകാരിൽ സംഭവിച്ചതുപോലെയെല്ലാം തീർച്ചയായും എന്റെ ഉമ്മത്തിലും സംഭവിക്കും. ഇങ്ങേയറ്റം അവരിൽ വല്ലവരും തന്റെ മാതാവിനെ പരസ്യമായി പരിഗ്രഹിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും എന്റെ ഉമ്മത്തിലും അപ്ര

കാരം ചെയ്യുന്നവനുണ്ടായ്വരും. ഈസ്രായീൽകാർ എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞു. എന്റെ ജന മാകട്ടെ എഴുപത്തി മൂന്നു കക്ഷികളായി പിരിയും.ം അവരിൽ ഒരുകൂട്ടരൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അവർ (സഹാബാക്കൾ) ചോദിച്ചു: അല്ലയോ ദൈവദൂതരേ! ആ കക്ഷി ഏതാണ്? തിരുമേനി പറഞ്ഞു: ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ തന്നെ" (മിശ്കാത്ത്).

പണ്ടത്തെ യഹൂദികൾ പരസ്പരം വിഘടിച്ച് ഭിന്നിച്ചതുപോലെ മുസ്ലിം സമുദായം ആയിതീരുകയും ഒരു കക്ഷി യൊഴികെ മറ്റെല്ലാ കക്ഷികളും നരകത്തിൽ പതിക്കുമെന്നുമാണ് ഹദീസ് വ്യക്തമാക്കുന്നത്. റസൂൽ തിരുമേനിയുടെ വചനത്തെ അന്വർത്ഥമാക്കിക്കൊണ്ട് ഭൂമിയിൽ തന്നെ ഈ കക്ഷികൾ നരകം സൃഷ്ടിക്കുകയാണ്. ഈ അനുഭവയാഥാർത്ഥ്യങ്ങൾ ഒരു നിഷ്പക്ഷാന്വേഷകനെ ഇരുത്തിചിന്തിപ്പിക്കേണ്ടതല്ലേ?

ഈ മുസ്ലിം കക്ഷികളുടെ ഉലമാക്കന്മാരെപ്പറ്റി റസൂൽ തിരുമേനി പറഞ്ഞത് ഇപ്രകാരമാണ്:

"തീർച്ചയായും ജനങ്ങളിൽ ഒരു കാലം വരും. അന്നു ഇസ്ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം ശേഷിക്കും. അവരുടെ പള്ളികൾ ജന പ്പെരുപ്പമുള്ളവയായിരിക്കുമെങ്കിലും അവ ഭക്തിശൂന്യങ്ങളായിരിക്കും. അവരുടെ ആലിംകൾ ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. ഫിത്ന അവരിൽ നിന്ന് പുറപ്പെടുകയും അവരിലേക്കുതന്നെ മടങ്ങിച്ചെല്ലുകയും ചെയ്യും". (മിശ്കാത്ത്)

നീ വായിക്കുക, മനനം ചെയ്തു പഠിക്കുക എന്ന വിശുദ്ധഖുർആന്റെ പ്രഥമവും പ്രധാനവുമായ ദൈവിക അരുളപ്പാട് നൽകപ്പെട്ട മനുഷ്യൻ അറിവുകളുടെ ആവാസവ്യവസ്ഥയിൽ വളർന്ന് വരേണ്ട ധൈഷണിക സത്വമാണ്. അവന്റെ കണ്ണും കാതും വിശാലമായ പ്രപഞ്ചത്തിലേക്ക് തുറന്നുവെക്കണമെന്ന് ലോകത്തോട് ആദ്യമായി പഠിപ്പിച്ച ഒരു ഗ്രന്ഥത്തിന്റെ വാഹകർ! നിറപ്പകിട്ടാർന്ന ആ കാലഘട്ടം ചരിത്രഗ്രന്ഥങ്ങളിൽ മിന്നിത്തിളങ്ങുന്ന പ്രകാശ ഗോപുരങ്ങളായി. വായിക്കുന്നവർക്ക് കാണാം. മുസ്ലിം സമുദായത്തെപ്പറ്റിയുള്ള ഖുർആന്റെ ഈ വിഭാവനയും ഇന്നത്തെ ശൈഥില്യം ബാധിച്ച മുസ്ലിം സമുദായങ്ങളും തമ്മിൽ എത്ര മാത്രം അന്തരമുണ്ട്!

വിജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും രംഗങ്ങളിൽ മുസ്ലിംകൾ നൽകിയ സംഭാവന നിരുപമമാണ്. അവർ ആധുനിക ശാസ്ത്രത്തിന്ന് അടിത്തറയിട്ടവരാണെന്ന വസ്തുത ഒരു വിവാദ വിഷയമേയല്ല. യവന ശാസ്ത്രത്തെ പരിപോഷിപ്പിക്കുക മാത്രമല്ല, മൗലികമായ ശാസ്ത്ര ഗവേഷണത്തിലൂടെ അവർ ശാസ്ത്രലോകത്തിന്റെ വിജ്ഞാനദീപം കൈയിലേന്തി കാലഘട്ടങ്ങൾ താണ്ടുകയുണ്ടായി. മുസ്ലിംകളുടെ ഈ സുവർണകാലഘട്ടത്തെപ്പറ്റി ജോർജ് സൈദാൻ എന്ന ക്രിസ്ത്യൻ ചരിത്രകാരൻ തന്നെ അടിവരയിട്ട് പറയുന്നു. (താരീക്ക് ആദാബ്ല്ലുഗത്ത്) മുസ്ലിം സമുദായത്തെ ഇന്നത്തെ ഉലമാക്കന്മാർ വളർത്തിയത് ശാസ്ത്രവിരുദ്ധരായാണ്. കോടിക്കണക്കിന് മുസ്ലിംകൾ അധിവസിക്കുന്ന രാജ്യങ്ങൾ വൈജ്ഞാനികമായി ഒരുശ്മശാനം പോലെ ശൂന്യമാണ്. പാശ്ചാത്യ ക്രൈസ്തവ നാഗരികത വികസിപ്പിച്ച ശാസ്ത്രം ഇരുകൈയും നീട്ടി യാചകരെപ്പോലെ അവർ വാങ്ങിക്കുകയാണ് ചെയ്യുന്നത്. ആ ശാസ്ത്രീയ പാരമ്പര്യത്തിൽ നിന്നു മുസ്ലിം പണ്ഡിത വർഗ്ഗം കണ്ണിയറ്റുപോയിരിക്കുന്നു. ആധുനിക കാലഘട്ടത്തിലെത്തിയപ്പോഴേക്കും മുസ്ലിം സമുദായത്തിന് മതനേതൃത്വം ഒരു ശാപവും ഭാരവുമായി മാറി. ലോകജനതയ്ക്ക് ഐശ്വര്യപൂർണ്ണവും ഉൽകൃഷ്ടവുമായ ഒരു സംസ്ക്കാരം പകർന്നു കൊടുത്തവർ ഛിന്നഭിന്നമായി. സമുദായത്തിന്റെ ഊർജ്ജം മുഴുവൻ വറ്റിവരണ്ടു. മുസ്ലിംലോകം ഇന്ന് പതിതരുടെയും ചൂഷിതരാക്കപ്പെട്ടവരുടെയും ഭൂമിയാണ്.

ഖുർആൻ എഴുതിയ ഗ്രന്ഥം തൊട്ടുകൂടെന്നും അതിന്ന് അർത്ഥം നൽകരുതെന്നും പറഞ്ഞ് പഠിപ്പിച്ചവർ തന്നെ ഇന്നിപ്പോൾ ഖുർആൻ പരിഭാഷ വിറ്റു കാശുണ്ടാക്കുന്നു. മതത്തിന്റെ പേരിൽ അധമസാഹിത്യങ്ങൾ പ്രചരിപ്പിക്കുന്നു. വിശുദ്ധഖുർആന് ബുദ്ധിക്കും യുക്തിക്കും നിഴൽബന്ധംപോലും ഇല്ലാത്ത ദുർവ്യാഖ്യാനങ്ങൾ നൽകി പ്രചരിപ്പിക്കുന്ന ഇക്കൂട്ടർ അനുഗൃഹീതമായ തിരിച്ചടി നൽകി അച്ചടി വിദ്യയെ വ്യഭിചരിക്കുകയല്ലേ ചെയ്യുന്നത്?

വിപ്ലവകരമായ മാറ്റങ്ങളുമായി കടന്നുവന്ന യുഗസംക്രമണത്തിന്റെ ഈ ദശാസന്ധിയിൽ ആധുനിക വേലിയേറ്റത്തിന്നെതിരെ മുസ്ലിംകളുടെ സാമൂഹികവും ആത്മീയവും ധാർമ്മികവുമായ പ്രതിരോധനിര എത്ര ശോഷിച്ചതാണ്.

ഇങ്ങനെ നോക്കുമ്പോൾ സർഗാത്മകമായ യാതൊരു സംഭാവനയും ചെയ്യാത്ത നാശവും ശൈഥില്യവും മാത്രം സമ്മാനിച്ച മുസ്ലിം ഉലമാക്കന്മാർ തിരുനബി (സ) പറഞ്ഞത്പോലെ ആകാശത്തിൻകീഴിലെ ഏറ്റവും നികൃഷ്ടജീവികളായി തീർന്നിരിക്കുന്നു എന്ന് പറഞ്ഞാൽ തെറ്റാകുമോ? അതുകൊണ്ട് നാം ചോദിക്കുകയാണ്, ഈ നാശകാരികളായ ഉലമാക്കന്മാരെക്കൊണ്ട് സമുദായത്തിന് എന്ത് പ്രയോജനം?

മുസ്ലിം എന്ന വാക്കിന്റെ നിർവ്വചനം എന്ത്? ദൈവവചനമായ വിശുദ്ധഗ്രന്ഥത്തിൽ തിരുത്തലുംകൾ (മൻസൂഖ്) ഉണ്ടോ? ഉണ്ടെങ്കിൽ വി. എച്ച്. പി. യെ നാമെന്തിന് പഴിചാരണം? 'ഇതിൽ ഹുഖ്മുഇല്ലാലില്ല', ഭൂമിയിൽ ഭരണം അല്ലാഹുവിന്റെ മാത്രം എന്ന് ആദ്യമായി മുദ്രാവാക്യം മുഴക്കിയവർ ആര്? മുസ്ലിമിന്റെ നിർവ്വചനം എന്ത്? കാഫിറ് ആരൊക്കെയാണ്? ശിർക്ക് ചെയ്യുന്നവർ ആരെല്ലാം? ഖവാരിജ് ആര്? ഇവയെല്ലാം പുനരാലോചന ചെയ്ത് തീരുമാനമെടുക്കാം. അതിന് ശേഷം ഞങ്ങൾ മുസ്ലിംകൾ തന്നെയെന്നു പറയാം. ഇപ്പോൾ ഞങ്ങൾ മുസ്ലിംകളല്ല, ഖുർആൻ പഠിച്ചിട്ടില്ല എന്ന് ഉറക്കെ പറയട്ടെ. ■

ലേഖനം

# ഭൗതിക പ്രപഞ്ചത്തിൽ ആത്മീയലോകത്തിന്റെ സാദൃശ്യം

മഹ്മൂദ്, കൽക്കുളം

“നിങ്ങൾക്ക് വേണ്ടി ഭൂമിയെ ഒരു വിരിപ്പും ആകാശത്തെ മേൽത്തട്ടുമാക്കുകയും മേഘത്തിൽ നിന്നു ജലം വർഷിപ്പിച്ച് അതുമുഖേന നിങ്ങൾക്ക് ഫലവർഗങ്ങളിൽ നിന്നുള്ള ആഹാരത്തെ ഉൽപ്പാദിപ്പിച്ചു തരുകയും ചെയ്തവനാണവൻ. അതിനാൽ നിങ്ങൾ അറിഞ്ഞുകൊണ്ട് അല്ലാഹുവിന് സമൻമാരെ സങ്കൽപ്പിക്കരുത്.” (വി. ഖു.2:23)

“അവൻ തന്നെയാണ് ആകാശത്ത് നിന്ന് വെള്ളം ഇറക്കിയിട്ടുള്ളത്. അതുമുഖേന എല്ലാ വസ്തുക്കളുടെയും മുളകൾ നാം ഉൽപ്പാദിപ്പിച്ചു. എന്നിട്ട് അതിൽ നിന്ന് പച്ചിലപ്പടർപ്പുകളെ നാം പുറത്തുകൊണ്ടുവന്നു. പിന്നെ അതിൽ നിന്ന് നാം തമ്മിലൊട്ടിത്തിങ്ങി നിൽക്കുന്ന ധാന്യമണികളെ പുറത്തേക്ക് കൊണ്ടുവരുന്നു. ഈന്തപ്പനയിൽ നിന്ന്, അതിന്റെ കൂമ്പിൽ നിന്ന്. തൂങ്ങിനിൽക്കുന്ന കുലകൾ (നാം ഉണ്ടാക്കുന്നു.) ഇപ്രകാരം തന്നെ മുന്തിരിത്തോട്ടങ്ങളും ഒലിവ് വൃക്ഷങ്ങളും ഉറുമാൻ വൃക്ഷങ്ങളും പരസ്പരം സാദൃശ്യമുള്ളവയും സാദൃശ്യമില്ലാത്തവയും (അവയിലുണ്ട്). അത് കായ്ക്കുമ്പോൾ അതിന്റെ കനിയിലേക്കും അത് പഴമായിവരുന്ന സ്ഥിതിയിലേക്കും നിങ്ങൾ നോക്കുക. വിശ്വസിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.” (വി. ഖു. 6:100).

ഭൂമിയും ആകാശവും പരസ്പരം ബന്ധിതമാണ്. ജീവിതരഹസ്യത്തിന്റെ അവശ്യോപാധിയായ ശുദ്ധവായു, ജീവനോപായത്തിന്നനിവാര്യമായ വർഷജലം തുടങ്ങിയവ ആകാശവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഭൂമിയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധി നിശ്ചയിക്കുന്നതിൽ ആകാശത്തിനുള്ള പങ്ക് ആർക്കും നിഷേധിക്കാനാവില്ല. ഭൂമിയിൽ ജീവജാലങ്ങളുടെ നിലനിൽപ്പ് നിർണ്ണയിക്കുന്നത് ആകാശമാണ്. ഭൗതികവാദികൾ പോലും ഈ സത്യം അംഗീകരിക്കുന്നു. പുതിയൊരു ആകാശഭൂമി വിഭാവനം ചെയ്തുകൊണ്ട് രംഗത്തുവന്ന ഭൗതികപ്രസ്ഥാനങ്ങളെല്ലാം കേവലം ബാഹ്യശരീരത്തെയാണ് ലക്ഷ്യമാക്കുന്നത്. ബാഹ്യശരീരത്തിന് ഐശ്വര്യപൂർണ്ണമായ ഒരുദ്യാനം അവർ സ്വപ്നം കാണുന്നു. എന്നാൽ മനസ്സും ശരീരവും ഒരുപോലെ സംരക്ഷിക്കപ്പെടുന്ന സമ്പൂർണ്ണമായ ജീവിത വ്യവസ്ഥയിലൂടെ മാത്രമാണ് സ്വർഗ്ഗീയ ജീവിതം സംജാതമാകുന്നത്. ഭൗതികശാസ്ത്രം നിലനിൽക്കുന്നതിനനുപേക്ഷണീയമായ ഒരാകാശത്തെക്കുറിച്ച് ഭൗതികവാദികൾക്കറിയാമെങ്കിലും മനസ്സിന്റെ വികാസവും പോഷണവും നിർണ്ണയിക്കുന്ന യഥാർഥ വാനലോകത്തെ അവർ നിരാകരിക്കുകയാണ് ചെയ്യുന്നത്. ആത്മീയ വിഹായസ്സിലേക്ക് ഹസ്തമുയർത്തി കേണപേക്ഷിക്കുന്നവരോട് ഇത് ഭൂമിയാണ്. എന്ന പരിഹാസം ധ്വനിപ്പിക്കുന്ന പല കൃതികളും കലകളുമായി അവർ ഇതിനകം രംഗത്തുവന്നിട്ടുണ്ട്. മനുഷ്യന്റെ ജീവിതഗതിയിൽ ശരീരം പോലെ പ്രധാനമാണ് അനുഭൂതി പ്രദാനം ചെയ്യുന്ന മനസ്സും സ്നേഹവും സഹവർത്തിത്വവും നിറഞ്ഞ ആന്തരജീവിതവും. രണ്ടും സമന്വയിക്കപ്പെടുന്നതിലൂടെ മാത്രമെ നവീനലോകം കെട്ടിപ്പടുക്കാനാവുകയുള്ളൂ. അഥവാ ആത്മാവും ശരീരവും പരിരക്ഷിക്കപ്പെടാനുള്ള സംവിധാനമുണ്ടാകുമ്പോഴാണ് പുതിയ ആകാശവും പുതിയ ഭൂമിയും രൂപംകൊള്ളുന്നത്.

## കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി

നവലോകമെന്ന മോഹന വാഗ്ദാനവുമായി രംഗപ്രവേശനം ചെയ്തിട്ടുള്ള കമ്മ്യൂണിസം, വാസ്തവത്തിൽ മനുഷ്യന്റെ മാനസിക വികാസത്തിന് തടയിടുന്ന അപ്രായോഗികങ്ങളായ ആശയഗതികൾ മാത്രമാകുന്നു. കേവലം ശരീരത്തിന്റെ ഉന്നമനം എന്നതിൽ ഒതുങ്ങുമെന്നതുതന്നെയാണ് കമ്മ്യൂണിസത്തിന്റെ പരാജയം. മനുഷ്യന്റെ പ്രകൃതിദത്തമായ വാസനകളെ അത് അടിച്ചമർത്തുന്നു. ആത്യന്തികലക്ഷ്യമായ ജീവിതമുക്തി പ്രദാനം ചെയ്യാൻ കമ്യൂണിസത്തിന് സാധിക്കുകയില്ല. കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ എല്ലാതരം സഹായങ്ങളും സ്റ്റേറ്റ് മുഖേനയാണ് ലഭ്യമാകുന്നത്. തന്നിമിത്തം കഷ്ടപ്പെടുന്നവരെയും സാധുക്കളെയും ബന്ധുമിത്രാദികളെയും വ്യക്തിപരമായ നിലയിൽ സഹായിക്കുന്നതിനുള്ള സാഹചര്യം അത് ഇല്ലാതാക്കുന്നു. മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന നൈസർഗിക വികാരങ്ങളായ അനുകമ്പ, ആർദ്രത, സ്നേഹം, സഹാനുഭൂതി തുടങ്ങിയവ സന്ദർഭോചിതം വെളിപ്പെടുത്തുവാനും പരിപോഷിപ്പിക്കുവാനും അതുവഴി മനുഷ്യന് ഉയരുവാനും സാധിക്കുന്നത്, ദുരിതമനുഭവി

ക്കുന്ന ജനങ്ങളെ അവരുടെ കഷ്ടപ്പാടിന്റെയും ഞെരുക്കത്തിന്റെയും സന്ദർഭങ്ങളിൽ വ്യക്തിപരമായ നിലയിൽ സഹായിക്കാനും സഹതാപം കാണിക്കാനുമുള്ള അവസരമുണ്ടാകുമ്പോഴാണ്. മനുഷ്യന്റെ ആത്മപരിപോഷണത്തിന് അവശ്യം ആവശ്യമായ അത്തരം സാഹചര്യങ്ങൾ സ്റ്റേറ്റ് മുഖേന മാത്രം കൈകാര്യം ചെയ്യപ്പെടുമ്പോൾ പിന്നെ കേവലം യന്ത്രമെന്നോണം നിലകൊള്ളാനേ മനുഷ്യന് നിർവ്വാഹമുള്ളൂ. എന്നാൽ ഇസ്‌ലാം മനുഷ്യന്റെ ജന്മവാസനകളെ പ്രകടമാക്കാനുള്ള അവസരം സൃഷ്ടിക്കുകയും അത്തരം സഹജവികാരങ്ങളെ ശരിയായ ദിശയിലൂടെ തിരിച്ചുവിടുകയും ചെയ്തുകൊണ്ട് ശരീരത്തിനെന്നപോലെ, ആത്മാവിനും വികാസം ഉറപ്പുവരുത്തുകയും അഭിവൃദ്ധിപ്പെടാനുള്ള വഴി തുറന്നിടുകയുമാണ് ചെയ്തിരിക്കുന്നത്. ചുരുക്കത്തിൽ, ശാരീരികവും ആത്മീയവുമായ സമ്പൂർണ്ണ മാർഗ ദർശനങ്ങൾ നൽകുന്ന ഇസ്‌ലാമിൽ മാത്രമാണ് പുതിയൊരു ആകാശഭൂമി വിഭാവനം ചെയ്തിരിക്കുന്നത്. അഥവാ കേവലം ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സാക്ഷീകരണത്തിലൂടെയായിരിക്കും നവലോകമെന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നത്.

ഭൂമിയുടെ പുനരുജ്ജീവനം ദിവ്യവെളിപാടുകളിലൂടെ ഭൗതിക പ്രപഞ്ചത്തോട് അത്ഭുതകരമായ നിലയിൽ സാമ്യം പുലർത്തുന്ന വിധത്തിലാണ് ആത്മീയപ്രപഞ്ചത്തിന്റെ പ്രവർത്തനങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നത്. ഇവ തമ്മിലുള്ള സാദൃശ്യത്തെക്കുറിച്ച് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇപ്രകാരം പറയുന്നു: "ഭൂമിയും ആകാശവും അന്യോന്യം ഇണയെന്നോണം നിലകൊള്ളുന്നു. അവ തമ്മിലുള്ള ബന്ധം മുഖേനയാണ് ഫലങ്ങൾ വെളിപ്പെടുന്നത്. മുഴുവൻ പ്രവർത്തന സംവിധാനങ്ങളും നടന്നുപോകുന്നതിന് നിദാനം ഭൂമിയും ആകാശവും തമ്മിലുള്ള ഐക്യമാകുന്നു. ആത്മീയലോകത്തിന്റെ അവസ്ഥയും ഇപ്രകാരമത്രെ. ആത്മീയലോകത്തിലും ഇങ്ങനെയുള്ള ആത്മീയമായ ഒരാകാശത്തിന്റെയും ഭൂമിയുടെയും അനിവാര്യതയുണ്ട്. എന്നുവെച്ചാൽ ഒരുഭാഗത്ത് സ്വീകരിക്കാൻ സന്നദ്ധരായ നിർമ്മലപ്രകൃതക്കാരുടെയും, മറുഭാഗത്ത് സ്വർഗീയ ജലത്തിന്റെയും സ്വർഗീയ പ്രകാശത്തിന്റെയും ആഗമനവും അനുപേക്ഷണീയമാണ്. ആകാശത്ത് നിന്നുള്ള ജലവർഷത്തിന് ശേഷം യോഗ്യമായ മണ്ണ് തന്റെ ഖജനാവുകൾ പുറപ്പെടുവിക്കുകതന്നെ ചെയ്യുന്നു. ഇതുപോലെ സ്വർഗീയജലത്തിന്റെ ഇറക്കത്തെത്തുടർന്ന് അതിന്റെ അനുഗ്രഹഫലങ്ങൾ നിർമ്മലപ്രകൃതക്കാരിലൂടെ പ്രകടമാകുന്നത് തടയാനാവുകയില്ല. ലോഹം കാന്തത്തെയെന്നപോലെ അവർ ദൈവിക പ്രവാചകന്റെ പിന്നിലെത്തിച്ചേരുന്നു. ആകയാൽ, മുഹമ്മദ് നബി (സ)യുടെ സന്ദേശം പ്രചരിതമാകുന്നതിൽ അത്ഭുതപ്പെടാനില്ല. ആ സന്ദേശം വ്യാപിക്കുന്നില്ലെങ്കിലാണ് അത്ഭുതം. കാരണം യോഗ്യമായ മണ്ണിൽ, നല്ല മഴ ലഭ്യമായ ശേഷം എന്തുകൊണ്ട് അത് പച്ചളിപ്പുകൾ ഉത്പാദിപ്പിച്ചില്ല എന്നതിൽ... ഭൂമിയിൽ പർവ്വതങ്ങൾ സ്ഥാപിച്ചിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. അതിന്റെ താൽപ്പര്യമതാണ്: പർവ്വതങ്ങളിൽ മഞ്ഞ് ചേർന്ന് ജലത്തിന്റെ ശേഖരമുണ്ടാകുകയും അത് അരുവികളായും നദികളായും പൊട്ടിയൊഴുകി ലോകത്തിന് സേചനമെത്തിക്കുകയും ചെയ്യും. മഞ്ഞിന്റെ ഈ ജലശേഖരം വറ്റിപ്പോയാൽ അരുവികളും നദികളും നിലച്ചുപോകുന്നതായിരിക്കും. അതുവഴി ഭൂമിക്കും ഉഷ്ണം ബാധിക്കുന്നു. ആത്മീയലോകത്തിന്റെ അവസ്ഥയും ഇപ്രകാരമാണ്. അതിൽ ചിലർ പർവ്വതമെന്നോണമാകുന്നു. ദൈവിക വെളിപാടുകളുടെ സ്രോതസ്സുകളാണവർ. മറ്റുചിലർ ആ സ്രോതസ്സുകളിൽ നിന്നുള്ള ഗുണങ്ങളെത്തിക്കുന്നവരാകുന്നു. വേറെ ചിലർ അതിൽ നിന്ന് ഫലമെടുക്കുന്നവരായിരിക്കും. പ്രവാചകൻ പർവതങ്ങളും ഉലമാക്കൾ അരുവികളും അവരിൽ നിന്നും ഫലമെടുക്കുന്ന സാധാരണ ജനങ്ങൾ ഭൂമിയെന്നോണവുമാകുന്നു." (തഫ്സീർ കബീർ ഭാ: 3)

ആകാശത്ത് നിന്നുള്ള വർഷപാതത്തിന് ശേഷം ഭൂമി ഹരിതാഭമായിത്തീരുന്നത് നാം കാണുന്നു. വരൾച്ച ബാധിച്ച ജഗത്തിൽ വർഷജലമുണ്ടാകുമ്പോൾ ഹരിതവർണങ്ങളോടുകൂടിയ സസ്യങ്ങളും ചെടികളും പൊട്ടിമുളക്കാൻ തുടങ്ങുന്നു. ജീവലോകം ചേതന പ്രാപിക്കുകയും മരവിച്ച് കിടക്കുന്ന സ്ഥിതിക്ക് രൂപമാറ്റമുണ്ടാകുകയും ചെയ്യുന്നു. ചുരുക്കത്തിൽ വൃഷ്ടിയുടെ ആകാശത്ത് നിന്നുള്ള ഇറക്കം പാർത്തലത്തിന്റെ സജീവതക്ക് ഒഴിച്ചുകൂടാനാവാത്തതുപോലെ ദിവ്യവെളിപാടുകളുടെ അവരോഹണം നിർജ്ജീവമായി കിടക്കുന്ന ഹൃദയങ്ങളുടെ ഉദ്ഗതിക്ക് അനുപേക്ഷണീയമാകുന്നു. ദിവ്യവെളിപാടുകൾ, അഥവാ പ്രവാചകന്മാരുടെ ഇറക്കം മൂലം ആത്മീയജലമില്ലാതെ വരണ്ടുപോയ മനുഷ്യഹൃദയങ്ങൾ ആത്മീയതേജസ്സുള്ളതായി മാറുന്നു. വി. ഖുർആൻ പറയുകയാണ്:

"അല്ലാഹു ആകാശത്ത് നിന്ന് ജലം ഇറക്കി. എന്നിട്ട് ഭൂമിയുടെ നിർജ്ജീവിതക്ക് ശേഷം അതുകൊണ്ട് അവനതിനെ സജീവമാക്കി. ശ്രദ്ധിച്ചു കേൾക്കുന്ന ജനത്തിന് ഇതിൽ തീർച്ചയായും ദൃഷ്ടാന്തമുണ്ട്" (16:66)

അധർമ്മവും അന്ധകാരവുമാകുന്ന ഉഷ്ണപാതത്താൽ നിശ്ചേതനമായ ജനഹൃദയങ്ങൾ ദൈവദൂതന്മാരിലൂടെയാണ് ഉദ്ഗതി പ്രാപിക്കുന്നതെന്ന് ഈ ഖുർആനികവചനം വെളിപ്പെടുത്തുന്നു. മഴയെതുടർന്ന് സസ്യലതാദികളാൽ ഭൂതലം ഹരിതപൂർണമാകുന്നതുപോലെ പ്രവാചകന്മാരുടെ വരവിനെത്തുടർന്ന് നന്മകളിലേക്കുള്ള ശക്തമായ പ്രചോദനം ജനങ്ങളിൽ ഉടലെടുക്കുമാറാകുന്നു. അങ്ങനെ ദൈവിക പ്രഭാവമേറ്റ വ്യക്തിത്വങ്ങൾ ജന്മമെടുക്കുകയും ആകാശത്തുനിന്നുള്ള സഹായഹസ്തം അവർക്ക് ലഭിക്കുമാറാകുകയും ചെയ്യുന്നു. ഭൗതികലോകത്തിന്റെ എതിർപ്പുകളെ അവർ അതിജയിക്കുന്നു. ഇതുസംബന്ധിച്ച് വാഗ്ദത്ത മഹ്ദിമസീഹ് (അ) വിവരിക്കുന്നത് കാണുക.

"കാലോചിതമായും ഹിതാനുസൃതമായും ആകാശത്ത് നിന്ന് മഴയുണ്ടാ

കുന്നു എന്നത് പ്രകൃതിയിൽ നാം കണ്ടുവരുന്ന നിയമവ്യ വ്യവസ്ഥയാണ ല്ലോ. ഭൂമിയിൽ കാണുമാറാകുന്ന പച്ച ളിപ്പിനും തഴപ്പിനും ആശ്രയമായിരിക്കു ന്നത് വർഷജലമാകുന്നു. ആകാശത്ത് നിന്ന് മഴയുണ്ടാകുന്നില്ലെങ്കിൽ, ക്രമേണ കിണറുകളിൽ വെള്ളം വറ്റിപ്പോകുന്നു. ഇങ്ങനെ ഭൂമിയിലെ ജലത്തിനും വർഷ ജലത്തിനും തമ്മിൽ ആകർഷണവും ആത്മബവുന്ധമുണ്ടെന്നു പറയാം. അതുകൊണ്ട് തന്നെയാണ് മഴ പെയ്താൽ കിണറുകളിൽ വെള്ളം പൊന്തിവരുന്നത്. എന്തെന്നാൽ ആകാ ശത്ത് നിന്നുള്ള വർഷജലം ഭൂമിയുടെ അടിയിലുള്ള വെള്ളത്തെ മുകളിലേക്ക് ആകർഷിച്ചുകൊണ്ടുവരുന്നു. ഉത്തര ത്തിലുള്ള ഒരാകർഷണവും ബന്ധവു മാണ് ദൈവബോധനത്തിനും വിവേക ബുദ്ധിക്കും തമ്മിലുള്ളത്. ദൈവബോ ധനം സ്വർഗീയജലവും വിവേകബുദ്ധി ഭൗമിക ജലവുമാണെന്ന് പറയാം. ഭൂമി യിലെ വെള്ളം എപ്പോഴും നിർമ്മല മായി നിർത്തപ്പെടുന്നത് മഴവെള്ളം കൊണ്ടാണ്. അതുപോലെ സ്വർഗ്ഗീയ സലിലമാകുന്ന ദൈവവചനത്തിന്റെ വെളിപാട് നിലച്ചുപോകുന്ന പക്ഷം ഭൗമിക ജലമാകുന്ന വിവേകബുദ്ധി ശുഷ്ക്കിച്ചുപോന്നതാണ്. ദൈവ വച നത്തിന്റെ സ്വീകർത്താവായ സത്യാത്മാ വിന്റെ ആഗമനം കൊണ്ടനുഗൃഹീത മാകാതെ ഒരു സുദീർഘകാലം കഴിഞ്ഞുപോകുന്നതായാൽ വർഷജല ത്തിന്റെ അഭാവത്തിൽ ഭൂമിയിലെ വെള്ളം വറ്റി മലിനമായിത്തീരുന്ന പ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചുപോകുന്നു.'' (ഇസ്ലാംമത തത്ത്വജ്ഞാനം)

## പുതിയ ആകാശവും പുതിയ ഭൂമിയും

നവലോകത്തിന്റെ അന്തഃസത്തയെ ക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) ഇപ്ര കാരം വിവരിക്കുന്നു: "ലോകം വിഘടി ച്ചുപോയിരിക്കുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ചവനാരോ അവനി ലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെ ട്ടു. അവനെക്കുറിച്ചുള്ള സ്മരണ ചുണ്ടു കളിൽ മാത്രം ഒതുങ്ങി. എന്നാൽ ഹൃദ യങ്ങൾ അവനിൽ നിന്നകന്നു. അതി നാൽ ഇനി ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നതാ ണെന്ന് ദൈവം എന്നെ അറിയിച്ചിരിക്കു ന്നു. അതിന്റെ അർത്ഥമിതാണ്: ഭൂമി നിർജീവമായിരിക്കുന്നു. അഥവാ ഭൂത ലത്തിലുള്ള ജനങ്ങളുടെ ഹൃദയങ്ങൾ കഠിനങ്ങളായിത്തീർന്നിരിക്കുന്നു. അവ മരിച്ചിരിക്കുകയാണ്. ദൈവത്തിന്റെ മുഖം അവരിൽ നിന്ന് അപ്രത്യക്ഷമാ യി. ഗതകാല സ്വർഗ്ഗീയ ദൃഷ്ടാന്തങ്ങ ളെല്ലാം കേവലം കഥകളെന്നോണമാ യി. തന്മൂലം പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാൻ ദൈവം ഇച്ഛിച്ചിരിക്കുകയാണ്. എന്താണ് പുതിയ ഭൂമി? പുതിയ ആകാ ശമെന്നാൽ എന്താണ്? ദൈവം തന്റെ കരങ്ങളാൽ തയാറാക്കിയ പരിശുദ്ധ ഹൃദയങ്ങളാണ് പുതിയ ഭൂമി എന്ന തുകൊണ്ടർത്ഥമാക്കുന്നത്... പുതിയ ആകാശമെന്നാൽ ദൈവത്തിന്റെ പിന്തു ണയാൽ അവന്റെ ദാസർ മുഖേന വെളി പ്പെട്ടുകൊണ്ടിരിക്കുന്ന സ്വർഗ്ഗീയ ദൃഷ്ടാന്തങ്ങളാണ്. എന്നാൽ പരിതാപ കരം! ലോകം ദൈവത്തിന്റെ ഈ പുതിയ വെളിച്ചത്തോട് ശത്രുത പുലർത്തിയിരിക്കുന്നു! ലോകരുടെ പക്കൽ കേവം കഥകളല്ലാതെ മറ്റൊന്നു മില്ല. അവരുടെ ദൈവമാണെങ്കിൽ ഭാവനയിലുള്ളതും. അവരുടെ ഹൃദയം വക്രവും നിശ്ചയദാർഢ്യത ക്ഷയിച്ച തുമാണ്. അവരുടെ നയനങ്ങൾ മൂട പ്പെട്ടതുമാകുന്നു." (കശ്തീനൂഹ്)

ചുരുക്കത്തിൽ, ദൈവത്താൽ തയ്യാ റാക്കപ്പെട്ട പാവനഹൃദയങ്ങൾ ജന്മമെ ടുക്കുന്നതോടുകൂടി നവീന ഭൂമി രൂപ മെടുക്കുകയായി. അവർ മുഖേന ദൈവിക പ്രഭാവവും അടയാളങ്ങളും വെളിപ്പെടുമ്പോൾ നവീനമായ ആകാ ശവും സംജാതമാകുന്നു. എന്നാൽ ഭൂമി യിലെ ഈർപ്പവും വളവും വലിച്ചെടു ക്കാൻ യോഗ്യമല്ലാത്ത ചെടികൾക്ക് ആകാശത്തിൽനിന്നും വർഷിക്കപ്പെ ടുന്ന പേമാരിയോ പ്രകാശകിരണമോ പ്രയോജനപ്പെടാത്തതുപോലെ നിർമ്മ ലമല്ലാത്ത, അയോഗ്യഹൃദയങ്ങൾക്ക് പ്രവാചകാഗമനം മൂലമുണ്ടാകുന്ന അനുഗ്രഹങ്ങളിൽ നിന്നും ഫലമെടു ക്കാനും സാധിക്കുകയില്ല.

## മണ്ണും വിണ്ണും തമ്മിലുള്ള പൊരുത്തം

അന്യോന്യം സമരസപ്പെട്ടുപോ കുന്ന ഒരു ബന്ധമാണ് ആകാശഭൂ മികൾക്ക് അതിന്റെ സ്രഷ്ടാവ് നിശ്ച യിച്ചിട്ടുള്ളത്. ഈ ബന്ധത്തിൽ പൊരു ത്തക്കേടുകൾ സംഭവിക്കുമ്പോൾ അനി വാര്യമായും പ്രശ്ന സങ്കീർണതകളും സംജാതമാകുന്നു. ഭൂമിയും ആകാ ശവും വാസ്തവത്തിൽ ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. ഭൂമിയിലെ ജീവജാ ലങ്ങളുടെ വിസ്മയജന്യമായ പ്രകൃതി തന്നെ അതിന്റെ സ്രഷ്ടാവ് പരമപരി ശുദ്ധനാണെന്ന യാഥാർത്ഥ്യത്തിന് മതി യായ സാക്ഷ്യമാകുന്നു. സൃഷ്ടിജാല ങ്ങളിൽ, വിവേകവും വിവേചനവും നൽകപ്പെട്ട മനുഷ്യൻ പരമപരിശുദ്ധ നായ ദൈവത്തിന്റെ സൃഷ്ടി മഹാത്മ്യം തന്റെ ജീവിതകർമ്മങ്ങളി ലൂടെ പ്രതിഫലിപ്പിച്ചുകാണിക്കാൻ ബാധ്യസ്ഥനാണ്. ഈ കർത്തവ്യധർമ്മ ങ്ങളിൽ നിന്ന് മനുഷ്യർ ബഹുദൂരം അകന്നുപോകുമ്പോഴാണ് പ്രവാചകനി യോഗമുണ്ടാകുന്നത്. എന്നിട്ടും അവർ പിഴച്ച വഴിയിലുറച്ചുനിൽക്കുകയാണെ ങ്കിൽ ആകാശകോപം വെളിപ്പെടാൻ തുടങ്ങുന്നു. മാനവകുലത്തിന് അവരുടെ മഹത്തായ സൃഷ്ടിയുദ്ദേശ്യത്തെക്കുറി ച്ചവബോധമുണ്ടാക്കുന്നതിനും, സന്മാർഗ്ഗപാതയിലേക്കാനയിക്കുന്ന തിനും വേണ്ടി പ്രേഷിതരാക്കുന്ന ദൈവദൂതന്മാരെ നിരാകരിക്കുകയും വഴികേടിനെതന്നെ പുണരുകയും ചെയ്യുന്ന നിഷേധസംഘത്തിന് സംഭ വിച്ച നാശത്തെക്കുറിച്ച് വി. ഖുർആൻ പരാമർശിക്കുന്നുണ്ട്. ഹസ്റത്ത് നൂഹ്നബി (അ)യെ നിഷേധിച്ചവർ പ്രള യക്കെടുതിയിലകപ്പെട്ടാണ് നശിച്ചൊടു ങ്ങിയത്. ഹസ്റത്ത് ഹൂദ്നബി (അ) യുടെ ആദ് സമുദായത്തിൽപ്പെട്ടവരും ഹസ്റത്ത് സാലിഹ് നബി (അ)യുടെ സമൂദ് വിഭാഗത്തിൽപ്പെട്ടവരും ഹസ്റത്ത് ശുഐബ് നബി (അ)യുടെ മദ്യൻ ജനതയിൽപ്പെട്ടവരുമായ നിഷേ

*ശേഷം പേജ് 41ൽ*

Christianity
a journey from fact
to fiction
**എന്ന പുസ്തകത്തിൽ നിന്ന്**

# യേശു പ്രവേശിച്ച നരകം

**ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

ക്രിസ്ത്യാനികളുടെ സിദ്ധാന്ത പ്രകാരമുള്ള നരകമാണ് ഒരു പ്രശ്നം. യേശു പ്രവേശിച്ച ഈ നരകത്തെക്കുറിച്ച് നമുക്ക് കുറച്ച് വിശദമായി പരിശോധിക്കേണ്ടതുണ്ട്. ആ നരകം ഏത് തരത്തിലുള്ളതായിരുന്നു? ബൈബിൾ പുതിയ നിയമത്തിൽ നാം വായിച്ച അതേ നരകം തന്നെയാണോ അത്?

"മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും അവർ അവന്റെ രാജ്യത്തിൽ നിന്നും എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്തായി 13:41,42).

നാം കൂടുതൽ മുന്നോട്ട് പോകുന്നതിന് മുമ്പ് തീകൊണ്ടുള്ള ശിക്ഷയെ സംബന്ധിച്ച് അല്ലെങ്കിൽ നരകത്തിലെ ശിക്ഷയെ സംബന്ധിച്ച് ബൈബിൾ പുതിയ നിയമം അർത്ഥമാക്കുന്നതെന്താണെന്ന് വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. ആ നരകാഗ്നി ആത്മാവിനെ ദഹിപ്പിക്കുന്നതാണോ? അതല്ല ശരീരത്തെ എരിച്ചുകളയുന്നതും അതുമുഖേന ആത്മാവിനെ ശിക്ഷിക്കുകയും ചെയ്യുന്ന ഭൗതികാഗ്നിയാണോ? മരണാനന്തരം നമുക്ക് എന്ത് സംഭവിക്കുമെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്? മരണത്തിന് ശേഷം ജീർണനത്തിനു വിധേയമായി പഞ്ചഭൂതങ്ങളിൽ ലയിക്കുന്ന നമ്മുടെ ശരീരത്തിലേക്കു തന്നെയാണോ നമ്മുടെ ആത്മാവ് തിരിച്ചുചെല്ലുക എന്നാണോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്? അതല്ല, മരണത്തിനുശേഷം ഓരോ ആത്മാവിനും പുതിയ ശരീരം സൃഷ്ടിക്കപ്പെടുകയും പുനരുത്ഥാനം ചെയ്ത വ്യക്തിക്ക് പുനരവതാരം പോലെയുള്ള അനുഭവമുണ്ടാകുകയും ചെയ്യുമോ?

നരകം ഭൗതികാഗ്നിയും ശാരീരിക ശിക്ഷയുമാണെങ്കിൽ യേശുവിൽ സംഭവിച്ച സംഗതികളെ ആധാരമാക്കി ഒരാളുടെ ഭാവന വലിച്ചു നീട്ടാവുന്നതാണ്. നരകാഗ്നിക്ക് വിധേയമാക്കുന്നതിന് മുമ്പ് യേശുവിന്റെ ആത്മാവിനെ ഭൂമിയിൽ ജീവിതകാലം മുഴുവൻ പീഡനമേറ്റുവാങ്ങുന്ന ഒരു ശരീരത്തിൽ ബന്ധനസ്ഥനാക്കിയിരുന്നുവോ? അതല്ലെങ്കിൽ അദ്ദേഹം ഒരു സൂക്ഷ്മ ശരീരത്തിലേക്ക് തരംതാഴ്ത്തപ്പെട്ടിരുന്നുവോ? രണ്ടാമത് പറഞ്ഞതാണ് നടന്നിരുന്നതെങ്കിൽ ഭൗതികാഗ്നിക്ക് സൂക്ഷ്മശരീരത്തെ എരിക്കാനോ ശിക്ഷിക്കാനോ നശിപ്പിക്കാനോ സാധ്യമല്ല. അതല്ല, യേശുവിന്റെ ആത്മാവ് വസിച്ച മനുഷ്യശരീരത്തെ നരകം അനുഭവിക്കാനുള്ള ഒരു മാധ്യമം എന്ന നിലക്ക് അദ്ദേഹത്തിന് വേണ്ടി പുനർനിർമ്മിക്കപ്പെട്ടതാണെന്ന സങ്കൽപ്പം നാം അംഗീകരിക്കുകയാണെങ്കിൽ ദൈവികനീതിക്ക് അത് മറ്റൊരു ആഘാതമേൽപ്പിക്കുന്നത് നാം കാണേണ്ടിവരും. പാവം മനുഷ്യൻ! അദ്ദേഹത്തിന്റെ ശരീരം തികച്ചും അന്യമായ ഒരു ആത്മാവിനുവേണ്ടി ജീവിതകാലം മുഴുവൻ ഹൈജാക്ക് ചെയ്യപ്പെടുകയായിരുന്നു. മറ്റൊരു ആത്മാവിന് ആതിഥേയത്വം നൽകാൻ നിർബ്ബന്ധിക്കപ്പെട്ട ശരീരത്തിന് പ്രതിഫലം ലഭിച്ചതാകട്ടെ അദ്ദേഹം ചെയ്യാത്ത കുറ്റത്തിന് നരകാഗ്നിയിൽ എരിയുന്ന ശിക്ഷയും. ത്യാഗത്തിന്റെ എല്ലാ ബഹുമതിയും അദ്ദേഹത്തിൽ (മനുഷ്യശരീരത്തിൽ) വസിച്ച വിദേശിയായ ദൈവാത്മാവിന് അവകാശപ്പെട്ടതുമാണ്. ആ മനുഷ്യന്റെ ആത്മാവിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? ഒരു പക്ഷേ, ആ മനുഷ്യശരീരത്തിന്, അഥവാ യേശുവിന്റെ ശരീരത്തിന്, സ്വന്തമായി ആത്മാവ് ഇല്ലായിരിക്കാം. അങ്ങനെ ആത്മാവ് ഇല്ല എങ്കിൽ യേശുവിലുള്ള മനുഷ്യനും യേശുവിലുള്ള ദൈവവും ഒരാളായിരിക്കണം. യേശു നടത്തിയ അർത്ഥനകൾ ചിലപ്പോൾ മനുഷ്യപ്രചോദനത്താലും ചിലപ്പോൾ ദൈവേച്ഛയാലും ആയിരിക്കാം. ഇത് തികച്ചും ആശയക്കുഴപ്പമുണ്ടാക്കുന്ന ഒരു വൈചിത്ര്യമാണ്. ബുദ്ധിയുള്ള മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വീകാര്യമായ ഒരേയൊരു ഫോർമുല ഒരു ശരീരത്തിന് ഒരു ആത്മാവ് എന്നതാണ്. രണ്ട് ആത്മാവും ഒരു ശരീരവും എന്നത് വിചിത്രമായ ആശയമാണ്. പ്രേതബാധയിലോ അതുപോലുള്ള കാര്യങ്ങളിലോ വിശ്വസിക്കുന്നവർക്ക് മാത്രമേ ഇത് വിശ്വസിക്കുവാൻ സാധിക്കൂ.

## ബലിയും ആത്മീയ ഹർഷവും

ക്രിസ്ത്യൻ ദൈവശാസ്ത്രികൾക്ക് രണ്ടാമത് പറഞ്ഞ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായിരിക്കുക. അതായത് യേശുവിന്റെ ആത്മാവ് ആത്മീയമായ നരകത്തിലായിരിക്കും പ്രവേശിപ്പിച്ചിരിക്കുക. അങ്ങനെയാണെങ്കിൽ അസംബന്ധം എന്നു പറഞ്ഞ് അതിനെ തള്ളിക്കളയാൻ നമുക്ക് യാതൊരു കാരണവും കാണില്ലല്ലോ. ഏതു പ്രകാരത്തിലായിരുന്നാലും ശരി, ആത്മീയനരകം എന്നത് തീവ്രവേദനയാലോ കുറ്റബോധത്താലോ മാത്രം സൃഷ്ടിക്കപ്പെടുന്ന ഒന്നാണ്. യേശുക്രിസ്തുവിന്റെ കാര്യത്തിൽ അതൊരിക്കലും ആരോപിക്കാൻ സാധ്യവുമല്ല. മറ്റൊരാളുടെ കുറ്റത്തിനുള്ള ശിക്ഷ നിരപരാധിയായിരിക്കെ നിങ്ങൾ ഏറ്റുവാങ്ങുമ്പോൾ അത് തീവ്രമനോവേദനയല്ല മറിച്ച് അതിന് നേർ വിപരീതഫലമാണ് സൃഷ്ടിക്കപ്പെടുക. അത്തരം ഒരു വ്യക്തിയുടെ ആത്മാവ് മഹിത ചേതനകൊണ്ടും ആത്മത്യാഗത്താലും ത്രസിക്കുകയായിരിക്കും ചെയ്യുക. നരകത്തേക്കാൾ സ്വർഗ്ഗത്തിന് തുല്യമാണ് ഈ അവസ്ഥ.

*ശേഷം പേജ് 39*

കുറിപ്പുകൾ

മുസാഫിർ

# ലോകത്ത് വീണ്ടും ശാക്തിക ചേരികൾ!?

ശീതയുദ്ധം കഴിഞ്ഞ ലോകത്ത് ഇറാഖ് പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ വീണ്ടും ശാക്തിക ചേരികൾ രൂപംകൊള്ളുകയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സോവിയറ്റ് യൂനിയനെ മുൻനിർത്തിയായിരുന്നു അമേരിക്കയുടെ നേതൃത്വത്തിൽ യൂറോപ്യൻ രാജ്യങ്ങളെ സംഘടിപ്പിച്ചുകൊണ്ട് നാറ്റോ സൈനിക സഖ്യം രൂപം കൊണ്ടത്. സോവിയറ്റ് യൂനിയന്റെ തകർച്ചക്ക് ശേഷം ശീതയുദ്ധത്തിന്റെ കാലം കഴിഞ്ഞു. അമേരിക്ക നാറ്റോവിനെ പുനരുജ്ജീവിപ്പിക്കാൻ നോക്കുന്നുവെങ്കിലും നാറ്റോ അപ്രസക്തമാണെന്ന് സമകാലീന ചരിത്രം വിധിയെഴുതുകയാണ്. പകരം ഇറാഖ് പ്രശ്നത്തിൽ അമേരിക്കയെ പ്രതിയോഗിയാക്കി യൂറോപിലും ലോകംമുഴുക്കെയും പുതിയ ശാക്തിക ധ്രുവീകരണത്തിന്റെ സമവാക്യങ്ങൾ രൂപംകൊള്ളുകയാണെന്നു തോന്നുന്നു. ശീതയുദ്ധത്തിനു പകരം സംഘർഷഭരിതമായ ഒരു തപ്തയുദ്ധത്തിലേക്ക് അത് വഴിമാറുമോ എന്നും ആശങ്കിക്കേണ്ടിയിരിക്കുന്നു. റഷ്യ, ചൈന, ബ്രസീൽ, കൊറിയ മുതലായ രാജ്യങ്ങൾ ഇറാഖ് പ്രശ്നത്തിൽ സ്വീകരിച്ച അമേരിക്കൻ വിരുദ്ധ നിലപാടിനോട് ഫ്രാൻസിന്റെയും ജർമ്മനിയുടെയും നേതൃത്വത്തിൽ യൂറോപ്യൻ രാജ്യങ്ങൾ അടുക്കുകയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ നാളിതുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിൽ യുദ്ധവിരുദ്ധ റാലിയും ജനകീയവികാരങ്ങളും അലയടിക്കുമ്പോൾ ഫ്രാൻസിനും ജർമ്മനിക്കും മറിച്ചൊന്നു ചിന്തിക്കാൻ സാധ്യമല്ലാതെ വന്നിരിക്കുകയാണ്. ഇറാഖ് അക്രമണത്തിനുള്ള അനുമതിക്കുവേണ്ടി ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയെ സമീപിച്ച അമേരിക്കയുടെ പ്രമേയത്തെ ഫ്രാൻസ് എതിർക്കുകയും ബദൽ പദ്ധതിയുമായി രംഗപ്രവേശം ചെയ്തിരിക്കുകയുമാണ്. ഫ്രാൻസിന്റെ അനിഷേധ്യനായ പ്രസിഡന്റ് ജാക്ഷിറാഗിന്റെ അമേരിക്കൻ വിരുദ്ധ നിലപാട് അദ്ദേഹത്തെ ഫ്രാൻസിലും ഫ്രാൻസിന് പുറത്തും ആരാധ്യപരുഷനാക്കി മാറ്റുകയാണ്. അമേരിക്കൻ ഉപരോധംവരെ ക്ഷണിച്ചുവരുത്തുന്ന ഈ നിലപാട് ഫ്രാൻസ് മാറ്റമില്ലാതെ തുടരുകയാണ്. വീണ്ടും അമേരിക്ക പ്രമേയം കൊണ്ടുവന്നാൽ ഒമ്പത് രാജ്യങ്ങളുടെ പിന്തുണയോടെ സെക്യൂരിറ്റി കൗൺസിൽ പാസാക്കുകയാണെങ്കിൽ അത് വീറ്റോ ചെയ്യുമെന്നും ഫ്രാൻസ് ഭീഷണി മുഴക്കിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ നാറ്റോ സൈനികസഖ്യം തന്നെ തകരുമെന്നുറപ്പാണ്. അതിനുപുറമെ വേൾഡ് സോഷ്യൽ ഫോറത്തിന്റെ നേതൃത്വത്തിൽ ആഗോളവത്കരണത്തിനും കോർപ്പറേറ്റ് മൂലധനത്തിന്റെ ആഗോളചൂഷണത്തിനുമെതിരെ വമ്പിച്ച പ്രതിഷേധങ്ങൾ ലോകവ്യാപകമായി നടന്നുവരുന്നു. മൊത്തത്തിൽ ലോകമഹായുദ്ധങ്ങൾക്ക് മുമ്പുണ്ടാകുന്ന രീതിയിലുള്ള ശാക്തിക ധ്രുവീകരണത്തിലേക്കാണോ ലോകം നീങ്ങുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന് തൊട്ടു മുമ്പ് ഹിറ്റ്ലർ യുദ്ധോത്സുകനായി രംഗപ്രവേശം ചെയ്ത കഴിഞ്ഞ കാലം ഓർത്തുപോവുകയാണ്. ഒന്നാം ലോകമഹായുദ്ധത്തിൽ നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരിച്ചെടുക്കാൻ പ്രതിജ്ഞാബദ്ധനായ ഹിറ്റ്ലർ സർവ്വരാഷ്ട്രസമിതിയിൽനിന്ന് ജർമ്മനിയെ വേർപെടുത്തുകയും സഖ്യശക്തികൾക്ക് കൊടുക്കാനുള്ള നഷ്ടപരിഹാരത്തുക നിരാകരിക്കുകയും 1935 വേഴ്സായി ഉടമ്പടിയെ വകവെക്കാതെ സൈനിക പരിശീലനം ആരംഭിക്കുകയും ചെയ്തു. 1936ൽ റൈൻ നിസൈനീകൃത മേഖലയിലേക്ക് സൈന്യത്തെ അയച്ചു. ഇതെല്ലാം കണ്ട് ഫ്രാൻസും ബ്രിട്ടനും മൗനം അവലംബിച്ചിരുന്നു. 1938ൽ ജർമ്മനിയോട് ആസ്ട്രിയ കൂട്ടിച്ചേർക്കപ്പെട്ടു. തുടർന്ന് ചെകൊസ്ലൊവാക്യയിലെ സഡ്രോറൻലാൻഡ് പിടിച്ചെടുക്കാൻ തുനിഞ്ഞു. ചെകൊസ്ലൊവാക്യ തങ്ങളുമായി സൈനിക സഖ്യമുണ്ടായിരുന്ന ബ്രിട്ടനോടും ഫ്രാൻസിനോടും സഹായമഭ്യർത്ഥിച്ചു. ഫ്രാൻസ് സഹായം വാഗ്ദാനം ചെയ്തപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി ചേമ്പർലൈൻ ജർമ്മനിയെ പ്രീതിപ്പെടുത്തുകയാണ് ചെയ്തത്. ഒടുവിൽ ജർമ്മനിയുടെ ഹീനമായ ഈ പിടിച്ചെടുക്കലിനെ അംഗീകരിച്ച ബ്രിട്ടനും ഫ്രാൻസും ജർമ്മനിയും ഇറ്റലിയുമായി മ്യൂണിക്കിൽ വെച്ച് കൂടിയാലോചിച്ച് ഈ കൊലച്ചതിക്ക് അംഗീകാരം നൽകി. ഹിറ്റ്ലർ അതോടെ മയപ്പെടുമെന്നാണ് അവർ കരുതിയത്. മുഴുവൻ ചെക്കൊസ്ലൊവാക്യയും ആക്രമിച്ച് മ്യൂണിക് കരാർ കാറ്റിൽ പറത്തിയ ഹിറ്റ്ലർ പോളണ്ട് ആക്രമിച്ചപ്പോഴാണ് ഫ്രാൻസും ബ്രിട്ടനും കണ്ണുതുറന്നത്. അപ്പോഴേക്കും രണ്ടാം ലോകമഹായുദ്ധം തുടങ്ങിക്കഴിഞ്ഞിരുന്നു.

അമേരിക്കയുടെ അപ്രതിരോധ്യമായ യുദ്ധവെറിക്കെതിരെ മൗനം ഭേദിച്ചുകൊണ്ട് ഫ്രാൻസും ജർമ്മനിയും ഇപ്പോൾ മുന്നോട്ട് വന്നിരിക്കുന്നു. ശീതയുദ്ധകാലത്തെ അമേരിക്കയുടെയും റഷ്യയുടെയും നേതൃത്വത്തിലുണ്ടായിരുന്ന ശാക്തികമത്സരം വീണ്ടും മൂർച്ഛിച്ച് ലോകമഹായുദ്ധത്തിലേക്ക് നീങ്ങുമോ എന്നാണ് ആശങ്ക.

യഹൂദനായ അമേരിക്കൻ പ്രതിരോധ സെക്രട്ടറി ഡൊണാൾഡ് റംസ്ഫെൽഡും അദ്ദേഹത്തിന്റെ സഹപ്രവർത്തകനും പ്രതിരോധ ഡെപ്യൂട്ടി സെക്രട്ടറിയുമായ മറ്റൊരു ജൂതൻ ഡോ. പോൾ വുൾഫൊ വിറ്റ്മാനുമാണ് യുദ്ധസംരംഭത്തിന്റ ചുക്കാൻ പിടിക്കു

ന്നത്. ലോകത്തിന്റെ വെറുപ്പ് മുഴുവൻ ഏറ്റുവാങ്ങി അമേരിക്ക നടത്തുന്ന ഈ യുദ്ധം പ്രധാനമായും യഹൂദികളുടെ ധനാർത്ഥിക്കും ഇസ്രായീലിന്റെ സുരക്ഷിതത്വത്തിനും വേണ്ടിയാണ്. ഇപ്പോഴത്തെ അമേരിക്കൻ ഭരണകൂടത്തിന്റെ തലപ്പത്തുള്ള മിക്കവരും ബഹുരാഷ്ട്ര എണ്ണക്കമ്പനികളുമായി ബന്ധമുള്ളവരാണെന്നത് ശ്രദ്ധേയമാണ്. യു എന്നിന്റെ ആയുധപരിശോധകർ ഇറാഖിൽ കണ്ടെത്തിയ 150 കിലോമീറ്റർ ദൂരപരിധിയിൽ നിക്ഷേപിക്കാൻ കഴിയുന്ന മിസൈൽ അമേരിക്കക്ക് എന്ത് ഭീഷണിയാണുയർത്തുക? അതും അവർ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ ഈ യുദ്ധഭ്രാന്തിന് യുക്തിപരമായ ന്യായംപോലും പറയാൻ സാധിക്കാതെ ജൂതന്മാരും എണ്ണക്കമ്പനികളും ചേർന്ന് യുദ്ധം നയിക്കുകയാണ്. ഇറാഖിന്റെ സമ്പത്ത് കൊള്ളയടിച്ച് ഇറാഖി പൗരന്മാരെ കൂട്ടക്കുരുതി നടത്തി മധ്യപൗരസ്ത്യദേശത്ത് സുരക്ഷിതരായി കഴിയാമെന്നാണ് ഇസ്രായീൽ ധരിക്കുന്നത്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും യഹൂദികളെ കുടിയിരുത്താനും ബൈബിളിൽ വാഗ്ദാനം ചെയ്ത ദാവീദിന്റെ വിശാല ഇസ്രായീൽ രീപീകരിക്കാനുമുള്ള നിഗൂഢനീക്കമാണ് യഹൂദികൾ നടത്തുന്നത്. അതിനായി പ്രദേശത്തുള്ള ശക്തരായ മുസ്‌ലിംകളെ ഒന്നൊന്നായി ഇല്ലാതാക്കുകയാണ്. 'ജെറുസലേം പോസ്റ്റ്' എന്ന പ്രസിദ്ധീകരണത്തിന്റെ സെപ്തംബർ 2002 ലക്കത്തിൽ ഇസ്രായീൽ പ്രധാനമന്ത്രി ഏരിയൽ ഷാരോൺ പറഞ്ഞത് ശ്രദ്ധേയമാണ്. അടുത്ത 10-13 വർഷത്തിനുള്ളിൽ പത്ത് ലക്ഷം ജൂതന്മാരെ കുടിയിരുത്താനാണ് ഇസ്രായീലിന്റെ പ്ലാനെന്നാണ് ഏരിയൽ ഷാരോ ൺ പറഞ്ഞത്. പശ്ചിമ സോവിയറ്റ് യൂ നിയനിൽ അഭയാർത്ഥികളായി വരാൻ പറ്റിയ പത്ത് ലക്ഷം യഹൂദികളുണ്ടെ ന്നും ഷാരോൺ കൂട്ടിച്ചേർത്തു. യഹൂദികളുടെ ജനസംഖ്യാ ദൗർലഭ്യം പരിഹരിക്കാൻ അന്യസ്ത്രീകളിൽ ജനിക്കുന്ന ജൂത പ്രജകളെ പരിവർത്തനം ചെയ്ത് ജൂതന്മാരാക്കുന്ന പരിപാടിയും തകൃതിയായി ഇസ്രായീലിൽ നടക്കുന്നു.

യഹൂദികൾക്ക് വേണ്ടി നടത്തുന്ന ഈ യുദ്ധത്തിന്റെ സൂത്രധാരകനായ റംസ് ഫെൽഡ് എന്ന ജൂതൻ യൂറോപ്പിനെതിരെ പുച്ഛസ്വരത്തിൽ നടത്തിയ 'ഓൾഡ് യൂറോപ്പ്' എന്ന പ്രയോഗത്തെ ചൊല്ലി യൂറോപ്പിൽ മുഴുവൻ വ്യാപകമായ പ്രതിഷേധം ഇരമ്പുകയാണ്. അവിടത്തെ യുദ്ധവിരുദ്ധറാലികളിൽ 'Come and join old Europe!' (വരിക, പഴയ യൂറോപിൽ അണിചേരുക) എന്ന മുദ്രാവാക്യമാണ് മുഖ്യമായും ഉയരുന്നത്. റംസ്ഫെൽഡിന്റെ 'ഓൾഡ് യൂറോപ്പ്' എന്ന പ്രയോഗത്തിലെ ധ്വനി വ്യക്തമാണ്. ഫ്രാൻസും ജർമ്മനിയും മുഴക്കുന്ന യുദ്ധവിരുദ്ധത ഈ കാലത്തിന്ന് യോജിക്കാത്ത പഴയ സമാധാന വാദമാണെന്നും ഹൈടെക് യുദ്ധോപകരണങ്ങളുള്ള അമേരിക്കയാണ് പുതിയ ലോകത്തിന്റെ വാക്താവെന്നും യൂറോപ്പിന്ന് പുതിയ ലോകത്ത് പ്രവേശിക്കണമെങ്കിൽ അമേരിക്കയുടെ ഈ യുദ്ധനയത്തിന് പിന്നിൽ അണിനിരക്കണമെന്നുമൊക്കെയാണ് ഈ ജൂതന്റെ 'ഓൾഡ് യൂറോപ്' പ്രയോഗത്തിന്റെ ധ്വനി. അതിനേക്കാളുപരി യഹൂദ ജനതയെ നൂറ്റാണ്ടുകളോളം മൃഗീയമായി പീഡിപ്പിച്ച പഴയ യൂറോപ്പിനോടുള്ള പക യഹൂദന്റെ ഗൂഢമനസ്സിൽ നിന്ന് ഒഴിഞ്ഞുപോകാനും തരമില്ല.

രാഷ്ട്രങ്ങളുടെ പരമാധികാരം പരമാവധി കുറച്ച് ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കും മുൻതൂക്കമുള്ള ഒരു ജനങ്ങളുടെ യൂനിയനായിട്ടാണ് യൂറോപ്യൻ യൂനിയനെ അതിന്റെ നേതാക്കൾ വിഭാവനം ചെയ്യുന്നത്. യുദ്ധം എന്നത് അവർക്കിടയിലെന്നല്ല ലോകത്തിൽതന്നെ അചിന്ത്യമാണെന്ന് അവർ കരുതുന്നു. യൂറോപിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് യുദ്ധം പ്രതിബന്ധവുമാണ്. കാരണം സൈനിക ശക്തി എന്നതിനേക്കാൾ സാമ്പത്തിക ശക്തി ആവാനാണ് യൂറോപ്യൻ യൂനിയന്റെ മോഹം. പക്ഷേ, അമേരിക്കയുടെ സൈനികസാമ്രാജ്യത്വം യൂറോപ്പിന്റെ മോഹങ്ങൾക്ക് മുകളിൽ കരിനിഴൽ വീഴ്ത്തുകയാണ്. യൂറോപ്പ്യൻ യൂനിയന്റെ എല്ലാ നയങ്ങളിലും ഈ വിപ്രതിപത്തി പ്രകടമാണ്.

ഏതായാലും ലോകത്ത് അമേരിക്കക്കെതിരെ ഒരു ശക്തമായ ധാര രൂപം കൊള്ളുകയാണ്. അന്യായവും മൃഗീയവുമായ യുദ്ധാവേശവുമായി നിലകൊള്ളുന്ന അമേരിക്കക്കെതിരെയും അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന യഹൂദികൾക്കെതിരെയും യൂറോപ്പിലും ലോ കത്തും അമർഷം നീറിപ്പുകയുകയാണ്. ശീതയുദ്ധകാലത്തെ ശാക്തിക ധ്രുവീകരണത്തെക്കാൾ യുദ്ധോത്സുകമായ തപ്തയുദ്ധ ചേരികളായി അവ സമീപ ഭാവിയിൽ രൂപപ്പെട്ടുകൂടായ്കയില്ല. ഉരുണ്ടുകൂടുന്ന സംഘർഷങ്ങൾ യുദ്ധങ്ങളായും മഹായുദ്ധങ്ങളായും തീരാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ■

---

*370ാം പേജിൽ നിന്ന്*

നമുക്ക് യേശു അധിവസിച്ച ശരീരത്തിലേക്ക് തന്നെ തിരിച്ചുപോകാം ശരീരവുമായി താരതമ്യം ചെയ്യുമ്പോൾ മരണത്തിന്റെ അർത്ഥവും അതേ വീക്ഷണകോണിൽ തന്നെ പുനരുത്ഥാനത്തിന്റെ അർത്ഥവും നമുക്ക് പരിശോധിക്കാം. നമ്മുടെ അറിവനുസരിച്ച് യേശുവിന്റെ ശരീരം അദ്ദേഹത്തിന്റെ പുത്രത്വത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. ഈ ശരീരമല്ലാതെ യേശുവിന്റെ മേലുള്ള ദൈവത്വവുമായി സന്ധിയിലാകുന്ന മറ്റൊരു ഘടകവും അദ്ദേഹത്തിൽ അവശേഷിക്കുന്നില്ല. അതുപോലെ യേശുവിലെ ദൈവത്വവും ആളത്വവും ലയിച്ചുചേർന്ന് ചില നിശ്ചിത സന്ദർഭങ്ങളിൽ വിവിധങ്ങളായ റോളുകളിൽ പ്രവർത്തിക്കുകയുണ്ടായി. ദൗത്യപ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെടുമ്പോൾ വ്യതിരിക്തവും സ്വന്തവുമായ ആത്മാവ് അദ്ദേഹത്തിന് നൽകപ്പെട്ടതായി നാം കാണുന്നു. അതേസമയം അദ്ദേഹം തന്നെ ദൈവത്വം അവകാശപ്പെടുന്നതായും നാം കാണുന്നു. എന്നിട്ട് മനുഷ്യന്റെ ഹൃദയമസ്ത്തിഷ്ക്കങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുന്നു. നാം വീണ്ടും ഊന്നിപ്പറയുന്നതിതാണ്: രണ്ട് വ്യത്യസ്തമായ വ്യക്തിത്വങ്ങൾ ഒരു അസ്തിത്വത്തിൽ ബന്ധിപ്പിക്കപ്പെട്ടാൽ മാത്രമെ ഇത്തരത്തിലൊന്ന് സംഭവിക്കാൻ സാധ്യതയുള്ളൂ. ■

**കുറിപ്പുകൾ**

**മുസാഫിർ**

# മുജാഹിദുകളുടെ ജീസസ് സിൻഡ്രോം

യേശുവിന്റെ ദൈവപുത്രവാദത്തിനുവേണ്ടി ക്രിസ്ത്യാനികൾ 36 ദൈവാത്ഭുത പ്രവർത്തികൾ ബൈബിളിൽ നിന്നും ഉദ്ധരിക്കാറുണ്ട്. യേശു ദൈവപുത്രനാണെന്നതിന്ന് ഇതാണ് അവർ പറയുന്ന തെളിവുകൾ. ഇതിൽ ഏറെക്കുറെ എല്ലാ ഐറ്റത്തിലും മുജാഹിദുകളും വിശ്വസിക്കുന്നു. ചിലപ്പോൾ മുജാഹിദുകളുടെ അന്ധവിശ്വാസം ക്രിസ്ത്യാനികളേക്കാൾ തീവ്രമാണ്. ഇതിനെ നമുക്ക് ജീസസ് സിൻഡ്രോം എന്ന് വിളിക്കാം. സുന്നികളുടെ അന്ധവിശ്വാസങ്ങളെ പുച്ഛിക്കലായിരുന്നു മുജാഹിദുകളുടെ മുഖ്യജിഹാദ്. ഇപ്പോൾ പിന്നെ മടവൂർ ഗ്രൂപ്പിനോടുള്ള ജിഹാദ് കഴിഞ്ഞ് ഒഴിവുസമയങ്ങളിലാണ് സുന്നി ശിർക്കുകളോടുള്ള മറ്റേ ഗ്രൂപ്പിന്റെ യുദ്ധം. ഇതിനിടയിലും യേശുവിനെ സംബന്ധിച്ച അഥവാ ഈസാനബിയെ പറ്റിയുള്ള അമാനുഷികതകളിലുള്ള വിശ്വാസങ്ങളെ തൊട്ടുകളിച്ചാൽ മുജാഹിദ് ധീര മുജാഹിദാവുന്ന അവസ്ഥക്ക് മാറ്റമില്ല. കൂട്ടത്തിൽ ഖാദിയാനികളെ ആക്ഷേപിക്കാനും ചീത്ത വിളിക്കാനും മറക്കാറില്ല.

മുജാഹിദ് പിളർപ്പിന് ശേഷം ഔദ്യോഗിക വിഭാഗത്തിന്റെതായി നാട്ടിൽ പ്രത്യക്ഷപ്പെട്ട ഒരു പുത്തൻ പ്രസിദ്ധീകരണമാണ് 'വിചിന്തനം' അതിൽ 'ജവാബ്' കോളത്തിൽ മുഫക്കിർ ഒരു ചോദ്യത്തിനു നൽകിയ മറുപടിയിലാണ് ഈസാനബി (അ) തൊട്ടിലിൽ കിടന്ന് കൈയും കാലുമിട്ടടിച്ചു കളിക്കേണ്ട സമയത്ത് പൊതുജനങ്ങളെ അഭിസംബോധന ചെയ്ത് പ്രഭാഷണം നടത്തിയെന്ന അത്ഭുത പ്രവർത്തനം കാഴ്ച വെച്ചു എന്ന് സ്ഥാപിച്ചിരിക്കുന്നത്. വിചിന്തനത്തിലെ ചോദ്യം: 'ഈസാനബി (അ) ശിശുവായിരുന്നപ്പോൾ തൊട്ടിലിൽ വെച്ചു സംസാരിച്ചിട്ടില്ലെന്നും ഖുർആനിൽ അക്കാര്യം പറഞ്ഞത് അലങ്കാരിക ഭാഷയിലാണെന്നും ഖാദിയാനികൾ പ്രചരിപ്പിക്കുന്നു. മുഫക്കറിൽ നിന്ന് വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.

–പി മുഹമ്മദ് കരുളായി.

ഉത്തരം: അല്ലാഹു പ്രകടമാക്കിയ ഒരു മുഅ്ജിസത്താണിത്. ഇത് ആലങ്കാരികമല്ല. ഖുർആനിൽ നിന്ന് സംശയരഹിതമായി മനസ്സിലാകുന്ന കാര്യമാണ് ഈസാനബി (അ) തൊട്ടിലിൽ വെച്ച് സംസാരിച്ചു എന്നത്.

"..... തൊട്ടിലിലായിരിക്കുമ്പോഴും മധ്യവയസ്ക്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽപ്പെട്ടവനായിരിക്കും" (വി.ഖുർ: 3:45,46).

".... അപ്പോൾ അവൾ അവന്റെ നേരെ ചൂണ്ടിക്കാണിച്ചു. അവർ പറഞ്ഞു: തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും? അവൻ പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു" (19:29,30).

.... ഇത് ഒരുനിലക്കും ആലങ്കാരികമല്ല യാഥാർത്ഥ്യമാണ്. ഖാദിയാനികൾ പുതിയതായി റിക്രൂട്ട് ചെയ്യുന്ന ആളുകളോട് ആലങ്കാരികം എന്നു പറഞ്ഞു കൊടുക്കുകയല്ലാതെ പ്രസിദ്ധീകരണങ്ങളിൽ ഇങ്ങനെയെഴുതാറില്ല. എഴുതിയാൽ അത് ദുർവ്യാഖ്യാനമാണെന്ന് എളുപ്പത്തിൽ തെളിയിക്കപ്പെടുമെന്ന ഭയംകൊണ്ടാണ് അവരതിന് മുതിരാത്തത്.' (വിചിന്തനം-2003 ഫെബ്രുവരി 14)

മുഫക്കിർ അഹ്മദികളുടെ സാഹിത്യം വായിച്ചിട്ടില്ല. ക്രിസ്ത്യാനികളുടെ യേശുരോഗം പിടിപെട്ട മുഫക്കിറിന് അത് വായിച്ചാൽ മനസ്സിലാകാനും പ്രയാസമാണ്. അദ്ദേഹത്തിന്റെ 'ജവാബി'ൽ മേൽക്കാണിച്ച രണ്ട് ഖുർആൻ വചനങ്ങളാണ് ഈസാനബി തൊട്ടിലിൽവെച്ച് സംസാരിച്ചു എന്നതിന് മുഖ്യമായും ആധാരമാക്കുന്നത്. "വ യുകല്ലിമുന്നാസ ഫിൽമഹ്ദി വ കഹ്‌ലൻ"– തൊട്ടിലിൽ വെച്ചും മധ്യവയസ്കനായിരിക്കുമ്പോഴും ജനങ്ങളോട് സംസാരിക്കും എന്ന ഈ വചനത്തിലെ സുവിശേഷം ആലങ്കാരികാർത്ഥത്തിൽ പുലരേണ്ടതാണെന്ന അഹ്മദികളുടെ വാദമാണ് മുഫക്കിറിന് പറ്റാത്തത്. നന്നെ ചെറുപ്രായത്തിൽത്തന്നെ വളരെയേറെ തത്ത്വജ്ഞാനപരമായി സംസാരിക്കുന്ന ആളായിരുന്നു ഹസ്റത്ത് ഈസ (അ). അത് തൊട്ടിലിൽ വെച്ച് ശിശുവായിരിക്കുമ്പോഴല്ല. കൗമാര-യൗവ്വനത്തിലായിരുന്നു. ബൈബിൾ ഇതിലേക്ക് സൂചന നൽകുന്നു. "അവനു 12 വയസ്സായപ്പോൾ അവർ പതിവുപോലെ പെരുന്നാളിന് (യെരുശലേമിലേക്ക്) പോയി. പെരുന്നാൾ കഴിഞ്ഞു മടങ്ങിയപ്പോൾ ബാലനായ യേശു യെരുശലേമിൽ താമസിച്ചത് അമ്മയപ്പന്മാരറിഞ്ഞില്ല....കാണാതായിട്ട് അവനെ അന്വേഷിച്ചുകൊണ്ട് യെരുശലേമിലേക്ക് മടങ്ങിപ്പോയി. മൂന്നുനാൾ കഴിഞ്ഞശേഷം അവൻ ദേവാലയത്തിൽ

ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതായിട്ടും അവരുടെ ഉപദേശം കേൾക്കുകയും അവരോട് ചോദിക്കുകയും ചെയ്യുന്നതായും കണ്ടു. അവന്റെ വാക്കുകേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരത്തിലും വിസ്മയം തോന്നി'' (ലൂക്കോസ് 2:41-47). തൊട്ടിലിൽ വെച്ച് സംസാരിക്കുമെന്നത് ഈ ചെറുപ്രായത്തെ സൂചിപ്പിക്കാനുള്ള ശൈലീപരമായ അറബി ഭാഷാപ്രയോഗമാണ്. തൊട്ടിലിൽ (മഹ്ദ്) വെച്ചും മധ്യവയസ്കനായിരിക്കുമ്പോഴും (കഹ്ല്) ജനങ്ങളോട് സംസാരിക്കും എന്ന രണ്ടു ഘട്ടങ്ങളെപ്പറ്റി മാത്രമാണ് ഖുർആൻ പറയുന്നത്. അതിനിടക്ക് മറ്റൊരു ഘട്ടം പറയാത്തതുകൊണ്ട് മധ്യവയസ്സാകുന്നതിനുമുമ്പുള്ള തയ്യാറെടുപ്പുകാലം മുഴുവനും മഹ്ദിൽത്തന്നെയുള്ള കാലമായി കണക്കാക്കാവുന്നതാണ്. ശൈലീപരവും യുക്തിപരവുമായ സാധൂകരണം ഇതിനുണ്ട്.

ഇനി മുജാഹിദുകളോട് ചോദിക്കാനുള്ളത് ഈസാനബി (അ) തൊട്ടിലിൽ വെച്ച് തന്നെ അമാനുഷികമായി ജനങ്ങളോട് സംസാരിച്ചു എന്നുതന്നെ വാദത്തിനുവേണ്ടി സമ്മതിച്ചാൽ, തുടർന്നുപറയുന്ന 'മധ്യവയസ്കനായപ്പോൾ' എന്ന ഘട്ടത്തിൽ എങ്ങനെ അദ്ദേഹത്തിന് ജനങ്ങളോട് സംസാരിക്കാനാകും? 33-ാം വയസ്സിൽ ഈസാനബി (അ)യെ ആകാശത്തേക്ക് കുത്തനെ ഉയർത്തിക്കളഞ്ഞു എന്ന് ക്രിസ്ത്യാനികളെപ്പോലെ വിശ്വസിക്കുന്ന മുജാഹിദുകൾക്ക് അദ്ദേഹം മധ്യവയസ്സിലും ജനങ്ങളോട് സംസാരിച്ചു എന്ന വചനം സാക്ഷാൽകൃതമാകണമെങ്കിൽ കൂടെ ജനങ്ങളെയും കൊണ്ടുപോയി എന്നു പറയേണ്ടിവരും. എന്നാലല്ലേ ജനങ്ങളോട് സംസാരിക്കാൻ കഴിയൂ! തൊട്ടിലിൽ വെച്ച് സംസാരിച്ചതിന് ശേഷം മധ്യവയസ്കനായപ്പോഴായിരുന്നുവല്ലോ സംസാരിച്ചത്. അതുകൊണ്ട് സിംഗിൾ ടിക്കറ്റിൽ യുവാവായിരിക്കുമ്പോൾ ആകാശത്ത് എത്തിയ ഈസാനബിക്ക് ശേഷം പത്തോ ഇരുപതോ കൊല്ലങ്ങൾ കഴിഞ്ഞെങ്കിലും ജനങ്ങളെയും അല്ലാഹു കൂട്ടത്തോടെ ആകാശത്തെത്തിച്ചു എന്ന് മുജാഹിദുകൾ തെളിയിച്ചാൽ മതി!! അഹ്മദികൾ മുജാഹിദുകൾക്ക് കീഴടങ്ങണം. പന്ത്രണ്ട് വയസ്സിൽ തത്ത്വജ്ഞാനപരമായി സംസാരിച്ചു എന്ന ബൈബിൾ പ്രയോഗമെങ്കിലും അംഗീകരിച്ചാൽ മുജാഹിദുകൾക്ക് രക്ഷപ്പെടാമായിരുന്നു. ക്രിസ്ത്യാനികളെക്കാൾ മുമ്പിൽ പാഞ്ഞ് യേശുവിന്റെ അത്ഭുതങ്ങൾ വിവരിക്കാൻ പുറപ്പെടുന്ന മുജാഹിദിന്റെ ഗതി ദയനീയം തന്നെ.

തന്നെ ആക്ഷേപിച്ച യഹൂദി മുഖ്യന്മാരോട് മർയംബീവി(റ) തൊട്ടിലിൽ ആയിരുന്ന കുട്ടിയെ ചൂണ്ടിക്കാണിച്ചു എന്നാണല്ലോ ഖുർആൻ പറയുന്നത്. തൊട്ടിലിൽ കിടക്കുന്ന ഈസാ(അ) പറഞ്ഞ മറുപടി കേട്ടാൽ അപ്പോൾ അദ്ദേഹത്തിന് എത്ര വയസ്സുണ്ടായിരുന്നുവെന്ന് ബുദ്ധിയുള്ളവർക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

“കൈഫ നുകല്ലിമു മൻകാനഫിൽ മഹ്ദി സ്വബിയ്യാ”- തൊട്ടിലിൽ ആയിരുന്ന കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും? “കാല ഇന്നീ അബ്ദുല്ലാഹി ആത്താനിയൽ കിതാബ വജഅലനീ നബിയ്യാ”- അദ്ദേഹം (ഈസബ്നുമർയം) പറഞ്ഞു. നിശ്ചയമായും ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. എനിക്കവൻ ഗ്രന്ഥം നൽകുകയും എന്നെ നബിയാക്കുകയും ചെയ്തിരിക്കുന്നു (19:31). എത്ര എളുപ്പത്തിൽ അദ്ദേഹത്തിന്റെ പ്രായം ഈ വചനത്തിൽനിന്നു നമുക്ക് ഗ്രഹിക്കാം. 'എനിക്ക് ഗ്രന്ഥം നൽകി നബിയാക്കിയിരിക്കുന്നു' എന്നാണ് തൊട്ടിലിൽ കിടക്കുന്ന ആൾ പറഞ്ഞതെന്ന് ഖുർആൻ പറയുന്നു. നിറഞ്ഞ യൗവ്വനത്തിൽ അതായത് 30ാം വയസ്സിലാണ് ഈസാനബിക്ക് നുബുവ്വത്ത് കിട്ടിയതെന്നാണ് മുജാഹിദുകളടക്കം മുസ്‌ലിംലോകം വിശ്വസിക്കുന്നത്. അപ്പോൾ തൊട്ടിലിലെ ഈസാനബി(അ)യുടെ പ്രായം എന്തായിരുന്നുവെന്ന് 'വിചിന്തന'ത്തിന് പിടികിട്ടിയിട്ടുണ്ടാകുമെന്ന് കരുതുന്നു. ഇനി അഹ്മദികളെ തോൽപ്പിക്കാൻ ഈസാനബി(അ) ഒരു 'തൊട്ടിൽ നബി' അഥ വാ ഒരു ബേബിപ്രൊഫെറ്റ് ആണെന്ന് മുജാഹിദുകൾ പറയില്ലെന്ന് ആശിക്കാം. ക്രിസ്ത്യാനികളിൽനിന്ന് അവർ ക്കു പകർന്നുകിട്ടിയ ഈ രോഗങ്ങൾക്ക് വിശുദ്ധഖുർആൻതന്നെയാണ് ശമനൗഷധം; മുജാഹിദുകൾ ബുദ്ധിപൂർവ്വം വായിച്ചെങ്കിൽ. അല്ലെങ്കിൽ മുഫക്കിറിന് മുകഫ്ഫിർ (നിഷേധി)യാകേണ്ടിവരും. ■

---

*പേജ് 36ൽ നിന്ന്*

ധികൾ ഘോരമായ ശിക്ഷകൾക്കിരയായി. ഹസ്റത്ത് ലൂത്ത് നബിയുടെ ജനതയിലുണ്ടായ കടുത്ത ഭൂകമ്പത്തെത്തുടർന്ന് ഉപരിതലം കീഴ്മേൽ മറിഞ്ഞുപോയെന്നും, ഭൂമികുലുക്കത്തിന്റെ കാഠിന്യം നിമിത്തം മേൽപ്പോട്ടുയർന്ന കല്ലും മണ്ണും അവരുടെ മേൽ വർഷിക്കപ്പെട്ടുവെന്നും വി.ഖുർആൻ വിവരിച്ചുതരുന്നു. എന്നാൽ ഭൂമിയിൽ മനുഷ്യൻ തനിക്ക് നിശ്ചയിക്കപ്പെട്ട കർത്തവ്യങ്ങൾ തികവാർന്ന രൂപത്തിൽ നിർവ്വഹിക്കുകയാണെങ്കിൽ, ആകാശത്ത് നിന്നുള്ള പിന്തുണയും സഹായവും അവർക്ക് ലഭിക്കുന്നതാണെന്നും വി. ഖുർആൻ ഊന്നിപ്പറയുന്നുണ്ട്. ഒരു ദൈവനിയുക്തന്റെ ആഗമനം ഭൂമിയിലുണ്ടാകുമ്പോൾ അദ്ദേഹത്തിന്റെ സത്യത്തിനുള്ള ദൃഷ്ടാന്തങ്ങൾ വിണ്ണിലും ദൃശ്യമാകാൻ തുടങ്ങുന്നതാണ്. പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ അസാധാരണവും നിരന്തരവുമായ രീതിയിൽ ഉൽക്കാപതനങ്ങൾ (കൊള്ളിമീൻ ) ഭൂമിയിലുണ്ടാകുന്നത് ഇതിന്റെ ഭാഗമാണെന്ന് വാഗ്ദത്ത മസീഹ് (അ) വിവരിക്കുന്നു. (ആയിനയെ കമാലാത്തെ ഇസ്‌ലാം). വാഗ്ദത്ത മഹ്ദി മസീഹിന്റെ സത്യത്തെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ആകാശത്ത് വെളിപ്പെട്ട സൂര്യചന്ദ്രഗ്രഹണങ്ങൾ ഇത്തരുണത്തിൽ സ്മരണീയമാണ്. ചുരുക്കത്തിൽ, ദൃശ്യലോകത്തിന്റെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുന്നവർക്ക് ഈ ലോകം യഥാർത്ഥത്തിൽ അദൃശ്യലോകത്തിന്റെ ഛായാപടം മാത്രമാണെന്ന് കാണാൻ പ്രയാസമുണ്ടാകില്ല. ■

# ഡോ. ബി. മൻസൂർ അഹ്മദ് സാഹിബ് അന്തരിച്ചു



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ സംസ്ഥാന അമീറും സത്യദൂതൻ മാസികയുടെ പബ്ലിഷറും ഫസ്‌ലെ ഉമർ എഡ്യുക്കേഷൻ ബോർഡ് വൈസ് ചെയർമാനും മട്ടന്നൂർ ജമാഅത്ത് പ്രസിഡന്റുമായ ജനാബ് ഡോക്ടർ ബി. മൻസൂർ അഹ്മദ് സാഹിബ് (61) മാർച്ച് നാലാം തിയ്യതി ചൊവ്വാഴ്ച രാവിലെ 7.45ന് മട്ടന്നൂരിൽ ദിവംഗതനായി. (ഇന്നാലില്ലാഹി.....) പതിവു പ്രഭാതസവാരി കഴിഞ്ഞ് മടങ്ങുമ്പോൾ ഹൃദയാഘാതം സംഭവിക്കുകയായിരുന്നു. കൂടെയുണ്ടായിരുന്ന യു. മൻസൂർ അഹ്മദ് സാഹിബ് അദ്ദേഹത്തെ ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും അപ്പോഴേക്കും അന്ത്യം സംഭവിച്ചു കഴിഞ്ഞിരുന്നു.

മട്ടന്നൂരിലെ എം.ഐ.എം ഹോസ്പിറ്റൽ ഉടമയായ അദ്ദേഹം അവിടെത്തന്നെ പ്രാക്ടീസ് നടത്തിവരികയായിരുന്നു. പഴയങ്ങാടിയിലെ പരേതനായ ഹബീബ് മുഹമ്മദ് സാഹിബിന്റെ മകൾ എ.പി. സൈനബിയാണ് ഭാര്യ. മക്കൾ: ഫിറോസ് അഹ്മദ് (ദുബായ്), ഡോ. സദീക്കാ സാജിദ് (എം.ഐ.എം ഹോസ്പിറ്റൽ), ശബാന. മരുമകൻ: ഡോ. സാജിദ് അഹ്മദ്.

കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന് പരേതന്റെ വിയോഗം തീർത്താൽ തീരാത്ത നഷ്ടമാണെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ എ.പി. കുഞ്ഞാമു സാഹിബ് പ്രസ്താവിച്ചു. പരേതന്ന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകട്ടെയെന്ന് അമീർസാഹിബ് പ്രാർത്ഥിച്ചു. എല്ലാ ജമാഅത്തുകളും പരേതന്റെ ജനാസാ ഗായിബ് നമസ്കരിക്കാനും ജമാഅത്തിന് സംഭവിച്ചിരിക്കുന്ന നഷ്ടം പരിഹരിച്ചുകിട്ടുവാൻ സർവ്വശക്തനോട് ദുആ ചെയ്യാനും അമീർ സാഹിബ് അഭ്യർത്ഥിച്ചു.

ജമാഅത്തിന്റെ എല്ലാ സാമ്പത്തിക സംരംഭങ്ങളിലും നിർലോഭം ധനസഹായം ചെയ്തിരുന്ന അദ്ദേഹം പള്ളികൾ നിർമ്മിക്കുന്നതിന് വളരെയേറെ താൽപര്യം പ്രകടിപ്പിച്ചിരുന്നു. മട്ടന്നൂരിൽ അദ്ദേഹം നിർമ്മിക്കുന്ന പള്ളിയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കെയാണ് അദ്ദേഹത്തിന്റെ വിയോഗം സംഭവിച്ചത്. ഫസ്‌ലെ ഉമർ ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ സ്ഥിതിചെയ്യുന്ന കൂടാളിയിലെ വിശാലമായ ഭൂമി പരേതന്റെ സംഭാവനയാണ്. പരിശുദ്ധ ഹജ്ജ് കർമ്മം നിർവ്വഹിച്ചിട്ടുള്ള ഡോക്ടർ സാഹിബ് ജമാഅത്തിന്റെ അന്തർദേശീയ സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ ഇംഗ്ലണ്ട്, സ്പെയിൻ, ജർമ്മനി, ശ്രീലങ്ക, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. കൊടിയത്തൂരിലെ മുബാഹല നടക്കുമ്പോൾ പരേതനായിരുന്ന സംസ്ഥാന അമീർ. അമീർ എന്ന നിലക്ക് സത്യദൂതന്റെ പബ്ലിഷറായിരുന്ന അദ്ദേഹം പുതിയ അമീറായി എ.പി. കുഞ്ഞാമുസാഹിബ് നിയമിതനായിട്ടും ആ സ്ഥാനത്ത് സേവനം തുടരുകയായിരുന്നു. ജമാഅത്തിന്റെ എല്ലാ പ്രവർത്തനരംഗങ്ങളിലും നിറഞ്ഞുനിന്ന ഡോക്ടറുടെ നിര്യാണം കേരളത്തിലെ എല്ലാ ജമാഅത്തുകളെയും ദുഃഖത്തിലാഴ്ത്തുകയുണ്ടായി. കേരളത്തിലെ ജമാഅത്തുകളിൽനിന്ന് മരണവാർത്ത കേട്ടവരെല്ലാം പിറ്റേന്ന് വാഹനബന്ദ് ആയിരുന്നിട്ടുകൂടി മട്ടന്നൂരിലേക്ക് ഒഴുകിയെത്തി. നാട്ടുകാരടക്കം ഖബറടക്കത്തിന് വമ്പിച്ച ജനാവലി സന്നിഹിതരായിരുന്നു. ■



*ബുക്ക്ഫെയറിലെ ഏറ്റവും നല്ല ജനറൽ സ്റ്റാളിനുള്ള സമ്മാനം എറണാകുളം സർക്കിൾ ഇൻചാർജ്ജ് മൗലവി ശഫീഖ് അഹ്മദ് മന്ത്രി നാലകത്ത് സൂപ്പിയിൽ നിന്ന് ഏറ്റുവാങ്ങുന്നു.*

## അന്താരാഷ്ട്ര പുസ്തകമേള കോട്ടയം 2003

ജനുവരി 30 മുതൽ ഫെബ്രുവരി 8 വരെ കോട്ടയം തിരുനക്കര മൈതാനിയിൽ നടന്ന ബുക്ക്ഫെറിലെ അഹ്മദിയ്യാ സ്റ്റാൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെയധികം വിജയപ്രദമായി. ജനറൽ വിഭാഗത്തിൽ മികച്ച സ്റ്റാളിനുള്ള പുരസ്കാരം ഈ വർഷം നമുക്ക് ലഭ്യമായി. വിദ്യാഭ്യാസമന്ത്രിക്ക് ജമാഅത്തിന്റെ സാഹിത്യങ്ങൾ നൽകി. മേഖലക്ക് അകത്തും പുറത്തുമുള്ള മുഅല്ലിംകളുടെയും സഹോദരന്മാരുടെയും സേവനങ്ങൾ സ്തുത്യർഹമായിരുന്നു.

ശഫീഖ് അഹ്മദ്, (സർക്കിൾ ഇൻചാർജ്)
എറണാകുളം